
# താമരമൊട്ടുകൾ

വാല്യം 24 | ഫെബ്രുവരി 2022 | ലക്കം 02 | Price ₹ 20




## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 23 താമരമൊട്ടുകൾ ഫെബ്രുവരി 2022 ലക്കം 02

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"സമയം പൂർത്തിയായി,
ദൈവരാജ്യം സമീപിച്ചിരിക്കുന്നു.
അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ"
(മർക്കോസ്. 1:15)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 75 |
| 2. | ഫെബ്രുവരി 2022 | 80 |
| 3. | സർക്കുലർ | 81 |
| 4. | ഇടയലേഖനം *1/2022* | 85 |
| 5. | സർക്കുലർ 02/2022 | 88 |
| 6. | സർക്കുലർ | 90 |
| 7. | സർക്കുലർ | 197 |
| 8. | രോഗീദിന സന്ദേശം | 100 |
| 9. | ലോകസമാധാന ദിന സന്ദേശം | 106 |
| 10. | സർക്കുലർ | 114 |
| 11. | സർക്കുലർ | 118 |
| 12. | കച്ചേരിക്കാര്യം | 121 |
| 13. | **Decree** | 124 |
| 14. | വിശ്വാസപരിശീലനം | 125 |
| 15. | ചെറുപുഷ്പ മിഷൻലീഗ് | 129 |
| 16. | തിരുബാലസഖ്യം | 132 |
| 17. | ലിറ്റർജി കമ്മീഷൻ | 132 |
| 18. | വിദ്യാഭ്യാസരംഗം | 133 |
| 19. | സ്റ്റാർട്ട് | 134 |
| 20. | അൽഫോൻസ കോളേജ് തിരുവമ്പാടി | 135 |
| 21. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 138 |
| 22. | ആൽഫ മരിയ അക്കാദമി | 139 |
| 23. | കെ.സി.വൈ.എം | 140 |
| 24. | ഇൻഫാം | 144 |
| 25. | കുടുംബ പ്രേഷിതത്വം | 145 |
| 26. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 145 |
| 27. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 147 |
| 28. | കരിസ്മാറ്റിക് മൂവ്മെന്റ് | 148 |
| 29. | ബഥാനിയ ധ്യാനകേന്ദ്രം | 149 |
| 30. | വികസനവേദി | 151 |
| 31. | മലബാർ ലേബർ മൂവ്മെന്റ് | 152 |
| 32. | ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി | 153 |
| 33. | യേശുനിധി | 154 |
| 34. | അജപാലനക്കുറിപ്പുകൾ | 155 |

# Birth Day Greetings

Rev. Fathers

Rev. Fathers

| | |
|---|---|
| Vellaramkalayil George | 1 |
| Muttathukudiyil Dominic | 8 |
| Pulayamparambil Thomas | 11 |
| Chennickara Antony | 12 |
| Palakkattu Joseph | 13 |
| Varakil Antony | 13 |
| Nedumala Zacharias | 14 |
| Pulichamakkal Joseph | 16 |
| Cherupillattu Varkey | 17 |
| Kizhakkekunnel Simon | 17 |
| Kalarickal Thomas | 19 |
| Pazhukunnel Johnson | 19 |
| Kizhakkarakatt Augustine (Sr) | 19 |
| Chuvappunkal Thomas | 24 |
| Aranjaniolickal Joseph (Sr) | 25 |
| Pottananickal Ephrem | 25 |
| Thalachirakuzhi Kurian | 25 |
| Mattakottil Mathew | 27 |
| Kizhakkarakatt Sudeep | 27 |
| Vamattathil Augustine | 27 |

**Mar Remigiose Inchananiyil**

തലശ്ശേരി അതിരൂപതയുടെ നിയുക്ത ആർച്ച് ബിഷപ്പ്

## മാർ ജോസഫ് പാംപ്ലാനി പിതാവിന്




പാലക്കാട് രൂപതയുടെ നിയുക്ത മെത്രാൻ
മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്
താമരശ്ശേരി രൂപതയുടെ



താമരശ്ശേരി രൂപതയുടെ നവവൈദികർക്ക്
അഭിനന്ദനങ്ങളും പ്രാർത്ഥനകളും..
ഫാ. പീറ്റർ പുതർമണ്ണിൽ
പാതിരിക്കോട്, 27-12-2021
ഫാ. ജോർജ്ജ് പുരയിടത്തിൽ
പുല്ലൂരാംപാറ, 28-12-2021
ഫാ. അഗസ്റ്റിൻ തുറവയ്ക്കൽ
കുളത്തുവയൽ, 29-12-2021
ഫാ. ജോർജ്ജ് നരിവേലിൽ
തോട്ടുമുക്കം, 30-12-2021
ഫാ. ജോസഫ് പുത്തൻപുരക്കൽ
കാക്കവയൽ, 31-12-2021
ഫാ. തോമസ് പുലയംപറമ്പിൽ
കോടഞ്ചേരി, 01-01-2022



ബഹു. കുര്യൻ തലച്ചിറക്കുഴി അച്ചൻ നിർമ്മാണം പൂർത്തീകരിച്ച്, താമരശ്ശേരി രൂപതയ്ക്ക് കൈമാറിയ താമരശ്ശേരി, പുല്ലാഞ്ഞിമേട്ടിലുള്ള ഒയേസിസ് സീനിയർ കെയർ-ഹോം 2022 ജനുവരി 3ന് അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ കൂദാശ ചെയ്തപ്പോൾ...

## പ്രോഗ്രം – ഫെബ്രുവരി 2022

| | | |
|---|---|---|
| 02 | ബുധൻ | പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ |
| 04 | വെള്ളി | വി. ജോൺ ബ്രിട്ടോ |
| 05 | ശനി | ഗ്രീക്ക് സഭാപിതാക്കന്മാർ |
| 11 | വെള്ളി | **ലൂർദ് മാതാവ്**, രോഗീദിനം, |
| | | **ചരമദിനം: ഫാ. പോൾ കളപ്പുര (1998)** |
| 13 | ഞായർ | തിരുബാലസഖ്യദിനം |
| 24 | വ്യാഴം | **ചരമദിനം: ഫാ. മാത്യു മുതിരചിന്തിയിൽ (2011)** |
| 25 | വെള്ളി | **വാ. സി. റാണി മരിയ** |
| 27 | ഞായർ | വലിയ നോമ്പ് ആരംഭം, പേത്തുർത്ത |
| 28 | തിങ്കൾ | വിഭൂതി, ഉപവാസദിനം |



# 2022 ഫെബ്രുവരി 13
# തിരുബാലസഖ്യദിനം

**കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ 179 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യംവച്ച് ആഗോള കത്തോലിക്കാ സഭ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് 1843-ൽ തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും, 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് ഭാരതസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. തിരുബാല സഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

## സിനഡും കുട്ടികളും

ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച 2023 ഒക്ടോബറിലെ മെത്രാന്മാരുടെ സിനഡിന്റെ ഒരുക്കപ്രക്രിയ വളരെ വിപുലമായ രീതിയിൽ നടക്കുന്ന ദിനങ്ങളാണിത്. "സിനഡാത്മകസഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം" എന്ന മുഖ്യവിഷയത്തെ ആസ്പദമാക്കി ഓരോ പ്രാദേശികസഭയും കൂടിയാലോചനകൾ നടത്തുന്ന ഈ അവസരത്തിൽ ഈ സിനഡൽ പ്രക്രിയയിൽ കുട്ടികളുടെ മൂല്യവും പങ്കും തിരിച്ചറിയേണ്ടതും അംഗീകരിക്കേണ്ടതുമാണ്.

സിനഡാത്മകപ്രക്രിയയിൽ പങ്കുകാരാകാൻ ജ്ഞാനസ്നാനം സ്വീകരിച്ച സകലരെയും പാപ്പ ക്ഷണിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച മുഴുവൻ ദൈവജനത്തെയും ശ്രവിച്ചുകൊണ്ടുള്ള കൂടിയാലോചന നടത്തുകയെന്നതാണ് രൂപതാതലത്തിന്റെ ഉദ്ദേശ്യം. പുറന്തള്ളപ്പെടാൻ സാധ്യതയുള്ളവരായവരെ - സ്ത്രീകൾ, ഭിന്നശേഷിക്കാർ, അഭയാർത്ഥികൾ, കുടിയേറ്റക്കാർ, പ്രായമേറിയവർ, ദാരിദ്ര്യത്തിൽ ജീവിക്കുന്നവർ, അപൂർവ്വമായി മാത്രമോ നാമമാത്രമായോ വിശ്വാസജീവിതമുള്ള കത്തോലിക്കർ തുടങ്ങിയവരെ - പങ്കെടുപ്പിക്കാൻ പ്രത്യേകശ്രദ്ധ പുലർത്തണം എന്നും കുട്ടികളെയും യുവ

ജനങ്ങളെയും പങ്കെടുപ്പിക്കുന്നതിന് സർഗാത്മകമായ വഴികൾ കണ്ടെത്തണം എന്നും സിനഡിന്റെ ആമുഖരേഖയിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്.

ഒരുമിച്ച് സഞ്ചരിക്കാനുള്ള ക്ഷണമായിട്ടാണ് സിനഡാത്മക പ്രക്രിയ അവതരിപ്പിക്കപ്പെടുന്നത്. പരസ്പരം ശ്രവിക്കലും വിവേചിച്ചറിയലും പങ്കാളിത്തവുമാണ് ഇതിന്റെ മുഖമുദ്ര. സിനഡൽ പ്രക്രിയയുടെ രീതി പരസ്പരം ശ്രവിക്കുക എന്നതാണെങ്കിൽ, അതിന്റെ ലക്ഷ്യം ദൈവികസ്വരം തിരിച്ചറിയുകയാണ്; അതിനുള്ള മാർഗ്ഗം എല്ലാവരുടെയും പങ്കാളിത്തമാണ്. വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചപ്പാടുകളുമുള്ളവരെ ശ്രവിക്കുമ്പോഴാണ് നമ്മുടെ ചിന്തകൾക്കും തീരുമാനങ്ങൾക്കും ആഴവും വിശാലതയും കൈവരുക. എല്ലാത്തരത്തിലുമുള്ളവരുടെ പങ്കാളിത്തത്തിന്റെ പ്രാധാന്യമാണിത് സൂചിപ്പിക്കുന്നത്. ഒരുപക്ഷേ നമ്മൾ നിസ്സാരരെന്ന് കരുതുന്നവരിലൂടെയാകും ദൈവം നമ്മോട് സംസാരിക്കുക. ഇവിടെയാണ് കുട്ടികളുടെയും യുവാക്കളുടെയും പ്രാധാന്യം.

പരസ്പരം ഉള്ളുതുറന്ന് സംസാരിച്ചും ശ്രവിച്ചും ഒരുമിച്ച് മുന്നോട്ടുപോകുന്നതിലൂടെയാണ് ഒരു സിനഡൽ അനുഭവം നമുക്ക് ലഭിക്കുക. ഇത് നമ്മുടെ കുടുംബങ്ങളിൽ ആദ്യം നടക്കണം. കുട്ടികൾക്ക് ധൈര്യത്തോടും സ്വാതന്ത്ര്യത്തോടും സംസാരിക്കാൻ അവസരം കൊടുക്കുകയും അവരെ എളിമയോടെ ശ്രവിക്കാൻ മുതിർന്നവർ തയ്യാറാവുകയും വേണം. മുൻവിധികളില്ലാതെ അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാനും നമുക്ക് കഴിയണം. അതുപോലെതന്നെ കുട്ടികളും തങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ശ്രവിക്കുവാൻ ഔദാര്യം കാണിക്കണം. കുട്ടികൾ എന്ന നിലയിൽ നല്കുന്ന പരിഗണനകളും പ്രത്യേക സ്വാതന്ത്ര്യവും ദുരുപയോഗിക്കുവാൻ പാടുള്ളതല്ല. നമ്മുടെ മാതാപിതാക്കളെയോ കുടുംബാംഗങ്ങളെയോ മുൾമുനയിൽ നിർത്തുന്ന ഒന്നും ദൈവപൈതലിന് ചേരാത്തതാണ്. ഇന്നലെകളിൽ കണ്ടുമുട്ടിയ ചിലരുടെ പ്രലോഭനങ്ങൾക്ക് വഴങ്ങി മാതാപിതാക്കളെ തള്ളിപ്പറയുന്ന അവസ്ഥ ഏറെ സങ്കടകരമാണ്. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിന് ചെറിയ ചെറിയ ദൗത്യങ്ങൾ കുട്ടികളെ ഏല്പിച്ച് അവരെ പങ്കാളിത്തമനോഭാവത്തിൽ വളർത്തണം. അങ്ങനെ ത്യാഗപൂർണമായ മനസ്സോടെ മറ്റുള്ളവരിലേക്ക് ശുശ്രൂഷയ്ക്കായി ഇറങ്ങിച്ചെല്ലാനുള്ള പ്രേഷിതമനോഭാവം അവരിൽ വളർത്താൻ കഴിയും.

### ദൈവവിളി പ്രോത്സാഹനം

ഈ കൊറോണക്കാലത്ത് ദൈവവിളി പ്രോത്സാഹനത്തിനുള്ള സാധാരണ മാർഗ്ഗങ്ങളായ ദൈവവിളി ക്യാമ്പുകളും ഗൃഹസന്ദർശനവും നടത്താൻ ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് മാതാപിതാക്കളും മതാദ്ധ്യാപകരും സാധിക്കുന്ന രീതിയിൽ ദൈവവിളി പ്രോത്സാഹനത്തിന് മുന്നിട്ടിറങ്ങണമെന്ന്

അഭ്യർത്ഥിക്കുന്നു. ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെര ഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. പൗരോഹിത്യത്തിലേക്കും സന്ന്യാസത്തി ലേക്കുമുള്ള കുട്ടികളുടെ ആഭിമുഖ്യങ്ങളെ തിരിച്ചറിയുകയും ആവശ്യമായ പ്രോത്സാഹനം നല്കി ദൈവപദ്ധതിക്ക് കീഴ്പ്പെടുന്നതാണ് അനുഗ്രഹം. "കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ; അവരെ തട യരുത്" എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം. "ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ," എന്ന ചോദ്യം മുതിർന്നവർ തിരിച്ചറിയാതെ പോകരുത്.

## തിരുബാലസഖ്യത്തിന്റെ പ്രാധാന്യം

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തു ന്നതാണ് ഇന്നത്തെ സാമൂഹ്യസാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥ നയ്ക്കും സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽപോലും ഉല ച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും ഈ മഹാമാരിക്കാലത്തെ പ്രത്യേക സാഹചര്യങ്ങളും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാ സരൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരു സഭയെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസപൗരോഹി ത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറ യ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തല ത്തിൽ, നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീല നവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികൾ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തി ക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹി ക്കുന്ന പങ്ക് വളരെ വലുതാണ്.

"കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ. കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണ ത്തിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥ രുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണത്തിൽ കുട്ടികളെ ദൈവമക്ക ളായി വളർത്തുവാൻ തിരുബാലസഖ്യം പ്രവർത്തിക്കുന്നു. നമ്മുടെ ഇടവക യിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യ

ത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായിത്തീരണമെന്നാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യ പ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്ന് നിൽക്കുവാൻ പ്രേരിപ്പിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറ്റേണ്ട ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. അനുദിനം ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശരത്വവും ലഹരിയും വളരുന്ന ഈ കാലഘട്ടത്തിൽ സഹവർത്തിത്ത്വത്തിന്റെ പാതയിലൂടെ ചരിക്കാനും വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും കുട്ടികളെ നമുക്ക് സഹായിക്കാം.

പ്രിയ മക്കളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞങ്ങൾ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി,

**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ്**

ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുംതോട്ടം**

വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**

വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

NB: 2022 ഫെബ്രുവരി 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

*ഇടയലേഖനം 1/2022*

# നോമ്പുകാലം

**കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ തന്റെ രൂപതയിലെ വൈദി കർക്കും സന്യാസിനീസന്യാസികൾക്കും ദൈവജനത്തിനുമായി എഴുതുന്നത്.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

2022 ഫെബ്രുവരി 27-ാം തിയ്യതി മുതൽ വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഉപവാസവും പ്രാർത്ഥനയും അനുതാപവും ദാനധർമ്മങ്ങളും പരിത്യാഗപ്രവൃത്തികളും വഴി പാപത്തേയും പാപപ്രവണതകളെയും തിന്മയുടെ സ്വാധീന ങ്ങളെയും അകറ്റി ജീവിതവിശുദ്ധിയിലൂടെ ഈശോയുടെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുവാൻ തിരുസ്സഭാ മാതാവ് നമ്മെ ഓരോരുത്തരെയും ക്ഷണിക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ "അത് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും അറിയുന്നതിനും, അവന്റെ സഹനത്തിൽ പങ്കുചേരുന്നതിനും അവന്റെ മരണത്തോടു താദാത്മ്യപ്പെടുന്നതിനും വേണ്ടിയാണ്. അങ്ങനെ മരിച്ചവരിൽ നിന്നുള്ള ഉയിർപ്പ് പ്രാപിക്കാമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു." (ഫിലിപ്പി. 3: 10-11). പാപത്തിന് മരിച്ച് ഉത്ഥിതനായ ക്രിസ്തുവിന്റെ നവജീവിതത്തിൽ ഭാഗഭാഗിത്വം ലഭിക്കുവാൻ തീഷ്ണമായി ആഗ്രഹിക്കേണ്ട കാലമാണ് നോമ്പുകാലം. പാപത്തേയും പാപ സാഹചര്യങ്ങളെയും സാത്താനേയും അവന്റെ ആഡംബരങ്ങളെയും ഉപേക്ഷിക്കുവാനും, ഈശോമിശിഹായെ ജീവിതത്തിന്റെ നാഥനും രക്ഷകനുമായി സ്വീകരിക്കുവാനും മാമ്മോദീസയിൽ നമ്മൾ എടുത്ത പ്രതിജ്ഞയെ ബോധപൂർവ്വം നവീകരിക്കുവാനുമുള്ള അവസരമാണ് നോമ്പുകാലം.

ഈയവസരത്തിൽ, നോമ്പുകാലത്തിലെ ഓരോ ഞായറാഴ്ച യിലും നമുക്ക് ധ്യാനിക്കുവാൻ നൽകിയിരിക്കുന്ന ദൈവവചന ത്തിലൂടെ കടന്നു പോകുവാൻ ഞാൻ ആഗ്രഹിക്കുന്നു. നോമ്പാചരണത്തിലൂടെ നമുക്ക് ലഭിക്കുന്ന ആത്മീയ ഉണർവ്വും വചനധ്യാനത്തിലൂടെ ലഭിക്കുന്ന ദൈവീകശക്തിയും മനസിലാക്കു വാൻ അതിലൂടെ സാധിക്കും. ദിനരാത്രങ്ങൾ പ്രാർത്ഥിച്ചും ഉപവസിച്ചും വിവിധ പ്രലോഭനങ്ങളെ പരാജയപ്പെടുത്തിയ ഈശോമിശിഹാ തന്നെയാണ് നമ്മുടെ മാതൃക. സാത്താൻ ഒരിക്കലും പിന്മാറുകയില്ലെന്നും നിതാന്ത ജാഗ്രതയിലൂടെയും ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും വചനത്തിലൂടെയും ശക്തി പ്രാപിച്ച് അവനെ പരാജയപ്പെടുത്തണ മെന്നും അങ്ങനെ "ഈ ലോകത്തിന്റെ തിന്മയുടെ ദുരാത്മാക്കൾ ക്കെതിരെ" (എഫേ. 6:12) നിരന്തരമായ പോരാട്ടം നടത്തണമെന്നും, നോമ്പുകാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

രണ്ടാമത്തെ ആഴ്ചയിൽ സക്കേവൂസിന്റെ മാനസാന്തരം (ലൂക്ക.19:1-10) ധ്യാനവിഷയമാക്കുമ്പോൾ ബാഹ്യമായ ആചാരാനു ഷ്ഠാനങ്ങളിലൂടെ ആർജ്ജിച്ചെടുക്കപ്പെടേണ്ട, ആന്തരികമായ നവീകരണത്തെ വചനം നമുക്ക് കാണിച്ചുതരുന്നു. ക്രിസ്തുദർശനം അനുഭവിച്ചവർ എഫേസോസ് 4:22ൽ പറയുന്നതുപോലെ "പഴയ ജീവിത രീതിയിൽനിന്ന് രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തിക ളാൽ കലുഷിതനായ പഴയ മനുഷ്യനെ ദൂരെയെറിയണം. മനസ്സിന്റെ ചൈതന്യത്തിൽ നവീകരിക്കപ്പെടണം". മൂന്നാം ആഴ്ചയിലെ വചന വിചിന്തനം, ധർമ്മദാനത്തിന്റെയും, പ്രാർത്ഥനയുടെയും, ഉപവാസ ത്തിന്റെയും നാളുകളാണ് നോമ്പുകാലം എന്ന് തിരുസ്സഭാ മാതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു (മത്താ. 6:1-8). നമ്മുടെ ഭക്ഷണമേശകൾ കൂടുതൽ ദരിദ്രമാക്കണം. ദാനത്തിന്റെയും ത്യാഗത്തിന്റെയും പരസ്നേഹത്തിന്റെയും പ്രാഭവത്തിലേക്ക് നാം വളരണം. "ആത്മാവേ, അനേകം വർഷത്തേക്ക് വേണ്ട വിഭവങ്ങൾ നിനക്കായി സംഭരിക്കപ്പെട്ടിരിക്കുന്നു" (ലൂക്ക. 12:19) എന്ന മനോഭാവത്തിൽ നിന്ന് മാറി, ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ദൈവത്തിലേ ക്കും സഹോദരങ്ങളിലേക്കും തിരിഞ്ഞ് സാഹോദര്യത്തിന്റെ പങ്കുവെയ്ക്കലിൽ സംതൃപ്തി അടയണം.

മത്തായിയുടെ സുവിശേഷം 5-ാം അധ്യായം 27 മുതൽ 32 വരെയുള്ള വചനമാണ് നാലാമത്തെ ആഴ്ചയിൽ നാം ധ്യാനിക്കുന്നത്. വിശ്വസ്തയുടെയും വിശുദ്ധിയുടെയും ജീവിതമാണ് നാം നയിക്കേണ്ടതെന്നും വ്യക്തിജീവിതത്തിലും സമൂഹജീവിത ത്തിലും കുടുംബജീവിതത്തിലും നാം എടുത്തിട്ടുള്ള വാഗ്ദാനങ്ങൾ അനുസരിച്ച് ജീവിക്കണമെന്നും നോമ്പുകാലം നമ്മെ ഓർമ്മിപ്പി ക്കുന്നു. ശരീര വിശുദ്ധിയില്ലാതെ ആത്മാവിൽ വിശുദ്ധി പ്രാപിക്കാനാ വില്ലെന്നും ഹൃദയ വിശുദ്ധിയില്ലാതെ ശരീരത്തെയും മനസ്സിനെയും നിർമ്മലമായി കാത്തുസൂക്ഷിക്കാനാവില്ലെന്നും ഈശോ പഠിപ്പി ക്കുന്നു.

നോമ്പുകാലം ദൈവകാരുണ്യത്തെക്കുറിച്ചും ധ്യാനിക്കേണ്ട അവസരമാണ്. ഏത് പാപിയ്ക്കും ഒരു ഭാവിയുണ്ടെന്നും പാപത്തിന്റെ ഫലമായി ദൈവസന്നിധിയിൽ നിന്ന് നാം എന്നന്നേയ്ക്കുമായി തിരസ്കൃതരാകുന്നില്ലെന്നും വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അനുതപിച്ച് തിരികെവരുന്ന ഏതൊരാളെയും മാറോട് ചേർക്കുന്ന ദൈവപിതാവിന്റെ അളവില്ലാത്ത സ്നേഹമാണ് അഞ്ചാമത്തെ ആഴ്ചയിൽ യോഹന്നാൻ 8-ാം അദ്ധ്യായം 1 മുതൽ 11 വരെ നാം ധ്യാനിക്കുന്നത്. "നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ" (യോഹ. 8:7) എന്ന് പറഞ്ഞ ഈശോ, "ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക; ഇനിമേൽ പാപം ചെയ്യരുത്" എന്ന് വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളോട് പറയുന്നത് ദൈവത്തിന്റെ കാരുണ്യത്തിന്റെ അളവ് മനസ്സിലാക്കുവാൻ നമ്മെ സഹായിക്കും.


നോമ്പ് സഹനത്തിന്റെ കാലമാണ്. (മർക്കോ. 8:31-9:1) ഉത്ഥാനത്തിന്റെ അനുഭവം സ്വന്തമാക്കണമെങ്കിൽ പീഡാസഹന ത്തിന്റെയും കുരിശിന്റെയും വഴിയിലൂടെ യാത്ര ചെയ്യണം. ഈശോയെ അനുഗമിക്കുന്ന നമ്മൾ ഈ നോമ്പുകാലത്ത് കുരിശിന്റെ വഴി ധ്യാനിക്കണം.

ഇപ്രകാരം പ്രലോഭനങ്ങളെ അതിജീവിച്ച് മാനസാന്തരത്തിന്റെ വഴിയിലൂടെ ഉപവാസത്തിന്റെയും പ്രാർത്ഥനകളുടെയും ദാന ധർമ്മത്തിന്റെയും ചൈതന്യത്തിൽ ജീവിത വിശുദ്ധിയിൽ വളർന്ന് പ്രത്യാശയോടെ സഹനങ്ങളേറ്റു വാങ്ങി പീഡാനുഭവ വാരത്തിലേക്ക് പ്രവേശിക്കുവാൻ നമുക്ക് സാധിക്കട്ടെ. ഈ കോവിഡ്കാലം നമുക്ക് സഹനത്തിന്റെ കാലമാണെങ്കിലും എല്ലാ പ്രതിസന്ധി കളെയും അതിജീവിച്ച് മുന്നോട്ട് പോകുവാൻ ദൈവം നമ്മെ അനുവദിക്കുന്നു. വചനത്തിലൂടെ നിരന്തരം നമ്മോട് സംസാരിക്കുന്ന ദൈവത്തെ ശ്രവിച്ചുകൊണ്ട് മാമ്മോദീസായിൽ നമ്മൾ ആരംഭിച്ച വിശ്വാസ തീർത്ഥാടനം നിത്യതയെ ലക്ഷ്യമാക്കി പൂർത്തിയാക്കുവാൻ നമുക്ക് പരിശ്രമിക്കാം.

അനുദിനം വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്തും സാധിക്കുന്ന ദിവസങ്ങളിൽ ഉപവസിച്ചും മത്സ്യ മാംസാദികൾ വർജ്ജിച്ചും, തീഷ്ണതയോടെ കുടുംബപ്രാർത്ഥനകളിൽ പങ്കെടുത്തും, കുരിശിന്റെ വഴി, ജപമാല, കരുണയുടെ ജപമാല എന്നീ ഭക്തകൃത്യങ്ങളിൽ സജീവമായി പങ്കുചേർന്നും, പാവങ്ങളോട് കരുണ കാണിച്ചും, ശത്രുക്കളോട് ക്ഷമിച്ചും, അനുരഞ്ജനപ്പെട്ടും, അയൽപക്ക ബന്ധങ്ങൾ സുദൃഢമാക്കിയും, കുമ്പസാരമെന്ന കൂദാശയിലൂടെ ജീവിത നവീകരണം നടത്തിയും നോമ്പുകാലം ഫലദായകമാക്കാൻ നമുക്ക് പരിശ്രമിക്കാം. നോമ്പിന്റെ പ്രാധാന്യം കുഞ്ഞുങ്ങളെയും യുവജനങ്ങളെയും പരിശീലിപ്പിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെ നവീകരിക്കപ്പെട്ട ഒരു വിശ്വാസ സമൂഹമായി നമ്മൾ രൂപാന്തരപ്പെടട്ടെ. പരിശുദ്ധ അമ്മയുടെയും വിശുദ്ധ യൗസേപ്പിതാവിന്റെയും നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെയും നമ്മുടെ രൂപതയുടെ മധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥ്യം നമ്മെ സഹായിക്കട്ടെ.

നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചും പ്രാർത്ഥിച്ചും സാത്താനെ പരാജയപ്പെടുത്തിയ നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപയും + മനുഷ്യ വംശത്തെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുവാൻ സ്വപുത്രനെ നല്കി രക്ഷാകര കർമ്മം പൂർത്തിയാക്കിയ പരമ പിതാവിന്റെ സ്നേഹവും + അനുദിനം മാനസാന്തരത്തിലേക്കും ജീവിത നവീകരണത്തിലേ ക്കും നമ്മെ നയിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോട് കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ ഇടയലേഖനം ഫെബ്രുവരി 20 ഞായറാഴ്ച എല്ലാ പള്ളികളിലും വിശുദ്ധ കുർബ്ബാന അർപ്പിക്കുന്ന സ്ഥാപനങ്ങളിലും വായിക്കുകയും ഇടവക വാട്സാപ്പ് ഗ്രൂപ്പുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്.*

*സർക്കുലർ 02/2022*

# KCYM -SMYM

പ്രിയമുള്ളവരെ,

കേരളകത്തോലിക്ക സഭയുടെ ഔദ്യോഗികയുവജന സംഘടനയായ കെസിവൈഎം (കേരള കാത്തലിക് യൂത്ത് മൂവ്മെന്റ്) താമരശ്ശേരി രൂപതയുടെയും ഔദ്യോഗിക യുവജന സംഘടനയായി മൂന്ന് പതിറ്റാണ്ടോളമായി പ്രവർത്തിച്ചുവരികയാണ്. കെ.സി.വൈ.എം. എന്നത് കേരളത്തിലെ മൂന്ന് റീത്തുകളെ (ലാറ്റിൻ, സീറോമലങ്കര, സീറോമലബാർ) ഉൾക്കൊള്ളുന്ന സഭാസംവിധാനമായാണ് പ്രവർത്തിച്ചുവരുന്നത്. അതോടൊപ്പം മേൽപ്പറഞ്ഞ മൂന്ന് റീത്തുകളിലും വ്യക്തിഗതമായ യുവജനസംഘടനകൾ പ്രവർത്തിച്ചുവരുന്നുമുണ്ട്. ലാറ്റിൻ സഭയിൽ എൽ സി വൈ എം (ലാറ്റിൻ കാത്തലിക് യൂത്ത് മൂവ്മെന്റ്), മലങ്കര സഭയിൽ എംസിവൈഎം (മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്), സീറോമലബാർ സഭയിൽ എസ്എംവൈഎം (സീറോമലബാർ യൂത്ത് മൂവ്മെന്റ്) എന്നിവയാണവ.


35 രൂപതകളും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനുമുള്ള സീറോമലബാർ സഭയുടെ 13 രൂപതകൾ മാത്രമാണ് കേരളത്തിൽ ഉള്ളത്. ആഗോളതലത്തിൽ സീറോമലബാർ സഭയിലെ യുവജനങ്ങൾ ഒന്നിച്ചു പ്രവർത്തിക്കുന്നതിനായി സീറോമലബാർ സഭയുടേതായി സ്ഥാപിക്കപ്പെട്ടിട്ടുള്ള എസ്.എം.വൈ.എം. യുവജന സംഘടന ആഗോളതലത്തിൽ സീറോമലബാർ സഭ നിലവിലുള്ള എല്ലാ രൂപതകളിലും ഔദ്യോഗിക പ്രാബ്യലത്തോടെ കഴിഞ്ഞ 5 വർഷത്തോളമായി പ്രവർത്തിച്ച്വരികയാണ്.

സീറോ മലബാർ രൂപതകൾക്ക് കീഴിലെ യുവജന സംഘടനകൾ 2022 ഓടെ എസ്.എം.വൈ.എം. എന്ന പേര് സ്വീകരിക്കണമെന്ന നിർദ്ദേശം ഏതാനും വർഷങ്ങൾക്ക് മുമ്പ് സിനഡ് പിതാക്കന്മാർ മുന്നോട്ട്വച്ചിരുന്നു. 2021 ഡിസംബർ മാസം 26 ന് താമരശ്ശേരി രൂപതാഭവൻ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന വാർഷികസെനറ്റ് സമ്മേളനത്തിൽ ഇത് സംബന്ധിച്ച് നടന്ന കാര്യങ്ങൾ ഔദ്യോഗികമായി അംഗീകരിച്ചതു പ്രകാരം കെസിവൈഎം എന്ന പേരിനൊപ്പം എസ്എംവൈഎം എന്ന പേരുംകൂടി രൂപതയിലെ യുവജന പ്രസ്ഥാനത്തിന് നൽകാൻ തീരുമാനിച്ചിരിക്കുന്നു. അതനുസരിച്ച് താമരശ്ശേരി രൂപതയിലെ യുവജന പ്രസ്ഥാനം **കെസിവൈഎം - എസ്എംവൈഎം** എന്ന പേരിലായിരിക്കും അറിയപ്പെടുക. സീറോ മലബാർ സഭാസമൂഹവുമായി ബന്ധപ്പെട്ട കാലികമായ

വിഷയങ്ങളിലും സർക്കാർ ആനുകൂല്യങ്ങൾ സംബന്ധിച്ചും ശക്തമായ ഇടപെടലുകൾ നടത്തേണ്ടതിനും സിറോമലബാർ സഭയുടെ തനതായമൂല്യങ്ങളും പാരമ്പര്യങ്ങളും വളർത്തുന്നതിനും വ്യക്തിസഭയുടെ യുവ ജന കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനും ഈ പുനർനാമകരണത്തിലൂടെ കൂടുത ലായി ഉദ്ദേശിക്കുന്നു.

കേരളത്തിലെ കത്തോലിക്ക രൂപതകളിൽ ഏറ്റവും ശ്ലാഘനീയമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിൽ താമരശ്ശേരി രൂപതാ യുവജനപ്രസ്ഥാനം ഒന്നാം സ്ഥാനത്താണ് എന്നതിൽ നാം അഭിമാനിക്കുന്നു. നമ്മുടെ യുവജന പ്ര സ്ഥാനത്തിന് നേതൃത്വം നൽകുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. ആനുകാ ലിക പ്രശ്നങ്ങളിൽ ശക്തമായി ഇടപെട്ടുകൊണ്ടും യുവജനങ്ങൾക്ക് ആത്മീ യവും ഭൗതീകവുമായ ഉൾക്കാഴ്ചകൾ നൽകിക്കൊണ്ടും മുന്നേറുന്ന യുവജന പ്രസ്ഥാനത്തിന് എല്ലാവരുടെയും ആത്മാർത്ഥമായ പിന്തുണയും സഹകരണവും ഞാൻ അഭ്യർത്ഥിക്കുന്നു. യുവജനങ്ങളുടെ പ്രവർത്തനങ്ങൾ ഫലദായകമാകു ന്നതിനായി നമുക്ക് ഒന്ന് ചേർന്ന് പ്രാർത്ഥിക്കാം പ്രവർത്തിക്കാം. രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മ നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവ്വം



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലറിലെ ആശയങ്ങൾ ദൈവജനത്തെ അറിയിക്കേണ്ടതാണ്.*



# സിനഡ് അനന്തര സർക്കുലർ

**സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പതാമത്സിനഡിന്റെ ആദ്യസമ്മേളനം 2022 ജനുവരി 7 മുതൽ 15 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. കോവിഡ് പ്രതിസന്ധികൾമൂലം രണ്ടുവർഷമായി ഓൺലൈനിൽ മാത്രം സാധ്യമായിരുന്ന സിനഡു സമ്മേളനംനേരിട്ടു നടത്താൻ അവസരമൊരുക്കിയ ദൈവപരിപാലനയ്ക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. പ്രതിസന്ധികൾക്കു നടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടുനയിക്കുന്ന കർത്താവിന്റെകരുണയ്ക്കു മുന്നിൽ പ്രാർത്ഥനാപൂർവ്വം കൃതജ്ഞതയർപ്പിച്ചുകൊണ്ടണ്ടാണ് പിതാക്കന്മാർ സിനഡുസമ്മേളനത്തിലേക്ക് പ്രവേശിച്ചത്. പ്രാർത്ഥനയും പരിത്യാഗവും വഴി സിനഡിന്റെവിജയത്തിനുവേണ്ടണ്ടി പരിശ്രമിച്ച എല്ലാ വിശ്വാസികളോടും സിനഡുപിതാക്കന്മാർക്കുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാർവ്വത്രിക സഭയൊന്നാകെകൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചു പഠനം നടത്തി 2023-ലെ സിനഡിനുവേണ്ടി ഒരുങ്ങുകയാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെചിന്തകളെ ആധാരമാക്കിയാണ് നമ്മുടെ സിനഡിലെ ചർച്ചകളും പുരോഗമിച്ചത്.

### മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ1950-ാം വാർഷികം

നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുകയാണല്ലോ. 2022 ജൂലൈ 3-ാം തിയതിയിലെദുക്റാന തിരുനാളിനോട് അനുബന്ധിച്ച് ഈ വാർഷികം സമുചിതമായി കൊണ്ടാടാൻ സിനഡ് എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു. മാർത്തോമ്മാശ്ലീഹായിൽനിന്നു ലഭിച്ച വിശ്വാസചൈതന്യമാണ് നമ്മുടെ സഭയുടെ കരുത്ത്. 1923-ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായതിന്റെ നൂറാം വർഷത്തിലേക്കു നാം പ്രവേശിക്കുകയുമാണ്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഇരുപതുനൂറ്റാണ്ടുകളായി

ഈ ശ്ലൈഹിക പാരമ്പര്യം അനുസ്യൂതം തുടരാൻ അനുഗ്രഹം തന്ന ദൈവത്തിനു നമുക്കു നന്ദി പറയാം. ഭാരതത്തിലെ ക്രൈസ്തവവിശ്വാസികളും അവരുടെസ്ഥാപനങ്ങളും ഏറ്റവുമധികം അക്രമങ്ങൾക്ക് ഇരയായ വർഷംകൂടിയാണിത്. സത്യവിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെപ്പോലെ വിശ്വാസത്തിനുവേണ്ടി പീഡനങ്ങൾ സഹിക്കുന്ന എല്ലാ ദൈവമക്കളെയും സിനഡുപിതാക്കൻമാർ പ്രാർത്ഥനാപൂർവ്വം ഓർമിക്കുന്നു. ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ബന്ധപ്പെട്ട അധികാരികളുടെസത്വരമായ ഇടപെടൽ ഉണ്ടാകണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

### രക്തസാക്ഷി വാഴ്ത്തപ്പെട്ട ദേവസഹായംപിള്ള

ഭാരതത്തിൽ നിന്നുള്ള ആദ്യ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2022 മെയ് 15-ന് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുകയാണ്. പ്രതിസന്ധി ഘട്ടങ്ങളിൽ വിശ്വാസവഴികളിൽ പതറാതെ സാക്ഷ്യം നല്കുന്നതിനുള്ള സജീവ മാതൃകയാണ് ഈ പുണ്യാത്മാവ്. ഒരു വിശുദ്ധനെക്കൂടി നല്കി ഭാരത സഭയെ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ കരുണയെ നമുക്കു വാഴ്ത്താം.

### പ്രേഷിത പ്രവർത്തനം

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സഭയുടെ പ്രേഷിതചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണ്ണാവസരമാണ്. സ്വഭാവത്താൽതന്നെ മിഷനറിയായ സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം ഈശോയിലൂടെ കരഗതമായ രക്ഷയുടെസന്ദേശം സകലമനുഷ്യരെയും അറിയിക്കുക എന്നതാണ്. പ്രതികൂല സാഹചര്യങ്ങളിലും ജീവൻ പണയപ്പെടുത്തി മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന നമ്മുടെ മിഷനറിമാർ സഭയുടെ അഭിമാനമാണ്. അവരിലൂടെയാണ് രക്ഷയുടെസന്ദേശം ലോകത്തിന്റെ അതിരുകളോളം പരിശുദ്ധാത്മാവ് എത്തിക്കുന്നത്. അതിനാൽ സെമിനാരി പരിശീലനത്തിന്റെ ആരംഭം മുതൽ പ്രേഷിതാഭിമുഖ്യം വളർത്താനുള്ളകർമപദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. രാഷ്ട്രഭാഷയായ ഹിന്ദി നമ്മുടെ സെമിനാരികളിൽ ഇനിമേൽ അനിവാര്യമായ പഠനവിഷയമായിരിക്കും. ഈശോ ഏകരക്ഷകനാണ് എന്ന സത്യത്തിന്റെപ്രഘോഷണവും ജീവിത സാക്ഷ്യവുമാണു പ്രേഷിതപ്രവർത്തനം. പ്രേഷിതമേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന വിവിധ അല്മായ പ്രസ്ഥാനങ്ങളെ സഭ ആദരവോടെ വീക്ഷിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾക്ക് സഭയുടെ മുഴുവൻ പിന്തുണയും വാഗ്ദാനം ചെയ്യുകയാണ്.

ഇതര മതവിശ്വാസികളുമായി ഹൃദയൈക്യത്തിൽ കഴിയുന്നതും സാഹോദര്യത്തിന്റെസ്നേഹസമൂഹം സൃഷ്ടിക്കുന്നതും ഫലപ്രദമായ പ്രേഷിതപ്രവർത്തന

മായാണ് സഭ വിലയിരുത്തുന്നത്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന വർഗീയത യുടെ അന്ധകാരത്തെ അകറ്റാൻ എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളാക യാൽനാമെല്ലാം സഹോദരങ്ങളാണ് എന്ന സുവിശേഷസത്യമാണ് നിരന്തരം പ്രഘോഷിക്കേണ്ടത്. ലോകം നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കുമുള്ള ഉത്തരം ഈശോയുടെസുവിശേഷമാണെന്ന ബോധ്യമാണു നമ്മുടെ പ്രേഷിതചൈത ന്യത്തിന്റെ അടിസ്ഥാനം. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്ന മനത്തിനുവേണ്ടി അദ്ധ്വാനിക്കുമ്പോഴും വിദ്യാഭ്യാസ, ആതുരസേവന, ജീവകാ രുണ്യ മേഖലകളിൽ കർമനിരതരാകുമ്പോഴും സഭയെ നയിക്കുന്നത്സു വിശേഷത്തോടുള്ള പ്രതിബദ്ധതയാണ്. മാമ്മോദീസാ സ്വീകരിച്ച എല്ലാവർക്കും പ്രേഷിതരാകാനുള്ള കടമയുണ്ട് എന്ന ബോധ്യത്തോടെ നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽസജീവ പങ്കാളികളാകാം.

### കോവിഡ് പ്രതിസന്ധി

കഴിഞ്ഞ രണ്ടു വർഷങ്ങളായി ആഗോളതലത്തിൽ കോവിഡ് മഹാമാരി വി തച്ച ദുരന്തഫലങ്ങളെ നാം നേരിടുകയാണല്ലോ. ഒമിക്രോൺ വകഭേദത്തിന്റെ ഭീഷണിയായി കോവിഡ് വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ദൈവ പരിപാലനയിൽ അടിയുറച്ചു വിശ്വസിച്ചും സർക്കാർ ഏജൻസികൾ നല്കുന്ന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചും പ്രതിസന്ധിയുടെ ഈ കാലഘട്ടത്തെ നാം അതിജീവിക്കണം. കോവിഡ്കാലത്ത് വിശ്വാസാനുഷ്ഠാനങ്ങൾ ഓൺലൈനി ലായി പരിമിതപ്പെട്ട സാഹചര്യം നമുക്കുണ്ടായിരുന്നു. പ്രതിസന്ധിഘട്ടം തര ണം ചെയ്യുന്നതിനനുസരിച്ച്, കൂദാശാകർമങ്ങളിൽ നേരിട്ടു പങ്കുചേരുന്ന പതി വു ശൈലിയിലേക്കു നാം തിരിച്ചു വരണം. കോവിഡ് മഹാമാരി മൂലം പ്രതി സന്ധിയിലകപ്പെട്ട നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ്മൂലം ആരുടെയും ജീവിതം വഴിമുട്ടാതിരിക്കാൻ ഇടവ കകളിൽ അജപാലകർ പ്രത്യേകം ശ്രദ്ധ വയ്ക്കണം. വിശ്വാസവും സ്നേഹവും പ്രത്യാശയും വഴി നമുക്ക് മഹാമാരിയുടെ ഈ നാളുകളെ അതിജീവിക്കാം.

### കസ്തൂരിരംഗൻ റിപ്പോർട്ടും കർഷകരുടെ ആശങ്കയും

മലയോര മേഖലയിലെ കർഷകരെ വർഷങ്ങളായി ആശങ്കയുടെ മുൾമുന യിൽ നിർത്തുന്ന കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെസത്വര ശ്രദ്ധ പതിയണമെന്ന്സിനഡ് ബ ന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കുയാണ്. പരിസ്ഥിതിയെ ഏറ്റവും കരുതലോടെ സംരക്ഷിക്കുന്ന മലയോര കർഷകർക്കെതിരായ മുൻവിധിയോടെയാണ് പല പഠന റിപ്പോർട്ടുകളും പുറത്തുവരുന്നത് എന്നതുദുഃഖകരമാണ്. പരിസ്ഥിതി സം രക്ഷണത്തെ സഭ എക്കാലവും സുവിശേഷമൂല്യമായിട്ടാണു കരുതിയിട്ടുള്ളത്. കർഷകരുടെ ആശങ്കകൾ പരിഹരിക്കാനാവശ്യമായ വിശദമായ പഠന റിപ്പോർ

ട്ടും നിർദ്ദേശങ്ങളുമായി ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെയും ബഹു. കേരളാ മുഖ്യമന്ത്രിയെയും കേരളത്തിലെ പിതാക്കൻമാരും മറ്റു വിദഗ്ധരുമട ങ്ങിയ സമിതി സന്ദർശിച്ച് ചർച്ചകൾ നടത്തിയിരുന്നു. സംരക്ഷിതവനങ്ങളും ലോകപൈതൃക കേന്ദ്രങ്ങളും മാത്രം പരിസ്ഥിതി സംവേദക പ്രദേശമായി (ESA) പ്രഖ്യാപിക്കുക, കർഷകന്റെ ഉപജീവനമാർഗമായ കൃഷിഭൂമിയോ, ചതുരശ്ര കിലോമീറ്ററിൽ 100 ആളുകളിൽ കൂടുതൽ അധിവസിക്കുന്ന ഭൂപ്രദേശങ്ങൾ ESA പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക എന്നിവയാണു കർഷകരുടെ മുഖ്യ ആവ ശ്യങ്ങൾ. കേരള സർക്കാർ 2018-ൽ സമർപ്പിച്ച പരിസ്ഥിതി സംവേദക പ്രദേശ ങ്ങളുടെ പട്ടിക അശാസ്ത്രീയവും കർഷക വിരുദ്ധവുമാണ്. അന്തിമ വിജ്ഞാപ നം പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാർ ആറുമാസം കൂടി സാവകാശം നൽ കിയിട്ടുള്ളതിനാൽ കേരള സർക്കാർ കർഷകരുമായി കൂടിയാലോചിച്ച് പരിസ്ഥി തി സംവേദക പ്രദേശങ്ങളുടെ പരിഷ്കരിച്ച മാപ്പ് എത്രയും വേഗത്തിൽ തയ്യാ റാക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കണം.

### ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ

പൊതുവേ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുൻനിരയിലുള്ള ഒരു സമൂഹമായിട്ടാണ് കേരളത്തിലെ സീറോമലബാർ സമൂ ഹം കരുതപ്പെട്ടിരുന്നത്. എന്നാൽ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന് റിപ്പോർ ട്ട് സമർപ്പിക്കുന്നതിനായി നാം നടത്തിയ ശാസ്ത്രീയ പഠനങ്ങളും സ്ഥിതിവിവ രകണക്കുകളും നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ സമുദായത്തിന്റെ അംഗസംഖ്യ ക്രമാതീതമായി കുറഞ്ഞുവരുന്നു എന്നത് ആശങ്കാജനകമാണ്. മു ൻനിരയിലുണ്ടായിരുന്ന എല്ലാകാര്യങ്ങളിലും നാം പിന്നാക്കം പോയിരിക്കുക യാണ്. നമ്മുടെ സമുദായത്തിലെ നല്ലൊരു ശതമാനം ആളുകളും പരിമിതമായ സൗകര്യങ്ങളുള്ള ഭവനങ്ങളിലാണ് വസിക്കുന്നത്. 40 ശതമാനത്തിലേറെ കുടും ബങ്ങൾക്ക് 10 സെന്റിൽ താഴെ ഭൂമി മാത്രമാണുള്ളത്. ശേഷിക്കുന്നവരിൽ 30 ശ തമാനത്തിനും 50 സെന്റിൽ താഴെ മാത്രം ഭൂമിയാണുള്ളത്. നമ്മുടെ സമുദായ ത്തിലെ 34 ശതമാനം കുടുംബങ്ങളും ഇതരസമുദായങ്ങളോട് ചേർന്ന് വനാതി ർത്തി പങ്കിടുന്നവരോ വന്യമൃഗശല്യം അനുഭവിക്കുന്നവരോ ആണ്. കാർഷിക മേഖലയിൽ തുടർച്ചയായുണ്ടായ തകർച്ച നമ്മുടെ സമുദായത്തിന്റെ സാമ്പത്തി ക സ്ഥിതിയെ പരിതാപകരമാക്കി. സർക്കാർ ജോലികളിലുള്ള നമ്മുടെ സമുദാ യത്തിന്റെ പ്രാതിനിധ്യവും വളരെ പരിമിതമാണ്. നമ്മുടെ സമുദായത്തിലെ 45 ശതമാനത്തിലേറെ കുടുംബങ്ങൾ കടക്കെണിയിലാണ്. കേരളത്തിൽ തൊഴിലി ല്ലായ്മ ഏറ്റവും കൂടിയ സമുദായമായി നാം മാറിക്കൊണ്ടിരിക്കുന്നു. കേരളത്തി നു വെളിയിലുള്ള രൂപതകളിൽ ഇത്തരം ശാസ്ത്രീയ സർവേകൾ നടത്താനാഗ്ര ഹിക്കുന്നവർക്ക് അതിനുള്ള സൗകര്യങ്ങൾ സഭാതലത്തിൽ നല്കുന്നതാണ്.

സമുദായത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ചുകൊണ്ടുള്ള സത്വരമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. എല്ലാരംഗങ്ങളിലും പിന്നാക്കം പോയിരിക്കുന്ന നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കുതിരിച്ചു കൊണ്ടുവരാനുള്ള കർമപദ്ധതികൾ ഇടവക, രൂപത അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇതിനാവശ്യമായ കർമപദ്ധതികൾ വിദഗ്ധരുമായി കൂടിയാലോചിച്ച് ആവിഷ്കരിക്കാൻ സഭയുടെ പൊതുകാര്യങ്ങൾക്കായുള്ള സമിതിയെ (Public Affairs Commission) ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം

2021 ആഗസ്റ്റ്മാസത്തിൽ ചേർന്ന സീറോമലബാർ സഭയുടെസിനഡ്, പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയുടെയും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെയും നിർദ്ദേശാനുസരണം ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം സഭയിലൊന്നാകെ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. 2021 നവംബർ 28 മംഗളവാർത്താക്കാലത്തിലെ ആദ്യ ഞായറാഴ്ച മുതൽ നടപ്പിലാക്കാൻ എടുത്ത ഈ തീരുമാനം സഭയിലെ 35 രൂപതകളിൽ 34 എണ്ണത്തിലും ഇതിനോടകം പൊതുവേ നടപ്പിലായി എന്നത് ഏറെ സന്തോഷകരമാണ്. സഭയെ ഒന്നാകെ കൂട്ടായ്മയിലേക്കു നയിക്കുന്ന ദൈവത്തിന്റെ അനന്തകാരുണ്യത്തിന് നമുക്ക് നന്ദി പറയാം. വർഷങ്ങളായി ശീലിച്ചുപോന്ന വിശുദ്ധ കുർബാനയർപ്പണരീതിയിൽ മാറ്റം വരുത്താൻ വ്യക്തിപരമായ ബുദ്ധിമുട്ടുകൾ പലതുമുണ്ടായിട്ടും സഭയുടെ പൊതുനന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ആത്മാർത്ഥമായി സഹകരിച്ച എല്ലാ വൈദികരെയും സന്യസ്തരെയും വിശ്വാസികളെയും സിനഡുപിതാക്കന്മാർ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിൽ വർഷങ്ങളായി തുടർന്നുപോരുന്ന ജനാഭിമുഖ കുർബാനയർപ്പണ രീതിയിൽ മാറ്റം വരുത്താനുള്ള വൈമുഖ്യം സഭയുടെ അച്ചടക്കത്തിനു നിരക്കാത്ത രീതികളിലൂടെ പലവേദികളിലും അതിരൂപതയുടെ ചില പ്രതിനിധികൾ പ്രകടമാക്കുന്നതിൽ സിനഡുപിതാക്കന്മാർക്കു ദുഃഖമുണ്ട്. സഭയുടെ കൂട്ടായ്മയെയും പൊതുനന്മയെയും കരുതി അനുരഞ്ജനത്തിന്റെപാത സ്വീകരിച്ച മറ്റു രൂപതകളുടെ മാതൃകയാണ് അനുകരണാർഹമായിട്ടുള്ളത്. ഏകീകൃത രീതിയിലുള്ള ബലിയർപ്പണം എന്ന സിനഡു തീരുമാനത്തിൽ നിന്ന് കാനൻ 1538 പ്രകാരമുള്ള ഒഴിവ്ആവശ്യപ്പെട്ടുകൊണ്ട് ശ്ലൈഹിക സിംഹാസനത്തെ എറണാകുളം-അങ്കമാലി അതിരൂപതയിലെ മേജർ ആർച്ചുബിഷപ്പിന്റെ മെത്രാപ്പോലീത്തൻ വികാരിയുടെ നേതൃത്വത്തിലുള്ള സംഘം സമീപിച്ചിരുന്നു. പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ നിന്നും ലഭിച്ച കത്തിന്റെവെളിച്ചത്തിൽ, അതിരൂപതയ്ക്കു മുഴുവനുമായി മെത്രാപ്പോലീത്തൻ

വികാരി കാനൻ 1538 പ്രകാരം 2021 നവംബർ 27-ന് നല്കിയ ഒഴിവ് കാനോനികമായി നിലനിൽക്കുകയില്ലെന്നും അതിനാൽ പ്രസ്തുത നടപടി തിരുത്തണമെന്നും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫക്ട് കർദിനാൾ ലെയനാർദോ സാന്ദ്രി 2021 ഡിസംബർ 7-നും 2022 ജനുവരി 7-നും നൽകിയ കത്തുകളിലൂടെ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്ലൈഹിക സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം സിനഡ് അംഗീകരിച്ചിട്ടുള്ള വിശുദ്ധ കുർബാനയർപ്പണ രീതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതിയ സർക്കുലർ 2022 ജനുവരി 23 ഞായറാഴ്ച പുറപ്പെടുവിക്കുമെന്ന് എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരി സിനഡിനെ അറിയിച്ചിട്ടുണ്ട്. ശ്ലൈഹിക സിംഹാസനത്തിന്റെ തീരുമാനങ്ങൾ അനുസരണയോടെ സ്വീകരിച്ച് നടപ്പിലാക്കുന്നത് കത്തോലിക്കാ പാരമ്പര്യത്തിന്റെ അനിവാര്യതയാണ്. പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമമനുസരിച്ച് ആരാധനാക്രമപരമായ വിഷയങ്ങളിൽ സഭാ സിനഡിന്റെ തീരുമാനത്തിനു വിരുദ്ധമായ തീരുമാനമെടുക്കാൻ വ്യക്തികൾക്കോ രൂപതകൾക്കോ അവകാശമില്ല എന്ന യാഥാർത്ഥ്യം (CCEO 150 § 2) ഇത്തരുണത്തിൽ സ്മരണീയമാണ്. അനാവശ്യമായ നിർബന്ധ ബുദ്ധികൾ ഉപേക്ഷിച്ച് ശ്ലൈഹിക സിംഹാസനവും സഭാ സിനഡും നിർദ്ദേശിച്ചപ്രകാരം ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കാൻ എല്ലാ വൈദികരോടും സന്യസ്തരോടും ദൈവജനത്തോടും സിനഡുപിതാക്കൻമാർ സ്നേഹപൂർവ്വം ആവശ്യപ്പെടുകയാണ്. നമ്മുടെ സഭയുടെ നന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ഇപ്രകാരമുള്ള അനുരഞ്ജനത്തിന് എല്ലാവരും തയ്യാറാകുമെന്ന് സിനഡ് പ്രത്യാശിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ ഉറവിടമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ അഭിപ്രായാന്തരം തെരുവുകലാപമാക്കി മാറ്റാൻ ശ്രമിക്കുന്ന സഭാവിരുദ്ധ ശക്തികളുടെ കെണിയിൽ വീഴാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. സീറോമലബാർസഭയിലെ മെത്രാൻമാർ എവിടെ വിശുദ്ധ കുർബാന അർപ്പിച്ചാലും അത് സിനഡ് നിർദ്ദേശിച്ച ക്രമത്തിലായിരിക്കണമെന്നുള്ള തീരുമാനം കൃത്യമായി നടപ്പിലാക്കണമെന്നും അതിന് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട വികാരിയച്ചന്മാർ ദൈവാലയങ്ങളിൽ ഒരുക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

സഭയെന്നത് മാനുഷികമായ സംവിധാനം മാത്രമല്ലെന്നും മിശിഹായുടെ മൗതികശരീരമാണെന്നും നാം ഓർമിക്കണം. സഭാ സിനഡിന്റെ തീരുമാനങ്ങളിലൂടെ പരിശുദ്ധാത്മാവിന്റെ ഹിതം വെളിപ്പെടുന്നു എന്നതാണു നമ്മുടെ വിശ്വാസം. സഭയുടെ ഐക്യത്തെ ലക്ഷ്യമാക്കി സിനഡ് എടുത്ത തീരുമാനം ബഹുഭൂരിഭാഗം രൂപതകളിലും സ്വീകരിക്കപ്പെട്ടു എന്നത് പ്രസ്തുത തീരുമാനത്തിനു പിന്നിലെ ദൈവഹിതമാണു വെളിപ്പെടുത്തുന്നത്. ഏകീകൃത കുർബാനയർപ്പ

ണരീതി നടപ്പിലായാൽ ജപമാലയുൾപ്പെടെയുള്ള ഭക്താഭ്യാസങ്ങൾ നിർത്തലാക്കുമെന്നും തിരുസ്വരൂപങ്ങളും നൊവേനകളും തിരുനാളാഘോഷങ്ങളും നിരോധിക്കുമെന്നുമുള്ള അടിസ്ഥാനരഹിതമായ വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

### നിയമനങ്ങൾ

തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അവിടെ സഹായമെത്രാനായി ശുശ്രൂഷ ചെയ്യുന്ന മാർ ജോസഫ് പാംപ്ലാനിയെ സിനഡ് തെരഞ്ഞെടുത്തു. മാതൃകാപരമായ രീതിയിൽ നാളിതുവരെ തലശ്ശേരി അതിരൂപതയെ നയിച്ച അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ടു പിതാവിന്റെ മഹത്തായ സേവനങ്ങളെ സിനഡ് ആദരവോടെ അനുസ്മരിക്കുന്നു. കാൽനൂറ്റാണ്ടുകാലമായി പാലക്കാട് രൂപതയെ അഭിമാനകരമായി നയിച്ചുകൊണ്ടിരുന്ന ബിഷപ് മാർ ജേക്കബ് മനത്തോടത്ത് വിരമിക്കുന്ന ഒഴിവിലേക്ക് പ്രസ്തുത രൂപതയുടെസഹായ മെത്രാനായി സേവനം ചെയ്യുന്ന മാർ പീറ്റർ കൊച്ചുപുരക്കലിനെ സിനഡു തെരഞ്ഞെടുത്തു. ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന പിതാക്കന്മാർക്കും പുതിയ ശുശ്രൂഷാ പദവികളിലേക്ക് നിയുക്തരായിരിക്കുന്ന പിതാക്കന്മാർക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

### അംഗീകാരം

തലശ്ശേരി അതിരൂപതാംഗവും ബൈബിൾ പണ്ഡിതനും കേരള സഭയിൽ ബൈബിളിനെ ജനകീയമാക്കാൻ അർപ്പണ മനോഭാവത്തോടെ അധ്വാനിക്കുകയും ചെയ്ത ഫാ. മൈക്കിൾ കാരിമറ്റത്തിന് സഭയുടെ മല്പാൻ പദവി നൽകി ആദരിക്കാൻ സിനഡു തീരുമാനിച്ചു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമാ ശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെകൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട്സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022-ാം ആണ്ട് ജനുവരി മാസം 15-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2022 ജനുവരി 30-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസ ഭവനങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേവായിക്കേണ്ടതാണ്.

# 2022 ജനുവരി 15 കർഷകദിനം

**കെ.സി.ബി.സി. ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ രാജ്യത്തെ ജനസംഖ്യയുടെ ഭൂരിപക്ഷം വരുന്ന കർഷകരും, അവരുടെ ജീവിതം തന്നെയായ കാർഷിക മേഖലയും, സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ അനുദിനം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും, പ്രകൃതി ക്ഷോഭങ്ങളും, വന്യമൃഗ വ്യവഹാരങ്ങളുമൊക്കെയായി പ്രകൃതിതന്നെ നൽകുന്ന ആപത്സൂചനകൾ ഒട്ടും ശുഭകരമല്ല. അതോടൊപ്പം രാജ്യത്തെ കർഷകരെ മുഴുവൻ ആശങ്കയിലാഴ്ത്തുന്നതായിരുന്നു 2020 സെപ്റ്റംബറിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ കാർഷിക നിയമങ്ങൾ. കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുക, തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽപ്പനയ്ക്കെത്തിക്കാൻ കർഷകനെ പ്രാപ്തരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഇത് നടപ്പാക്കിയതെങ്കിലും, കാർഷികോൽപ്പന്നങ്ങൾക്ക് മിനിമം താങ്ങുവില ഉറപ്പുവരുത്താൻ ഇതിലൂടെ സാധിച്ചിരുന്നില്ല. ഇതിനെത്തുടർന്ന് ആരംഭിച്ച കർഷകപ്രതിഷേധത്തിന്റെ ഭാഗമായി കഴിഞ്ഞ ജനുവരി 15 'കിസാൻ അധികാർ ദിവസ്' അഥവാ 'കർഷക അവകാശ ദിന'മായി പ്രഖ്യാപിച്ചിരുന്നു. ഏകദേശം ഒരു വർഷത്തോളം നീണ്ട സമരഫലമായി കർഷകരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രസ്തുത നിയമങ്ങൾ പിൻവലിച്ച സർക്കാർ നടപടി കർഷകരെ സംബന്ധിച്ച് ശുഭസൂചനയാണ്.

കർഷക സഹോദരങ്ങൾക്ക് വേണ്ടി എന്നും ഉറച്ച നിലപാടെടുക്കാൻ സഭയെ പ്രേരിപ്പിക്കുന്നത് പ്രകൃതിയുടെ മഹത്വത്തെയും, ജീവസന്ധാരണത്തിൽ കാർഷികവൃത്തിയുടെ പ്രാധാന്യത്തെയും കുറിച്ച് സഭയ്ക്കുള്ള ദൈവശാസ്ത്രപരമായ കാഴ്ചപ്പാടാണ്. 'സൂക്ഷ്മതയോടെ മെനയുകയും സൃഷ്ടിക്കുകയും ഉരുവാക്കുകയും അറിയുകയും കാണുകയും ചെയ്യുന്ന' സൃഷ്ടാവിനെ പ്രകീർത്തിക്കുന്ന സങ്കീർത്തനമാണ് 139. സഭാപിതാവായ വി. ആഗസ്തീനോസ് 'ഉൽപത്തിയുടെ വാച്യാർത്ഥം' (De Genesi ad litteram) എന്ന ഗ്രന്ഥത്തിൽ സൃഷ്ടിയെ അതിന്റെ ശ്രേഷ്ഠതയിലും വൈവിധ്യത്തിലും വിവരിക്കുന്നുണ്ട്. പ്രപഞ്ചത്തിലെ ആദ്യ കർഷകനായി പിതാവായ ദൈവത്തെ തന്നെയാണ് വിശുദ്ധ ഗ്രന്ഥം വരച്ചുകാണിക്കുന്നത്. തന്റെ മനസ്സിലുള്ള വർണ്ണശബളമായ സ്വപ്നങ്ങളെ സൃഷ്ടികർമ്മത്തിലൂടെ പ്രപഞ്ചമാകുന്ന കൃഷിയിടത്തിൽ ആദ്യവിത്തുകളായി വിതച്ച് അവ മുളപൊട്ടുന്നത് കണ്ട് സന്തോഷിക്കുന്ന സർവ്വോദാരനായ കർഷകൻ. ആ ഒരു പശ്ചാത്തലം മനസ്സിൽ സൂക്ഷിക്കുന്ന യഹൂദരോടാണ് ഈശോ വിതക്കാരന്റെ ഉപമ പറഞ്ഞതും, പിതാവായ കൃഷിക്കാരനിൽ നിന്ന് താൻ കണ്ട

റിഞ്ഞ സ്വർഗ്ഗീയ രഹസ്യങ്ങൾ മണ്ണിന്റെയും മരത്തിന്റെയും ഫലങ്ങളുടെയും വിളവെടുപ്പിന്റെയും കളയുടെയുമൊക്കെ ഭാഷയിലൂടെ അവരെ പഠിപ്പിക്കുന്നതും. അങ്ങനെ കൃഷിയെ പിതാവായ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലായാണ് സഭ കാണുന്നത്.

ഞാറ്റുവേല കൃഷിയിറക്കുന്നതും, പക്കം നോക്കി മരം വെട്ടുന്നതുമുൾപ്പെടെ പരമ്പരാഗതമായി നാം തുടരുന്ന കാർഷിക രീതികളെല്ലാം പ്രകൃതിയെ സൂഷ്മമായി നിരീക്ഷിച്ച് നേടിയ ശാസ്ത്രീയ ജ്ഞാനത്തിന്റെ ക്രിയാത്മകമായ ഉപയോഗമാണ്. പ്രകൃതിയെക്കുറിച്ചും അതിന്റെ പ്രതിഭാസങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങളെക്കുറിച്ചുമുള്ള അറിവ് സർവ്വജീവജാലങ്ങളുടെയും നിലനിൽപ്പിനായി പ്രയോജനപ്പെടുത്തുന്നതിനെയാണ് ശാസ്ത്രീയജ്ഞാനം എന്ന് വിളിക്കുന്നത്. അത്തരത്തിൽ മനുഷ്യൻ ആദ്യമായി ശാസ്ത്രീയ മുന്നേറ്റം നടത്തിയത് കാർഷിക മേഖലയിലായിരുന്നു എന്നത് നിസ്തർക്കമാണ്. കാരണം നായാട്ടിന്റെ അപരിഷ്കൃത വേഷങ്ങളുപേക്ഷിച്ച് പ്രകൃതിയെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവുകളുടെ വെളിച്ചത്തിൽ പരിഷ്കൃത സമൂഹമായി നമ്മെ രൂപാന്തരപ്പെടുത്തിയത് കാർഷിക സംസ്കാരമാണ്.

'കർഷകൻ ഉഴുതുണ്ണുമ്പോൾ മറ്റുള്ളവർ തൊഴുതുണ്ണുന്നു' എന്ന് തമിഴ് കവി തിരുവള്ളുവർ പാടിയിട്ടുണ്ട്. പ്രകൃതിയും ദൈവവുമൊഴികെ മറ്റൊരു യജമാനന്റെ കീഴിലും ജോലി ചെയ്തല്ല കർഷകൻ അന്നം സമ്പാദിക്കുന്നത് എന്നാണ് ഇതിനർത്ഥം. എന്നാൽ ഇന്ന്, മാറിമാറിവരുന്ന രാഷ്ട്രീയ-ഉദ്യോഗസ്ഥ വൃന്ദങ്ങളുടെ മുമ്പിൽ നമ്മുടെ കർഷകർ തൊഴുത് നിൽക്കേണ്ടി വരുന്ന അനീതിയ്ക്കെതിരേ ശബ്ദമുയർത്താതിരിക്കാൻ സഭയ്ക്കാവില്ല. കർഷകപെൻഷൻ, വിലത്തകർച്ച, പട്ടയപ്രശ്നം, പരിസ്ഥിതിലോല മേഖലകളുടെ പ്രഖ്യാപനം, വന്യമൃഗ ശല്യം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ കർഷകരെ നിരന്തരം വലയ്ക്കുകയാണ്. മണ്ണിലിറങ്ങി പ്രകൃതിയെ പടുത്തുയർത്തുകയും പുനർനിർമ്മിക്കുകയും ചെയ്ത് സൃഷ്ടിപരത കാഴ്ചവയ്ക്കുന്ന കർഷകന്റെ ശക്തി 'ആംചെയർ പ്രകൃതിസംരക്ഷണവും,' 'ഡെസ്ക്ടോപ്പ് പരിസ്ഥിതി സ്നേഹവും' അവകാശപ്പെടുന്നവർക്ക്, മനസ്സിലാകണമെങ്കിൽ കർഷകർ ജാതി-മത-രാഷ്ട്രീയ വ്യത്യാസമില്ലാതെ സംഘടിച്ചേ തീരൂ. കർഷകരെ ഒന്നിച്ച് നിർത്തുന്നതിനും, അധികാരികൾക്കു മുന്നിൽ അവരുടെ ശബ്ദം ഉയർന്ന് കേൾക്കുന്നതിനും ഇൻഫാമിന്റെ നേതൃത്വത്തിൽ നടത്തുന്ന മുന്നേറ്റങ്ങൾക്ക് കൂടുതൽ ശക്തമായ പിന്തുണ ലഭിച്ചേ മതിയാകൂ. കർഷകരോടുള്ള അനീതിക്ക് കൃത്യമായ പരിഹാരം നേടിയെടുക്കാൻ പര്യാപ്തമായ മികച്ച ലീഗൽ ടീമിനെ വളർത്തിയെടുക്കേണ്ടതുണ്ട്. ജനിച്ച മണ്ണിൽ ജീവിക്കാൻ പാടുപെടുന്ന കർഷകരേക്കാൾ പരിഗണന കാട്ടുമൃഗങ്ങൾക്ക് ലഭിക്കുന്നത് കാണുമ്പോൾ, മലയോര കർഷകരെ സംരക്ഷിത പട്ടികയിൽ പെട്ട കാട്ടുമൃഗമായെങ്കിലും പ്രഖ്യാപിക്കാമോ എന്ന ചോദ്യം മനസ്സിലുയരുന്നു.

ജനുവരി പതിനഞ്ച് കേരള സഭ കർഷക ദിനമായി ആചരിക്കുകയാണ്. എല്ലാ രൂപതകളും ഇടവകകളും കർഷകദിനം സമുചിതമായി ആചരിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഇൻഫാം യൂണിറ്റുകളില്ലാത്ത എല്ലാ ഇടവകകളിലും പുതിയ യൂണിറ്റുകൾ സ്ഥാപിക്കാൻ രൂപതാ ഡയറക്ടർമാരും ഇടവക വികാരിമാരും മുൻകൈയെടുക്കണം. ഓരോ യൂണിറ്റും ഓരോ സ്വയം സംരംഭക സംഘമായി രജിസ്റ്റർ ചെയ്ത്, ഗുണമേന്മയുള്ള കാർഷികോത്പന്നങ്ങൾ വിപണിയിലെത്തിച്ച്, പരസ്പരസഹകരണത്തോടെ സ്വയംപര്യാപ്തത കൈവരിക്കാനുള്ള അവസരമായി ഇത് പ്രയോജനപ്പെടുത്തണം. കർഷക ദിനത്തോടനുബന്ധിച്ച് കാർഷിക സെമിനാർ, കാർഷിക മേള തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. മാതൃകാ കർഷകരെ ആദരിക്കാനും, മനസ്സുമടുത്ത് കൃഷിയിൽ നിന്ന് പിന്തിരിയുന്നവർക്ക് കൃഷിയിലേക്ക് മടങ്ങിവരുന്നതിനാവശ്യമായ പ്രോത്സാഹനം നൽകാനും, പുതിയ തലമുറയെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കാനുമുതകുന്ന പ്രവർത്തനങ്ങൾ നടത്തുകയും വേണം.

കർഷകരെ സഹായിക്കുന്നതിന് വേണ്ടി വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുകയും അവരുടെ നിരവധിയായ പ്രശ്നങ്ങൾ അധികാരികളുടെ മുന്നിലെത്തിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്ന എല്ലാ സംഘടനകളെയും അവയുടെ രക്ഷാധികാരികളായ അഭിവന്ദ്യ പിതാക്കന്മാരെയും ബഹുമാനപ്പെട്ട വൈദികരെയും സന്യസ്തരെയും കാർഷിക നേതാക്കന്മാരെയും നന്ദിയോടെ സ്മരിക്കുന്നു. പൂർവ്വികർ നമുക്ക് കാണിച്ചു തന്ന കാർഷിക സംസ്കാരം പിന്തുടർന്ന് പ്രകൃതിയേയും സർവ്വ ജീവജാലങ്ങളെയും സ്നേഹിക്കുന്ന ഒരു പുതിയ തലമുറ ഇവിടെ വളർന്നുവരട്ടെ. കൃഷിയേയും, കർഷകരേയും പരിഗണിയ്ക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു ഭരണകൂടം, കർഷകർക്ക് താങ്ങും തണലുമായി എപ്പോഴുമുണ്ടായിരിക്കട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം. ധാർമ്മികതയും മൂല്യവുമുള്ള ഒരു കാർഷിക സംസ്കാരം വളർത്തിയെടുക്കാൻ നമുക്കൊന്നിച്ച് പരിശ്രമിക്കാം.

നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന സർവ്വശക്തനായ ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ രക്ഷാധികാരി

---

*N.B:* 2021 ജനുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും, ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിശ്വാസിസമൂഹത്തിന് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# മുപ്പതാമത് ലോക രോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

**ഫെബ്രുവരി 11, 2022**

*"നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ"* (ലൂക്കാ 6:36).

ഉപവിയുടെ പാതയിലായിരുന്നുകൊണ്ട് സഹിക്കുന്നവരുടെ ചാരെ നില്ക്കുക.

പ്രിയ സഹോദരീസഹോദരന്മാരേ,

മുപ്പതു വർഷം മുമ്പ് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ സ്ഥാപിച്ചതാണ് ലോകരോഗീദിനം. രോഗികളായവരോടും അവരെ ശുശ്രൂഷിക്കുന്നവരോടും വർദ്ധിതമായ താത്പര്യത്തോടെ പെരുമാറുന്നതിന് ദൈവജനത്തെയും കത്തോലിക്കാ ആരോഗ്യപരിപാലന സ്ഥാപനങ്ങളെയും സാധാരണ പൗരസമൂഹത്തെയും പ്രോത്സാഹിപ്പിക്കാനായിരുന്നു അത്. ലോകത്തെമ്പാടുമുള്ള പ്രാദേശികസഭകളിൽ ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതിയെകുറിച്ച് നമ്മൾ കർത്താവിനോട് കൃതജ്ഞതാനിർഭരരാണ്. ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്; എന്നാൽ, എല്ലാ രോഗികൾക്കും, പ്രത്യേകിച്ച് വലിയ ദാരിദ്ര്യത്തിന്റെയും പാർശ്വവത്കരണത്തിന്റെയും ഇടങ്ങളിലും സാഹചര്യങ്ങളിലും വസിക്കുന്നവർക്ക്, ആവശ്യകമായ ആരോഗ്യപരിരക്ഷയും അവരുടെ രോഗാവസ്ഥയിൽ ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവുമായി അനുരൂപപ്പെടാൻ സഹായകമായ അനുഭവവും നല്കുന്ന അജപാലന ശുശ്രൂഷ നല്കുന്നതിൽനിന്ന് ഇനിയും നാം ഒരുപാട് വിദൂരത്താണ്. മുപ്പതാമത് ലോകരോഗീദിനം രോഗികളോടും അവരുടെ കുടുംബാംഗങ്ങളോടും ഉള്ള അടുപ്പത്തിലും ശുശ്രൂഷയിലും വളരുന്നതിന് സഹായകമാകട്ടെ. അതിന്റെ ഉപസംഹാരച്ചടങ്ങ്, കോവിഡ്-19 മഹാമാരിമൂലം, മുമ്പ് തീരുമാനിച്ചിരുന്നതുപോലെ പെറുവിലെ ആരെകിപ്പായിൽവച്ചു നടത്താൻ സാധിക്കാതെ വന്നതിനാൽ, ഈ പ്രാവശ്യം വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കായിൽ വച്ച് ആയിരിക്കും നടക്കുന്നത്.

## 1. പിതാവിനെപ്പോലെ കരുണാമയൻ

ഈ രോഗീദിനത്തിനായി തിരഞ്ഞെടുത്തിരിക്കുന്ന, "നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും അനുകമ്പ

യുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36) എന്ന പ്രമേയം "കരുണാസമ്പന്നനായ" (എഫേ 2:4) ദൈവത്തിലേക്കു നമ്മുടെ ദൃഷ്ടികൾ തിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു; തന്റെ മക്കൾ തന്നിൽനിന്നു പിന്തിരിഞ്ഞുപോകുമ്പോഴും ഒരു പിതാവിന്റെ സ്നേഹത്തോടെ അവിടന്ന് അവരെ കാത്തുപാലിക്കുന്നു. ദൈവത്തിന്റെ ഏറ്റവും ഉചിതമായ പേര് കരുണ എന്നാണ്; ഈ കരുണയെന്നത് ചിലപ്പോൾ ഉണ്ടാകുന്ന വികാരപരമായ ഒരു സഹാനുഭാവം എന്ന നിലയിലല്ല മനസ്സിലാക്കേണ്ടത്. പ്രത്യുത, ദൈവത്തിന്റെ സ്വഭാവത്തോടുതന്നെ ചേർന്നിരിക്കുന്ന, സദാ സന്നിഹിതമായിരിക്കുന്ന, ഒരു സജീവഭാവമായിട്ടാണ്. അത് ശക്തിയും ആർദ്രതയും ഉൾച്ചേർക്കുന്നു. അക്കാരണത്താൽ, പിതൃഭാവവും മാതൃഭാവവും (ഏശ 49:15 കാണുക) ഒരുപോലെ ഉൾക്കൊള്ളുന്ന ഒന്നാണ് ദൈവത്തിന്റെ കരുണയെന്ന് അതിശയത്തോടും കൃതജ്ഞതയോടുംകൂടി നമുക്ക് പറയാനാകും. ഒരു പിതാവിന്റേതായ ശക്തിയോടെയും മാതാവിന്റേതായ ആർദ്രതയോടെയും ദൈവം നമ്മോടു കരുണാപൂർവം പെരുമാറുന്നു; പരിശുദ്ധാത്മാവിൽ നമുക്കു നിരന്തരം പുതുജീവൻ നല്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു.

### 2. യേശു, പിതാവിന്റെ കരുണാഭാവം

രോഗികളോടുള്ള പിതാവിന്റെ കരുണാർദ്രസ്നേഹത്തിന്റെ ഉത്തമസാക്ഷി പിതാവിൽനിന്നു ജാതനായ ഏകപുത്രനാണ്. വ്യത്യസ്ത രോഗങ്ങളാൽ വലഞ്ഞ ജനങ്ങളെ എത്രയോ പ്രാവശ്യം യേശു കണ്ടുമുട്ടിയതായാണ് സുവിശേഷങ്ങൾ വിവരിക്കുന്നത്! "അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലിമുഴുവൻ ചുറ്റിസഞ്ചരിച്ചു" (മത്താ 4:23). യേശു രോഗികളോട് അത്രമാത്രം താത്പര്യം കാണിക്കാൻ കാരണമെന്തെന്നു നാം ചോദിക്കേണ്ടതാണ്. സുവിശേഷം പ്രസംഗിക്കാനായി തന്റെ അപ്പസ്തോലന്മാരെ അയച്ചുകൊണ്ട് രോഗികളെ സുഖപ്പെടുത്തുന്നത് (ലൂക്കാ 9:2 കാണുക) അവരുടെ ദൗത്യത്തിന്റെ അടിസ്ഥാനഭാഗമായി യേശു കരുതിയത് എന്തുകൊണ്ടാണ്?

ഇരുപതാം നൂറ്റാണ്ടിലെ ഒരു തത്ത്വചിന്തകൻ ഇതിന് ഇപ്രകാരമൊരു ഉത്തരം നല്കുന്നു: "വേദന ഒരാളെ പൂർണമായും ഒറ്റപ്പെടുത്തുന്നു. പരമമായ ആ ഒറ്റപ്പെടൽ അപരനിലേക്കു സഹായമഭ്യർത്ഥിക്കാൻ, അപരനെ വിളിക്കാൻ കാരണമാകുന്നു.'' വ്യക്തികൾ രോഗംമൂലം തങ്ങളുടെ ശരീരത്തിൽ ബലഹീനതയും വേദനയും അനുഭവിക്കുമ്പോൾ അവരുടെ ഹൃദയം ഭാരമുള്ളതാകുന്നു, ഭയം വർദ്ധിക്കുന്നു, അനിശ്ചിതത്വങ്ങൾ പെരുകുന്നു, അവരുടെ ജീവിതങ്ങളിൽ സംഭവിക്കുന്നവയുടെ അർത്ഥംതേടൽ

അടിയന്തിരപ്രാധാന്യം അർഹിക്കുന്നതായി മാറുന്നു. മഹാമാരിയുടെ ഇക്കാലത്ത്, തങ്ങളുടെ ഈ ലോകജീവിതത്തിന്റെ അവസാനഭാഗം തങ്ങളുടെ പ്രിയപ്പെട്ടവരുടെയും തങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ടവരുടെയും പക്കൽനിന്നകന്ന് ഏകാന്തതയിൽ കഴിച്ചുകൂട്ടിയവരെ - അവർ തീവ്രപരിചരണവിഭാഗത്ത് വിശാലമനസ്കരായ ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെയാണു ചെലവിട്ടതെങ്കിലും - നമുക്ക് എങ്ങനെ മറക്കാനാകും? പിതാവിന്റെ കരുണാഭാവമായിരുന്ന യേശുവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട്, രോഗികളുടെ മുറിവുകളിൽ സാന്ത്വനത്തിന്റെ ലേപനം പുരട്ടുകയും പ്രത്യാശയുടെ വീഞ്ഞ് ഒഴിക്കുകയും ചെയ്യുന്ന ദൈവസ്നേഹസാക്ഷികളുടെ സാന്നിധ്യം എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു കാണാൻ ഇതു നമ്മെ സഹായിക്കുന്നു.

### 3. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കൽ

പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവിൻ എന്ന യേശുവിന്റെ ആഹ്വാനം ആരോഗ്യ പ്രവർത്തകർക്ക് ഏറെ പ്രധാനപ്പെട്ടതാണ്. രോഗവിവശരെ പരിചരിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, ലബോറട്ടറി ടെക്നീഷ്യന്മാർ, സഹായികളായ സ്റ്റാഫ് അംഗങ്ങൾ, രോഗികളുടെ കൂട്ടിരിപ്പുകാർ, തങ്ങളുടെ വിലപ്പെട്ട സമയം രോഗികൾക്കായി ചെലവഴിക്കാൻ തയ്യാറാകുന്ന സന്നദ്ധസേവകർ എന്നിവരെയെല്ലാം ഞാൻ ഓർക്കുന്നു. പ്രിയ ആരോഗ്യപ്രവർത്തകരേ, സ്നേഹവും കഴിവുംകൊണ്ടും രോഗികളുടെ ചാരേ നിങ്ങൾ നടത്തുന്ന ശുശ്രൂഷ നിങ്ങളുടെ തൊഴിലിന്റെ പരിധിക്കുപരി ഒരു പ്രേഷിതദൗത്യമായി മാറുകയാണു ചെയ്യുന്നത്. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കുന്ന നിങ്ങളുടെ കരങ്ങൾ കരുണാമയനായ പിതാവിന്റെ കരുണാമയമായ കരങ്ങളുടെ അടയാളമായിരിക്കും. ആകയാൽ നിങ്ങളുടെ തൊഴിലിന്റെ വലിയ മാഹാത്മ്യവും അതു പേറുന്ന ഉത്തരവാദിത്വവും നിങ്ങൾ മനസ്സിലാക്കുവിൻ.

വൈദ്യശാസ്ത്ര രംഗത്ത് ഉണ്ടായിട്ടുള്ള, പ്രത്യേകിച്ച് ഈ അടുത്ത കാലത്തുണ്ടായ, പുരോഗതിയെ ഓർത്ത് നമുക്കു കർത്താവിനു കൃതജ്ഞതയർപ്പിക്കാം; രോഗികൾക്ക് ഏറെ സഹായകമായ ചികത്സകൾ തയ്യാറാക്കുന്നതിൽ പുതിയ സാങ്കേതിക വിദ്യകൾ നമ്മെ സഹായിച്ചിട്ടുണ്ട്. പഴയതും പുതിയതുമായ രോഗങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു ഗവേഷണങ്ങൾ വിലപ്പെട്ട സംഭാവനകളാണ് നല്കിക്കൊണ്ടിരിക്കുന്നത്; പുനർശക്തീകരണമരുന്നുകൾ പ്രാഗത്ഭ്യവും കഴിവും തെളിയിച്ചുകഴിഞ്ഞു. അതേസമയം, ഇവയൊന്നും ഓരോ രോഗിയുടെയും വ്യതിരിക്തതയും അവന്റെയും

അവളുടെയും മാഹാത്മ്യവും ബലഹീനതകളും വിസ്മരിക്കാൻ നമുക്ക് ഇടവരുത്തരുത്. രോഗത്തെക്കാൾ പ്രധാനം രോഗികളാണ്; അക്കാരണത്താൽ രോഗിയെ കേൾക്കുന്നതിൽനിന്ന്, പ്രത്യേകിച്ച് അവന്റെയും അവളുടെയും ചരിത്രവും ഉൽക്കണ്ഠങ്ങളും ഭയങ്ങളും ശ്രവിക്കുന്നതിൽനിന്ന്, ഒരു ചികത്സാസമീപനവും പിന്നാക്കം പോകാൻ പാടില്ല. സുഖപ്പെടുത്തൽ അസാധ്യമായിരുന്നാൽപ്പോലും, ശുശ്രൂഷയുടെയും സാന്ത്വനത്തിന്റെയും സാമീപ്യത്തിന്റെയും അനുഭവം പകരാൻ എപ്പോഴും സാധ്യമാണ്. രോഗത്തെക്കാൾ തന്നെ പരിഗണിക്കുന്നു എന്ന അനുഭവമായിരിക്കണം രോഗിക്കു ലഭിക്കേണ്ടത്. അതിനാൽ ആരോഗ്യപ്രവർത്തകർക്കു നല്കുന്ന പരിശീലനം മറ്റുള്ളവരെ ശ്രവിക്കുന്നതിനും മറ്റുള്ളവരോടു ബന്ധപ്പെടുന്നതിനും അവരെ കൂടുതൽ പ്രാപ്തരാക്കുന്നതായിരിക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു.

### 4. ശുശ്രൂഷാകേന്ദ്രങ്ങൾ "കരുണയുടെ ഭവനങ്ങൾ" ആകുമ്പോൾ

ശുശ്രൂഷാ കേന്ദ്രങ്ങളിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കാൻ ഉതകുന്ന ഒരു നല്ല അവസരംകൂടിയാണ് ലോകരോഗീദിനം. രോഗികളോട് കരുണ പ്രദർശിപ്പിക്കുന്നതിന്റെ ഭാഗമായി അസംഖ്യം "നല്ല സമറിയാക്കാരന്റെ സത്രങ്ങൾ" തുറക്കാൻ ക്രൈസ്തവസമൂഹം നൂറ്റാണ്ടുകളായി പ്രേരിതമായിട്ടുണ്ട്. അവിടെയാണ് പലതരം രോഗങ്ങളാൽ വലയുന്നവർക്ക് സ്നേഹവും പരിചരണവും നല്കാൻ കഴിയുന്നത്, ഏറെ പ്രത്യേകിച്ച് ദാരിദ്ര്യത്താലും സാമൂഹ്യബഹിഷ്കരണത്താലും ചില രോഗങ്ങളോടു ചേർന്നുള്ള ബുദ്ധിമുട്ടുകളാലും വലഞ്ഞതുമൂലം തങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കു പ്രതിവിധി കണ്ടെത്താൻ കഴിയാത്തവർക്ക്. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ കുട്ടികളും വൃദ്ധരും ദുർബലരുമാണ് പലപ്പോഴും അതിന്റെ വിലകൊടുക്കുന്നവർ. പിതാവിനെപ്പോലെ അനുകമ്പാർദ്രരായിരു ന്നുകൊണ്ട് അസംഖ്യം മിഷനറിമാർ തങ്ങളുടെ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായി ആശുപത്രികളും ചികത്സാലയങ്ങളും ശുശ്രൂഷാകേന്ദ്രങ്ങളും നിർമിച്ചിട്ടുണ്ട്. ക്രൈസ്തവ ഉപവി പ്രകാശിതമായിത്തീർന്ന ഏറെ അമൂല്യമായ ഉപാധികളാണിവ. ക്രിസ്തുശിഷ്യർ സാക്ഷ്യപ്പെടുത്തിയ ക്രിസ്തുസ്നേഹം കൂടുതൽ വിശ്വസനീയമായത് അവ വഴിയാണ്. നമ്മുടെ ഈ ഭൂമിയുടെ ഏറ്റവും ദരിദ്രമായ ഭാഗങ്ങളിൽ വസിക്കുന്നവരെക്കുറിച്ചാണ് ഞാൻ ചിന്തിക്കുന്നത്; പരിമിതമായ സൗകര്യങ്ങൾ മാത്രം നല്കാൻ സാധിക്കുന്ന ചികിത്സാകേന്ദ്രങ്ങൾ അന്വേഷിച്ച് അവർക്ക് ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. ആകയാൽ, നമുക്ക് ഇനിയും ഒരുപാട് ദൂരം യാത്ര ചെയ്യാനുണ്ട്! ചില രാജ്യങ്ങളിൽ ശരിയായ രോഗീപരിചരണം അപ്രാപ്യമായ ഒരു ആഡംബരമാണ്. ദരിദ്രരാഷ്ട്രങ്ങളിൽ കോവിഡ്-19ന് എതിരേയുള്ള കുത്തിവയ്പുസാധ്യതയുടെ ദൗർലഭ്യം ഇതിന് ഒരുദാഹരണമാണ്. എന്നാൽ

അതിലുപരി, ലളിതമായ മരുന്നുകൾകൊണ്ട് ചികത്സിക്കാവുന്ന രോഗങ്ങൾക്കുപോലും അവിടെ പ്രതിവിധിയില്ല!

ഈ പശ്ചാത്തലത്തിൽ, കത്തോലിക്കാ ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ പ്രാധാന്യം ഞാൻ ആവർത്തിച്ചുറപ്പിക്കാൻ ആഗ്രഹിക്കുന്നു. അവ സംരക്ഷിക്കപ്പെടേണ്ടതും സൂക്ഷിക്കേണ്ടതുമായ വിലപ്പെട്ട നിധികളാണ്. അവയുടെ സാന്നിധ്യം സഭയുടെ ചരിത്രം വിശിഷ്ടമാക്കിയിട്ടുണ്ട്. അവ വഴിയാണ് രോഗികളോടും ദരിദ്രരോടും മറ്റുള്ളവർ അവഗണിച്ച സാഹചര്യങ്ങളോടും സഭ തന്റെ സാമീപ്യം അറിയിച്ചിട്ടുള്ളത്. അല്പം മാത്രം ശുശ്രൂഷിക്കപ്പെടുകയും അല്ലെങ്കിൽ ഒട്ടും ശുശ്രൂഷ ലഭിക്കുകയും ചെയ്തിട്ടില്ലാത്ത സഹോദരീസഹോദരന്മാരുടെ നിലവിളി കേൾക്കുകയും അവർക്കായി തങ്ങളുടെ പരമാവധി ശുശ്രൂഷ നല്കുകയും ചെയ്തിട്ടുള്ള എത്രയെത്ര സന്യാസകുടുംബങ്ങളുടെ സ്ഥാപകരാണ് സഭയിൽ ഉണ്ടായിട്ടുള്ളത്? ഇന്ന് ഏറെ പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളിൽപോലും ഇപ്രകാരമുള്ള സമൂഹങ്ങളുടെ സാന്നിധ്യം ഒരു അനുഗ്രഹമാണ്. കാരണം, ശരീരത്തെ ആവശ്യകമായ പ്രാഗത്ഭ്യത്തോടെ പരിചരിക്കുന്നതോടൊപ്പം അവർ ഉപവിയുടേതായ സമ്മാനവും നല്കുന്നു. അതായത്, അവർ രോഗികളായ വ്യക്തികളെത്തന്നെയും അവരുടെ കുടുംബങ്ങളെയും ഉന്നംവച്ചു പ്രവർത്തിക്കുന്നു. "പ്രയോജനരഹിതത്വത്തിന്റെ സംസ്കാരം" (culture of waste) വ്യാപകമായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, അതായത് ജീവൻ എപ്പോഴും സ്വാഗതം ചെയ്യപ്പെടേണ്ടതും ജീവിക്കേണ്ടതും ആണെന്ന് അംഗീകരിക്കാത്ത സാഹചര്യത്തിൽ, "ദയാഭവനങ്ങൾ" പോലുള്ള സംവിധാനങ്ങൾ ജീവനെ സംരക്ഷിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും - അതും ഏറ്റവും ബലഹീനമായ ജീവിതം അതിന്റെ ആരംഭംമുതൽ സാധാരണയായുള്ള അവസാനംവരെ - മാതൃകാപരമായവയാണ്.

### 5. അജപാലന കരുണ: സാന്നിധ്യവും സാമീപ്യവും

ഇക്കഴിഞ്ഞ മുപ്പതുവർഷമായി, അജപാലനപരമായ ആരോഗ്യപരിചരണം അനിവാര്യമായ ഒരു ശുശ്രൂഷയായി പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ദരിദ്രർ - ആരോഗ്യത്തിൽ ദരിദ്രരായ രോഗികളുൾപ്പെടെയുള്ളവർ - അനുഭവിക്കുന്ന ഏറ്റവും കടുത്ത വിവേചനം ആധ്യാത്മികമായി അവരോടുള്ള ശ്രദ്ധക്കുറവാണ്. അതിനാൽ ദൈവത്തിന്റെ സാമീപ്യം, അതായത് അവിടത്തെ അനുഗ്രഹവും അവിടത്തെ വചനവും കൂദാശകളുടെ ആചരണവും വിശ്വാസത്തിൽ വളരാനും പാകപ്പെടാനുമുള്ള അവസരമൊരുക്കലും, അവർക്കു നിഷേധിക്കാൻ നമുക്ക് ഇടയാവാതെനോക്കണം. ഇക്കാര്യത്തിൽ ഒരു വസ്തുത ഞാൻ എല്ലാവരെയും

ഓർമ്മപ്പെടുത്തുന്നു: കൃത്യമായി നിർണയിച്ചിട്ടുള്ള ശുശ്രൂഷകരുടെ മാത്രം ചുമതലയല്ല രോഗികളോടുള്ള സാമീപ്യവും അവരുടെ അജപാലന ശുശ്രൂഷയും; രോഗികളെ സന്ദർശിക്കാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം തന്റെ എല്ലാ ശിഷ്യരോടും ഉള്ളതാണ്. കേവലം ഒരു സന്ദർശനം പ്രതീക്ഷിച്ച് എത്രയെത്ര രോഗികളും മുതിർന്നവരും ആണ് തങ്ങളുടെ ഭവനങ്ങളിൽ ആയിരിക്കുന്നത്? “ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു” (മത്താ 25:36) എന്ന യേശുവചനം അനുസ്മരിച്ചാൽ ആശ്വാസദായകത്വത്തിന്റെ ശുശ്രൂഷ ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയുടെയും കടമയാണെന്നു വ്യക്തമാകും.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗികളെയും അവരുടെ കുടുംബങ്ങളെയും ‘‘രോഗികളുടെ ആരോഗ്യമായ’’ മറിയത്തിന്റെ മാധ്യസ്ഥ്യത്തിനായി ഞാൻ സമർപ്പിക്കുന്നു. ലോകത്തിന്റെ വേദന വഹിക്കുന്ന ക്രിസ്തുവിനോടു ചേർന്നുകൊണ്ട് അവർ അർത്ഥവും ആശ്വാസവും അഭയവും കണ്ടെത്തട്ടെ. എല്ലായിടങ്ങളിലുമുള്ള ആരോഗ്യപ്രവർത്തകർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു; കരുണയിൽ സമ്പന്നരായിരുന്നുകൊണ്ട് രോഗികളോട് ഉത്തമമായ പരിചരണവും അതോടൊപ്പം സാഹോദരതുല്യമായ സാമീപ്യവും നല്കാൻ അവർക്ക് ഇടവരട്ടെ.

എല്ലാവർക്കും ഞാൻ ഹാർദവമായി എന്റെ അപ്പസ്തോലിക ആശീർവാദം നല്കുന്നു.

**ഫ്രാൻസിസ് പാപ്പാ**
റോം, വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയം
10 ഡിസംബർ 2021
ലൊറേറ്റോയിലെ മാതാവിന്റെ സ്മരണാദിനം



# 55-ാമത് ലോക സമാധാനദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകുന്ന സന്ദേശം

**ജനുവരി 1, 2022**

## തലമുറകൾ തമ്മിലുള്ള സംഭാഷണം, വിദ്യാഭ്യാസം, തൊഴിൽ: സുസ്ഥിര സമാധാന സംസ്ഥാപനത്തിനുള്ള ഉപകരണങ്ങൾ

### 1. സമാധാനം വിളംബരം ചെയ്യുന്നവന്റെ പാദം മലമുകളിൽ എത്ര മനോഹരമാണ്! (ഏശ 52:7)

ഹിംസയും പീഡനവും സഹിച്ച്, അപമാനത്തിനും മരണത്തിനും വിധേയരാക്കപ്പെട്ട്, ആശയറ്റ് ദിനങ്ങൾ കഴിക്കുന്ന പ്രവാസികളുടെ നെടുവീർപ്പുകൾക്ക് ശബ്ദം നൽകുന്ന ഏശയ്യാ പ്രവാചകന്റെ ആശ്വാസ വചസ്സുകളാണിവ. ബാറൂക്ക് പ്രവാചകൻ അത്ഭുതപ്പെട്ടു: "ഇസ്രായേലേ നീ ശത്രുരാജ്യത്ത് അകപ്പെടാൻ എന്താണ് കാരണം? വിദേശത്തു വച്ച് വാർദ്ധക്യം പ്രാപിക്കുന്നതെന്തുകൊണ്ട്? മൃതരോടൊപ്പം അശുദ്ധരാകാൻ കാരണമെന്ത്? പാതാളത്തിൽ പതിക്കുന്നവരോടൊപ്പം നീ ഗണിക്കപ്പെടുന്നതെന്തുകൊണ്ട്?" (ബാറൂക്ക് 3:10.11) ഇസ്രായേലിലെ ജനങ്ങളെ സംബന്ധിച്ച്, സമാധാന ദൂതന്റെ വരവ് അർത്ഥമാക്കിയത് ചരിത്രത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ നിന്നുള്ള പുനർജനിയും ശോഭനമായ ഭാവിയുടെ സമാരംഭവുമാണ്.

വി. പോൾ ആറാമൻ സമാധാന മാർഗത്തിന് നൽകിയ പുതിയ പേര് സമഗ്ര പുരോഗതി എന്നാണ്. ഏറെ ദുഃഖകരമെന്ന് പറയട്ടെ, ഇന്ന് അനേകം മനുഷ്യരുടെ ദൈനംദിന ജീവിതത്തിൽനിന്ന് സമാധാനം ഏറെ അകലെയാണ്. അപ്രകാരം ഇന്ന് പരസ്പരം പൂർണമായും ബന്ധിതമായ മനുഷ്യമഹാകുടുംബത്തിൽ നിന്ന് അത് വിദൂരത്താണ്. രാഷ്ട്രങ്ങൾക്കിടയിലുള്ള സർഗാത്മകമായ സംഭാഷണം ലക്ഷ്യംവച്ചുകൊണ്ടുള്ള എണ്ണമറ്റ ഉദ്യമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും ചെകിടടപ്പിക്കുന്ന ശബ്ദം കൂടുതൽ രൂക്ഷമാവുകയാണ്. മഹാമാരിയുടെ മാനങ്ങളുള്ള അനേകം രോഗങ്ങൾ പടർന്നുപിടിക്കുമ്പോഴും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലങ്ങളും പരിസ്ഥിതി മലിനീകരണവും ഗുരുതരമായിക്കൊണ്ടിരിക്കുകയാണ്; വിശപ്പും ദാഹവുമെന്ന ദുരന്തം വർദ്ധിക്കുകയാണ്; ഐക്യദാർഢ്യ പരമായ പങ്കുവയ്ക്കലല്ല, വ്യക്തികേന്ദ്രീകൃതമായ സാമ്പത്തിക മാതൃകകളാണ് പ്രബലപ്പെട്ടുകൊണ്ടിരിക്കുന്നത്. പണ്ടത്തെ പ്രവാചകന്മാരുടെ കാലത്തെന്നപോലെ നമ്മുടെ

ഇക്കാലത്തും കേൾക്കുന്നത് നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള യാചനതന്നെയായ 'പാവപ്പെട്ടവരുടെ കരച്ചിലും ഭൂമിയുടെ കരച്ചിലും' ആണ്.

ഓരോ കാലഘട്ടത്തിലും സമാധാനം എന്നത് ഒരേ സമയം ഉന്നതങ്ങളിൽ നിന്നുള്ള ദാനവും, പങ്കുവയ്ക്കപ്പെടുന്ന പ്രതിബദ്ധതയുടെ ഫലവുമാണ്. തീർച്ചയായും നമുക്ക് സമാധാനം എന്ന ഒരു നിർമ്മിതിയെക്കുറിച്ച് സംസാരിക്കാനാവും. സമൂഹത്തിലെ വിവിധ സ്ഥാപനങ്ങൾക്ക് ഇതിലേക്ക് സംഭാവനയർപ്പിക്കാൻ സാധിക്കും. അതുപോലെ, നാം ഓരോരുത്തരും നേരിട്ട് ബന്ധപ്പെടുന്ന സമാധാനമെന്ന കലയെക്കുറിച്ചും പറയാനാവും. കൂടുതൽ ശാന്തിനിറഞ്ഞ ഒരു ലോകത്തിന്റെ സംരചനയിൽ ഏവർക്കും സഹകരിച്ച് പ്രവർത്തിക്കാനാകും. ഇത് സമാരംഭിക്കേണ്ടത് വ്യക്തികളുടെ ഹൃദയങ്ങളിൽനിന്നും കുടുംബാംഗങ്ങളുടെ പരസ്പര ബന്ധങ്ങളിൽ നിന്നുമാണ്. ഒപ്പം, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിലുള്ള ബന്ധത്തിലും പ്രകൃതിയുമായുള്ള ബന്ധത്തിലും അതുപോലെ, ജനതകൾക്കിടയിലും രാഷ്ട്രങ്ങൾക്കിടയിലും ഈ സുസ്വരത നിലനിൽക്കണം.

നിതാന്തമായ ശാന്തി പുലരുന്നതിനുവേണ്ടി മൂന്നു മാർഗങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന്, തലമുറകൾ തമ്മിലുള്ള സംഭാഷണമാണ്. പങ്കുവയ്ക്കപ്പെടുന്ന പദ്ധതികളുടെ സാക്ഷാത്കാരത്തിന് അടിസ്ഥാനമായി അത് വർത്തിക്കും. രണ്ട്, സ്വാതന്ത്ര്യം, ഉത്തരവാദിത്തം, വളർച്ച എന്നീ ഘടകങ്ങളുള്ള വിദ്യാഭ്യാസം. മൂന്നാമതായി മനുഷ്യാന്തസ്സിന്റെ പൂർണ്ണമായ സാക്ഷാത്കാരത്തിനുതകുന്ന തൊഴിൽ. സാമൂഹികമായ ഒരു ഉടമ്പടിയുടെ സംരചനയ്ക്ക് വേണ്ട, ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണിവ. ഇവയുടെ അഭാവത്തിൽ ഓരോ സമാധാന പദ്ധതിയും സാരവത്തല്ലാതായിത്തീരും.

## 2. സമാധാനം കെട്ടിപ്പടുക്കുന്നതിനുവേണ്ടി തലമുറകൾ തമ്മിലുള്ള സംഭാഷണം

വിവരണാതീതമായ പ്രശ്നങ്ങൾക്ക് വഴിവച്ച മഹാമാരിയുടെ പിടിയിലമർന്ന ലോകത്ത്, ചിലർ തങ്ങളുടെ ഇടുങ്ങിയ ആവൃതിയിൽ അഭയം പ്രാപിച്ചുകൊണ്ട് യാഥാർഥ്യത്തിൽനിന്ന് ഒളിച്ചോടാൻ ശ്രമിക്കുന്നുണ്ട്. അതേസമയം, മറ്റുചിലർ അതിനോട് പ്രതികരിക്കുന്നത് വിനാശകരമായ ഹിംസയിലൂടെയാണ്. എന്നാൽ, സ്വാർത്ഥമായ നിസ്സംഗതയ്ക്കും ഹിംസാത്മകമായ പ്രതിഷേധങ്ങൾക്കുമിടയിൽ സാധ്യമായ മറ്റൊരു മാർഗം 'ഡയലോഗ്' ആണ്. തലമുറകൾ തമ്മിലുള്ള സംഭാഷണമാണത്.

സത്യസന്ധമായ എല്ലാ സംഭാഷണങ്ങൾക്കും ശരിയായ, ഭാവാത്മകമായ ആശയങ്ങളുടെയും ദർശനങ്ങളുടെയും വിനിമയം എന്നതിനു പുറമെ, പങ്കാളി

കൾക്കിടയിലുള്ള പരസ്പരവിശ്വാസം ആവശ്യമുണ്ട്. ഈ പരസ്പര വിശ്വാസം വീണ്ടെടുക്കാൻ നാം പഠിക്കണം. ഇക്കാലത്തെ ഈ ആരോഗ്യ പ്രതിസന്ധി നമ്മുടെ ഒറ്റപ്പെടൽ മനോഭാവത്തെയും, തന്നിലേക്ക്തന്നെ ഉൾവലിയാനുള്ള പ്രവണതയെയും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രായംചെന്നവരുടെ ഏകാന്തതയ്ക്ക് ഒപ്പം നിൽക്കുന്നതാണ് യുവതയുടെ നിസ്സഹായതയും ഭാവിയെക്കുറിച്ചുള്ള ദർശനങ്ങളുടെ അഭാവവും. ഈ പകർച്ചവ്യാധി, തീർച്ചയായും, വേദനാജനകമായിരുന്നു. എന്നാൽ, ജനങ്ങളിലുള്ള ഏറ്റവും മഹത്തായ നന്മ പുറത്തുകൊണ്ടുവരുന്നതിനും അത് സഹായകമായി. മഹാമാരിക്കാലത്ത് കരുണയുടെ ഉദാരവും ഉദാത്തവുമായ അനവധി ഉദാഹരണങ്ങൾ നാം കണ്ടു. പങ്കുവയ്ക്കലും കൂട്ടായ്മയും ലോകത്തിന്റെ എല്ലാഭാഗത്തും പ്രകടമായി.

പരസ്പരം ശ്രവിക്കൽ, വിവിധ കാഴ്ചപ്പാടുകളുടെ പങ്കുവയ്ക്കൽ, ധാരണയിൽ എത്തിച്ചേരൽ, പിന്നീടുള്ള ഒന്നിച്ചുപോകൽ എന്നിവയെല്ലാം ഡയലോഗിന്റെ അവിഭാജ്യ ഘടകങ്ങളാണ്. സംഘർഷങ്ങളുടെയും നിസ്സംഗതയുടെയും കഠിനവും ഊഷരവുമായ മണ്ണിനെ ഉഴുതുമറിച്ച് അവിടെ നിതാന്തവും പങ്കുവയ്ക്കപ്പെടുന്നതുമായ ശാന്തിയുടെ വിത്തുകൾ വിതയ്ക്കുക എന്നത് തലമുറകൾ തമ്മിലുള്ള ഇത്തരം സംഭാഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗം തന്നെയാണ്.

സാങ്കേതിക വിദ്യയിലും സാമ്പത്തിക മേഖലയിലും ഉണ്ടായ വളർച്ച മൂലം , തലമുറകൾക്കിടയിൽ ഒരു വിഭജനം ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ പ്രതിസന്ധി തലമുറകളുടെ പങ്കാളിത്തത്തിന്റെ ആവശ്യകതയെയാണ് എടുത്തുകാണിക്കുന്നത്. യുവാക്കൾക്ക് മുതിർന്നവരുടെ അറിവും അനുഭവജ്ഞാനവും ആവശ്യമായിരിക്കുന്നതുപോലെ മുതിർന്നവർക്ക് യുവാക്കളുടെ പിന്തുണയും സ്നേഹവും ഒപ്പം അവർക്കുണ്ടായിരിക്കുന്ന സർഗാത്മകതയും ചലനാത്മകതയും ആവശ്യമാണ്.

സാമൂഹികമായ വലിയ വെല്ലുവിളികളും സമാധാന പ്രക്രിയകളും സ്മരണകളുടെ സൂക്ഷിപ്പുകാരായ മുതിർന്നവരും ചരിത്രത്തെ മുന്നോട്ടുനയിക്കേണ്ട യുവാക്കളും തമ്മിലുള്ള സംവാദത്തെ അത്യന്താപേക്ഷിതമാക്കുന്നു. ഇതരർക്ക് ഇടം അനുവദിക്കാൻ ഇരുകൂട്ടരും പരസ്പരം തയ്യാറാവണം. സ്വന്തം സ്ഥാപിത താല്പര്യങ്ങൾ പിന്തുടർന്ന് സമസ്ത മേഖലകളും തങ്ങളുടെ കുത്തകയാക്കണമെന്ന ചിന്തവെടിയണം. ഭൂതവും ഭാവിയും ഇല്ലെന്ന് ആരും ചിന്തിക്കാതിരിക്കട്ടെ. ആരോഗ്യകരമായ രാഷ്ട്രീയത്തിന്റെ ചാലകശക്തി തലമുറകൾ തമ്മിലുള്ള പരസ്പര സംഭാഷണമാണെന്ന വസ്തുതയാണ്, നാമിപ്പോൾ അഭിമുഖീകരിക്കുന്ന ആഗോള പ്രതിസന്ധി വ്യക്തമാക്കുന്നത്. 'ഇന്നത്തെ പ്രശ്നങ്ങൾക്ക് താൽക്കാലിക പരിഹാരമോ തട്ടിക്കൂട്ടലോ കൊണ്ടുമാത്രം ആരും തൃപ്തരല്ല',

പ്രത്യുത, ഭാവിക്കുവേണ്ടിയുള്ള സുസ്ഥിരവും പങ്കുവയ്ക്കപ്പെടുന്നതുമായ പദ്ധതികൾ ആവിഷ്കരിക്കുന്ന ഉദാത്തമായ പരസ്നേഹത്തിന്റെ മഹിതമാതൃക എന്ന നിലയ്ക്കാണ് അവർ അതിനെ വീക്ഷിക്കുന്നത്.

പ്രശ്നങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയിൽ ഇപ്രകാരം തലമുറകൾ തമ്മിലുള്ള സംഭാഷണം നടത്തുകയാണെങ്കിൽ "വർത്തമാനകാലത്ത് വേരൂന്നി നിന്നുകൊണ്ട് ഭൂതകാലത്തെ പുനഃസന്ദർശിക്കാനും ഭാവിയെ ദർശിക്കാനും സാധിക്കും. ഭൂതകാലത്തെ നാം  പുനഃസന്ദർശിക്കുന്നത് ചരിത്രത്തിൽനിന്ന് പഠിക്കുന്നതിനും ഇന്നും നമ്മെ അലട്ടുന്ന ചില പഴയ മുറിവുകൾ ഉണക്കുന്നതിനും വേണ്ടിയാണ്. ഭാവിയിലേക്ക് നോക്കുന്നത് നമ്മുടെ ഉത്സാഹത്തെ പരിപോഷിപ്പിക്കുന്നതിനും പുതിയ സ്വപ്നങ്ങൾ നെയ്തെടുക്കുന്നതിനും  പുതിയ പ്രവചനങ്ങളെ ഉണർത്തുന്നതിനും പ്രത്യാശ പൂവണിയുന്നതിനും ഉപകരിക്കും. ഒരുമിച്ച് നമുക്ക് പങ്കുവച്ച് പഠിക്കാം. വേരുകളില്ലാതെ മരങ്ങൾക്ക് എങ്ങനെയാണ് വളരാനും ഫലം പുറപ്പെടുവിക്കാനും സാധിക്കുക?

നാം നമ്മുടെ പൊതു  ഭവനത്തെക്കുറിച്ചുള്ള കരുതലിനെപ്പറ്റി ചിന്തിക്കുക മാത്രമേ വേണ്ടൂ. യഥാർത്ഥത്തിൽ, പരിസ്ഥിതി ഓരോതലമുറയ്ക്കും കടമായി നല്കപ്പെട്ടതാണ്,  അടുത്ത തലമുറയ്ക്ക് കൈമാറാൻ വേണ്ടി. കൂടുതൽ നീതിയുക്തമായ, നീതിനിറഞ്ഞ ഒരു ലോകത്തിനുവേണ്ടി പ്രവർത്തിക്കുന്ന യുവാക്കളെ നാം ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ആ ലോകം നമ്മുടെ കാവലിനും സൂക്ഷിപ്പിനുമായി ഏല്പിക്കപ്പെട്ടിട്ടുള്ള സൃഷ്ടികളോട് കരുണാർദ്രമായ കരുതലുള്ളതാണ്. തികഞ്ഞ ഉത്സാഹത്തോടും ആർജ്ജവത്തോടും കൂടിയാണ് അവർ ഇക്കാര്യം നിർവ്വഹിക്കുന്നത്. ഇന്നത്തെ ധാർമ്മിക സാമൂഹിക പാരിസ്ഥിതിക പ്രതിസന്ധികൾ ഉയർത്തുന്ന വെല്ലുവിളികൾ അനിവാര്യമാക്കുന്ന അടിയന്തരമായ ഗതിമാറ്റമാണ് അവരെ ഉത്തരവാദിത്വബോധമുള്ളവരാക്കുന്നത്.

സമാധാനത്തിന്റെ പാതകൾ കൂട്ടായി നിർമ്മിക്കാനുള്ള സാഹചര്യത്തിന് വിദ്യാഭ്യാസവും തൊഴിലും അവഗണിക്കാനാവില്ല. ഇവരണ്ടുമാണ് തലമുറകൾ തമ്മിലുള്ള ഡയലോഗിന് വേണ്ട വേദിയും പശ്ചാത്തലവും ഒരുക്കുന്നത്. വിദ്യാഭ്യാസമാണ് തലമുറകൾ തമ്മിലുള്ള ഡയലോഗിന് വേണ്ട വ്യാകരണം നൽകുന്നത്. തൊഴിലിന്റെ അനുഭവം വഴി വിവിധ തലമുറകളിലെ പുരുഷന്മാരും സ്ത്രീകളും പ്രാഗല്ഭ്യവും അനുഭവജ്ഞാനവും നൈപുണ്യവും പങ്കുവയ്ക്കുകയും പൊതുനന്മയെ കരുതി സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള സാധ്യതയെ സാക്ഷാത്കരിക്കുകയും ചെയ്യുന്നു.

**3. സമാധാനത്തിന്റെ ചാലകശക്തിയായി അധ്യാപനവും വിദ്യാഭ്യാസവും.**

അടുത്തകാലത്ത് ലോകമാസകലം വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി ലഭിച്ചിരുന്ന ഫണ്ടുകളിൽ നിർണ്ണായകമായ ഇടിവുണ്ടായി. ഒരു നിക്ഷേപം എന്നതിനെക്കാൾ ചെലവായിട്ടാണ് ഇവയെ കണക്കാക്കിയിരുന്നത്. എന്നിരുന്നാലും, സമഗ്രമായ മാനുഷിക വികസനത്തിന്റെ പ്രാഥമികമായ ഉപകരണമാണത്. വ്യക്തികളെ കൂടുതൽ സ്വതന്ത്രരും ഉത്തരവാദിത്തമുള്ളവരും ആക്കുന്നത് വിദ്യാഭ്യാസമാണ്. സമാധാനത്തിന്റെ സാധൂകരണത്തിനും ഉന്നമനത്തിനും അത്യന്താപേക്ഷിതമാണത്. ചുരുക്കത്തിൽ, ഒത്തൊരുമയുള്ള ഒരു പൗരസമൂഹത്തിന്റെ അടിസ്ഥാനം അധ്യാപനവും വിശ്വാസവുമാണ്. അവ പ്രത്യാശയും ഐശ്വര്യവും പുരോഗതിയും സൃഷ്ടിക്കുന്നു.

നേരേമറിച്ച്, സൈനികച്ചെലവുകൾ ശീതയുദ്ധാനന്തരകാലത്തേതുമായി തട്ടിച്ചുനോക്കുമ്പോൾ പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ഇനിയും അത് അമിതമായി വർദ്ധിക്കുമെന്ന് ഉറപ്പാണ്. സർക്കാരുകൾ സാമ്പത്തിക നയങ്ങളിൽ കാതലായ മാറ്റംവരുത്തി, വിദ്യാഭ്യാസത്തിനും ആയുധ സംഭരണത്തിനുമായി പൊതുഖജനാവിൽ നിന്ന് നീക്കിവയ്ക്കുന്ന വിഹിതങ്ങളിൽ ഒരു വിപരീതാനുപാതം നടപ്പിൽ വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആത്മാർത്ഥമായ ഒരു അന്തർദ്ദേശീയ നിരായുധീകരണ പ്രക്രിയായജ്ഞം തുടങ്ങുന്നത് ജനതതികൾക്കും രാഷ്ട്രങ്ങൾക്കും വലിയ നേട്ടമായിരിക്കും. അതുവഴി മാറ്റിവയ്ക്കാൻ കഴിയുന്ന ഫണ്ടുപയോഗിച്ച് ആരോഗ്യപരിരക്ഷ, സ്കൂളുകൾ അടിസ്ഥാന സൗകര്യ വികസനം, ഭൂമിയുടെ പരിരക്ഷ എന്നിവ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ കഴിയും.

വിദ്യാഭ്യാസത്തിൽ നടത്തുന്ന മുതൽമുടക്കിനെ തുടർന്ന് കരുതലിന്റെ ഒരു സംസ്കാരം വളർത്തുന്നതിനുള്ള കൂടുതലായ ഉദ്യമങ്ങളും ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സാമൂഹിക വിഭാഗീകരണങ്ങളും, നിസ്സംഗത പുലർത്തുന്ന സ്ഥാപനങ്ങളും നിലനിൽക്കുന്നതിനിടയിൽ ഇത് ഒരു പൊതു ഭാഷയായി വികസിച്ച് തടസ്സങ്ങളും മതിലുകളും തട്ടിനിരത്തി പരസ്പര ധാരണയുടെ ഒരു പാലം പണിയാൻ അതിടയാക്കും. "ഒരു രാജ്യം തിളങ്ങിവിളങ്ങുന്നത് സർഗാത്മകമായ സംഭാഷണം സമ്പന്നമായ അതിന്റെ സാംസ്കാരിക ഘടകങ്ങൾക്കിടയിൽ നടക്കുമ്പോഴാണ്. ജനപ്രിയ സംസ്കാരം, സർവ്വകലാശാലാ സംസ്കാരം, യുവജന സംസ്കാരം, കലാസംസ്കാരം, സാങ്കേതിക സംസ്കാരം, സാമ്പത്തിക സംസ്കാരം, കുടുംബ സംസ്കാരം, മാധ്യമ സംസ്കാരം എന്നിവ സംസ്കാരത്തിന്റെ വിവിധ ഘടകങ്ങളാണ്. ആയതിനാൽ, സംസ്കാരത്തിന്റെ ഒരു നവമാതൃക വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പുതിയ തലമുറ

യ്ക്കുവേണ്ടി അവരോടൊപ്പംചേർന്നുള്ള ഒരു അന്തർദേശീയ ഉടമ്പടിയിലൂടെ ഇത് സാധ്യമാണ്. സമഗ്ര വളർച്ച പ്രാപിക്കുന്ന യുവതീയുവാക്കളെ പരിശീലിപ്പിക്കുന്നതിന് പ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ കുടുംബങ്ങളെയും സമൂഹത്തെയും സ്കൂളുകളെയും സർവ്വകലാശാലകളെയും സ്ഥാപനങ്ങളെയും മതങ്ങളെയും സർക്കാരുകളെയും മനുഷ്യമഹാകുടുംബത്തെ തന്നെയും ഇതിൽ ഭാഗഭാക്കുകളാക്കണം. സമഗ്രമായ ഈ വിദ്യാഭ്യാസ പദ്ധതിയിൽ, സമഗ്ര പരിസ്ഥിതിശാസ്ത്രം, സമാധാനത്തിന്റെ സാംസ്കാരിക മാതൃക, സാഹോദര്യ കേന്ദ്രിതമായ സുസ്ഥിരവികസനം, മനുഷ്യനും പരിസ്ഥിതിയുമായുള്ള ഉടമ്പടി എന്നീ വിഷയങ്ങൾ ഉൾപ്പെടുന്നു.

പുതിയ തലമുറയുടെ വിദ്യാഭ്യാസത്തിലും പരിശീലനത്തിലും നാം നിക്ഷേപങ്ങൾ നടത്തുക വഴി, അവരുടെ സ്വഭാവ രൂപീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അവരെ നമുക്ക് സഹായിക്കാനാകും. അപ്രകാരം, അവർ അർഹിക്കുന്ന തൊഴിൽ അവർക്ക് സംലഭ്യമാവുകയും ചെയ്യും.

### 4. തൊഴിൽ സൃഷ്ടിക്കുകയും ഉറപ്പാക്കുകയും വഴി സമാധാനം സംജാതമാക്കാം

സമാധാനം സൃഷ്ടിക്കുന്നതിലും പരിപാലിക്കുന്നതിലും തൊഴിൽ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ്. നമ്മുടെയും നമ്മുടെ താലന്തുകളുടെയും പ്രതിബദ്ധതയുടെയും നിക്ഷേപങ്ങളുടെയും സഹകരണത്തിന്റെയും പ്രകാശനമാണ് നാം ചെയ്യുന്ന തൊഴിൽ. മറ്റുള്ളവർക്കൊപ്പമോ മറ്റൊരാൾക്കുവേണ്ടിയോ ആണല്ലോ നാം സാധാരണയായി ജോലി ചെയ്യുക. ഈ സാമൂഹിക പരിപ്രേക്ഷ്യത്തിലൂടെനോക്കുമ്പോൾ കൂടുതൽ സുന്ദരവും ജീവിക്കാൻ ഉതകുന്നതുമായലോകത്തിന്റെ സംരചനയിൽ സംഭാവനകളർപ്പിക്കാൻ നമ്മുടെ തൊഴിലിടം നമ്മെ പ്രാപ്തരാക്കും.

കോവിഡ് 19 എന്ന മഹാമാരി നമ്മുടെ തൊഴിൽമേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അനവധി വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു രംഗമാണിത്. ദശലക്ഷക്കണക്കിന് വരുന്ന സാമ്പത്തിക ഉൽപ്പാദന സംരംഭങ്ങൾ പാടേ പരാജയപ്പെട്ടു. ദിവസ വേതനക്കാരായ തൊഴിലാളികൾ കൂടുതൽ കഷ്ടത്തിലായി. അവശ്യ സേവനമേഖലകളിൽ തൊഴിലെടുത്തിരുന്നവരുടെ സാമൂഹിക സ്ഥിതി കൂടുതൽ പരിതാപകരമാണ്. വിദൂരവിദ്യാഭ്യാസം മൂലം പഠനത്തിൽ പോരായ്മകളുണ്ടായി. കോഴ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാനായില്ല. തൊഴിൽമേഖലയിൽ പ്രവേശിക്കാൻ കാത്തിരിക്കുന്നവരും തൊഴിലില്ലാതായിത്തീർന്ന യുവാക്കളും അഭിമുഖീകരിക്കുന്നത് ഇരുണ്ട ഭാവിയെയാണ്.

അനൗപചാരിക സാമ്പത്തിക മേഖലയിലും സവിശേഷമായ രീതിയിൽ ഈ പ്രതിസന്ധിയുടെ ആഘാതം ഏറെ നാശം വിതച്ചു. അതിഥിത്തൊഴിലാളി

കളാണ് ഇതിന്റെ ആഘാതം ഏറ്റവുമധികം ഏറ്റുവാങ്ങിയത്. പലരാജ്യങ്ങളും അതിഥിത്തൊഴിലാളികളെ അംഗീകരിച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തിയിട്ടില്ലാത്തതിനാൽ അവർക്ക് അസ്തിത്വമില്ലാത്ത സ്ഥിതിയാണുള്ളത്. അവരും അവരുടെ കുടുംബങ്ങളും ജീവിക്കുന്നത് വളരെ ദയനീയമായ അവസ്ഥയിലാണ്. പലതരത്തിലുള്ള അടിമത്തങ്ങൾക്കും ഇരയാണവർ. അവരെ സംരക്ഷിക്കുന്നതിനുള്ള യാതൊരുവിധ ക്ഷേമപദ്ധതികളും പലയിടങ്ങളിലുമില്ല. ലോകത്തിലെ തൊഴിലാളികളിൽ മൂന്നിൽ ഒരാൾക്ക് മാത്രമേ സാമൂഹിക സുരക്ഷയുടെ പ്രയോജനം ലഭിക്കുന്നുള്ളൂ. ഹിംസയും സംഘടിതമായ കുറ്റകൃത്യങ്ങളും പലരാജ്യങ്ങളിലും വർദ്ധിച്ചുവരുന്നത് പ്രതികൂലമായി ബാധിക്കുന്നത് മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അന്തസ്സിനെയുമാണ്. അത് സാമ്പത്തിക വ്യവസ്ഥയെ വിഷലിപ്തമാക്കുകയും പൊതുനന്മയുടെ വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഇതിനുള്ള ഏക പരിഹാരം അന്തസ്സുള്ള തൊഴിലവസരങ്ങളുടെ വികാസമാണ്.

ഏതൊരു സമൂഹത്തിലും നീതിയും അഖണ്ഡതയും വളർത്തിയെടുക്കേണ്ടത് തൊഴിലിന്റെ അടിസ്ഥാനത്തിലായിരിക്കണം. ഇക്കാരണത്താൽ, “മനുഷ്യാദ്ധ്വാനത്തെ പാടേ ഇല്ലാതാക്കുന്ന സാങ്കേതിക വളർച്ച ഉണ്ടാകണമെന്ന ലക്ഷ്യം നാം മുന്നിൽ വയ്ക്കരുത്. അത് മനുഷ്യവംശത്തിനുതന്നെ നാശകരമായിരിക്കും.തൊഴിൽ ഒഴിച്ചുകൂടാനാവാത്തതാണ്. ഈ ഭൂമിയിലെ ജീവിതത്തിന് അർത്ഥം നൽകുന്ന മുഖ്യ ഘടകമാണത്. വളർച്ചയിലേക്കും മാനുഷികമായ വികാസത്തിലേക്കും വ്യക്തിപരമായ സാഫല്യത്തിലേക്കുമുള്ള പാതയാണത്. നമ്മുടെ ആശയങ്ങളും പരിശ്രമങ്ങളും സമന്വയിപ്പിച്ചുകൊണ്ട് പ്രശ്നങ്ങൾക്കുള്ള പരിഹാരം കണ്ടെത്തി തൊഴിലെടുക്കാൻ തക്ക പ്രായമുള്ളവർക്കൊക്കെ തൊഴിൽ ചെയ്യാനുള്ള അവസരം ലഭ്യമാക്കണം. അപ്രകാരം ഓരോരുത്തരുടെയും കുടുംബജീവിതത്തിലേക്കും സമൂഹത്തിന് മൊത്തത്തിലും സേവനമർപ്പിക്കാൻ സാഹചര്യം സൃഷ്ടിക്കപ്പെടും.

മറ്റെല്ലാ കാലത്തെയുംകാൾ ലോകത്താകമാനം മെച്ചപ്പെട്ടതും അന്തസ്സാർന്നതുമായ തൊഴിൽസാഹചര്യം ഉറപ്പാക്കുന്നതിന് അടിയന്തിര പ്രാധാന്യമുണ്ട്. അത് പൊതു നന്മയെ ലക്ഷ്യം വെയ്ക്കു ന്നതും സൃഷ്ടിയെ ആകെ പരിപാലിക്കുന്നതുമായിരിക്കണം. ബിസിനസ് സംരംഭകരുടെ ഉദ്യമങ്ങളെ ഉറപ്പാക്കുകയും പിന്തുണ യ്ക്കുകയും വേണം. അതേസമയം, സാമൂഹിക ഉത്തരവാദിത്വത്തെ ക്കുറിച്ച് നവമായൊരു അവബോധം അത്യാവശ്യമായും പ്രോത്സാ ഹിക്കപ്പെടണം. അതുവഴി ലാഭം മാത്രമാണ് ഏകചാലകശക്തി എന്ന മാനദണ്ഡം ഇല്ലാതാവും.

ഇതിന്റെ വെളിച്ചത്തിൽ തൊഴിലാളികളുടെ മൗലികാവകാശ ങ്ങളെ ആദരിക്കുന്നതിലേക്കു നയിക്കുന്ന എല്ലാഉദ്യമങ്ങളെയും പ്രോത്സാഹി

പ്പിക്കുകയും സ്വാഗതംചെയ്യുകയും പിന്തുണയ്ക്കുക യും വേണം. ഇതിനെക്കുറിച്ചുള്ള അവബോധം, കമ്പനികളെയും സ്ഥാപനങ്ങളെയും ഉപഭോക്താക്കളിലും പൗരസമൂഹത്തിലും സംരംഭകരുടെ തലത്തിലും വളർത്തിയെടുക്കണം. സമൂഹത്തിൽ തങ്ങളുടെ സ്ഥാനം ശരിയായി മനസ്സിലാക്കുന്ന സംരംഭകർ തങ്ങളുടെ സ്ഥാപനങ്ങളെ മനുഷ്യാന്തസ്സിനെ ആദരിക്കുന്ന ഇടങ്ങളായി കണക്കാക്കും. അതുവഴി അവരും സമാധാന സംസ്ഥാപനത്തിൽ പങ്കാളികളാവും. ഇവിടെ രാഷ്ട്രീയത്തിന് നിർണായകമായ പങ്കുവഹിക്കാനാവും. സാമ്പത്തിക സ്വാത ന്ത്ര്യവും സാമൂഹികനീതിയും തമ്മിലുള്ള നീതിപൂർവ്വകമായ ഒരു പൊരുത്തം ഉണ്ടാവണം. കത്തോലിക്കാ തൊഴിലാളികൾ, സംരംഭകർ തുടങ്ങി ഈ മേഖലയിലുള്ളഎല്ലാവർക്കും മാർഗദർശനം നല്കാൻ പര്യാപ്തമാണ് സഭയുടെ സാമൂഹിക പ്രബോധനങ്ങൾ.

പ്രിയ സഹോദരീസഹോദരന്മാരേ, മഹാമാരിയിൽ നിന്നും രക്ഷനേടാൻ നാം സഹകരിച്ച് സംഘാതമായി നമ്മുടെ പ്രവർത്ത നങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ടു പോകുമ്പോൾ ഉദാരമായി ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്ന എല്ലാവരോടുമുള്ള എന്റെ കൃതജ്ഞത ഞാൻ വീണ്ടും നവീകരിക്കുന്നു. വിദ്യാഭ്യാസം, സുരക്ഷ, അവകാശസംരക്ഷണം ആരോഗ്യപരിരക്ഷ, കുടുംബങ്ങ ളുടെയും രോഗികളുടെയും ശുശ്രൂഷ, ജീവകാരുണ്യ പ്രവർത്തനം, തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം എന്നീ മേഖലകളിൽ സേവനം ചെയ്യുന്ന സർവരെയും നന്ദിപൂർവം സ്മരിക്കുന്നു. കഷ്ടപ്പാടനുഭവിക്കുന്ന സകലരെയും അവരുടെ കുടുംബങ്ങ ളെയും എന്റെ പ്രാർത്ഥനകളിൽ ഓർമ്മിക്കുന്നു.

സർക്കാരിലെ നേതാക്കളോടും രാഷ്ട്രീയ സാമൂഹികമേഖ ലകളിലെ ഉത്തരവാദിത്വപ്പെട്ടവരോടും പുരോഹിതരോടും അജപാലകരോടും സന്മനസ്സുള്ള സകല സ്ത്രീപുരുഷന്മാ രോടും ഞാൻ അഭ്യർത്ഥിക്കുന്നു. ധീരതയോടും സർഗാത്മകതയോടും തലമുറകൾ തമ്മിലുള്ള സംവാദത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും പാതയിൽ ഒന്നിച്ചു നടന്നു നീങ്ങാം. എളിമയോടും ധീരതയോടും കൂടെ കൂടുതൽ കൂടുതൽ പുരുഷ ന്മാരും സ്ത്രീകളും സമാധാനത്തിന്റെ ശില്പികളായിത്തീരട്ടെ! സാമാധാനത്തിന്റെ ദൈവം അവരെ പ്രചോദിപ്പിക്കുകയും അവരിൽ അനുഗ്രഹം വർഷിക്കുകയും ചെയ്യട്ടെ!

വത്തിക്കാനിൽ നിന്ന്, 8 ഡിസംബർ 2021
**ഫ്രാൻസിസ് പാപ്പാ**

# കേരള സഭാനവീകരണം 2022-2025

## കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

ആഗോള കത്തോലിക്കാസഭയിൽ 2021 ആഗസ്റ്റ് മുതൽ 2023 ഒക്ടോബർ വരെയുള്ള കാലഘട്ടം സിനഡാത്മകതയ്ക്കുവേണ്ടി യുള്ള സിനഡിന്റെ ഒരുക്കത്തിന്റെ നാളുകളാണല്ലോ. 2023 ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന ആഗോള സിനഡ് തീർത്ഥാടകസഭയിൽ കൂട്ടായ്മയുടെയും സമവായത്തിന്റെയും പുതിയനാളുകൾ സമ്മാനിക്കുമെന്ന് പ്രത്യാശിക്കാം. അതിനായി നമുക്ക് ഏകമനസ്സോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

2021 ഡിസംബറിൽ നടന്ന കേരള കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനം ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കേരളസഭയിലാകമാനം സ്ഥായിയായ ഒരു നവീകരണം ആവശ്യമുണ്ട് എന്ന ബോധ്യത്തിലെത്തിച്ചേർന്നു. കോവിഡുകാലം മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും സൃഷ്ടിച്ച മരവിപ്പും, കൂടാതെ ഇക്കാലത്ത് സഭ നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും തരണം ചെയ്ത് മുന്നേറാൻ ആന്തരിക നവീകരണത്തിന്റെയും ശക്തീകരണത്തിന്റെയും പുതിയ പാതകൾ സഭയിൽ രൂപപ്പെടണമെന്ന് കൗൺസിൽ നിർദേശിക്കുകയും അതിനായി ഒരു കമ്മിറ്റിക്ക് രൂപം നല്കുകയും ചെയ്തു. കെസിബിസിയുടെ കരിസ്മാറ്റിക്, ഡോക്ട്രൈനൽ, ബൈബിൾ, ഫാമിലി, അല്മായ കമ്മീഷനുകളുടെ നേതൃത്വത്തിലാണ് നവീകരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. 2022 ജൂൺ 5 പെന്തക്കോസ്താ തിരുനാൾ മുതൽ 2025 ജൂൺ 8 പെന്തക്കോസ്താ തിരുനാൾ വരെയായിരിക്കും കേരളസഭയിൽ നവീകരണ കാലഘട്ടമായി ആചരിക്കുന്നത്.

### സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം

കേരളസഭാനവീകരണത്തിന് കെസിബിസി സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം "സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എന്നാണ്. വിശുദ്ധ പൗലോസ് അപ്പോസ്തലൻ എഫേസൂസു കാർക്കെഴുതിയ ലേഖനം 2:20-22 ൽ പറയുന്ന കാര്യങ്ങളാണ് ഈ ആപ്തവാക്യത്തിന് ആധാരം. അപ്പോസ്തലൻ ഇപ്രകാരം എഴുതുന്നു:

"അപ്പോസ്തലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പരിശുദ്ധ ആലയമായി അതു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു."

ദൈവത്തിന്റെ ഭവനവും ക്രിസ്തുവിന്റെ ശരീരവും യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് ഒന്നുചേർക്കപ്പെട്ടവരുടെ സമൂഹമായ സഭ ക്രിസ്തുവിന്റെ മൗതികശരീരവും ദൈവത്തിന്റെ ഭവനവുമായി പരി. ആത്മാവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്രചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്.

### എന്റെ സഭ, എന്റെ ഭവനം

സഭാംഗങ്ങൾ വ്യത്യസ്ത വ്യക്തികളാണെങ്കിലും (റോമാ 12:5) എല്ലാവരും അനാദിയിലേ ക്രിസ്തുവിൽ തെരഞ്ഞെടുക്കപ്പെട്ടവരും (എഫേ 1:4) അവിടത്തെ മരണത്തിലും ഉത്ഥാനത്തിലും പങ്കുപറ്റുന്നവരും പരിശുദ്ധാത്മാവിനെ അവകാശമായി ലഭിക്കുന്നവരും (1 കോറി 12:13) യേശുവിന്റെ രണ്ടാമത്തെ വരവിന് സാക്ഷ്യംവഹിക്കുന്നവരുമാണെന്ന് പൗലോസ് അപ്പോസ്തലൻ പഠിപ്പിക്കുന്നു. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ചേർന്ന് ക്രിസ്തുവിൽ ഏക ശരീരമായിത്തീരുന്നു (1 കോറി 12:12-26) എന്നതുകൊണ്ട് സഭാംഗങ്ങളെല്ലാവരും വിളി സ്വീകരിച്ചവരും വിളിക്കനുസൃതമായ ദൗത്യം നിർവഹിക്കാൻ കടപ്പെട്ടവരുമാണ്.

ഇപ്രകാരം "യേശുക്രിസ്തുവിന്റെ സ്വന്തമാകാൻ വിളിക്കപ്പെട്ടവരായ" (റോമ 1, 6) നാമെല്ലാവരും സഭയുടെ ഭാഗമാണ്, സ്വന്തമാണ് എന്ന ബോധ്യമുണ്ടാകണം. "എന്റെ സഭ, എന്റെ ഭവനം" എന്ന വികാരം സഭാംഗങ്ങൾക്കെല്ലാവർക്കും ഉണ്ടാകണം. ഓരോ വ്യക്തിയുടെയും വ്യക്തി സ്വാതന്ത്ര്യം പ്രധാനപ്പെട്ടതാണ്, അത് വിലമതിക്കപ്പെടണം. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച് സഭയുടെ സന്താനമായി മാറിയ വ്യക്തിയുടെ സ്വാതന്ത്ര്യം എന്നതാകണം ക്രിസ്തു വിശ്വാസിയുടെ വ്യക്തി സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്. അമ്മയായ സഭയോടുള്ള സ്നേഹം ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ഭാഗമാണ്. സഭ എന്റെ അമ്മ അഥവാ എന്റെ കുടുംബം എന്ന നിലയിൽ എത്രമാത്രം സ്നേഹിക്കപ്പെടുന്നുവെന്ന് ഓരോരുത്തരും വിലയിരുത്തണം. എന്റെ സഭയെ സംരക്ഷിക്കാൻ എനിക്കും കടമയുണ്ട് എന്ന അവബോധത്തിൽ ക്രിസ്തുവിശ്വാസികൾ വളരുന്നിടത്താണ് പൊതു സമൂഹത്തിൽ സഭ ക്രിസ്തുവിന്റെ മുഖവും ഗാത്രവുമായി അവതരിക്കപ്പെടുന്നത്.

## നവീകരണമേഖലകളും പ്രക്രിയകളും

യഥാർത്ഥവും സുദൃഢവുമായ മാനസാന്തരമാണ് സമഗ്രനവീകരണത്തിന് അടിസ്ഥാനമായിട്ടുള്ളത്. സഭാ ശുശ്രൂഷകളുടെ സമസ്ത മേഖലകളിലും ഈ മാനസാന്തരം സംഭവിക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സഭയുടെ മിഷനറി സ്വഭാവത്തെ ഏറ്റെടുക്കുക എന്നതാണ്. ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നതുപോലെ, 'സഭയെ സംബന്ധിച്ച ഒരു ഐച്ഛിക വിഷയമല്ല പ്രേഷിതപ്രവർത്തനം, കാരണം സഭ പ്രേഷിതയാണ്.' സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം.

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണ്. അതുകൊണ്ട് സഭയെ സ്ഥാപനവത്കരിക്കുന്ന പ്രവണതകൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ച്ചപ്പാടുകൾ മാറണം. യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായതും എപ്പോഴും സജീവവുമായ സുവിശേഷചൈതന്യം സഭയുടെ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങളിലും നിറഞ്ഞു നില്ക്കണം

വിശ്വാസ പരിശീലനം സഭയുടെ സുപ്രധാന ദൗത്യങ്ങളിൽ ഒന്നാണ്. കാലോചിതവും ക്രിസ്തു സാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും ലഭിക്കത്തക്കവിധം മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്. ജ്ഞാനസ്നാനത്തിന്റെ ഫലങ്ങളെ മുറുകെപ്പിടിച്ച് യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞ് ജീവിക്കാനും ദൈവസ്നേഹത്തിലും പരസ്നേഹ ത്തിലും ഊന്നിയ പ്രേഷിതചൈതന്യത്തിൽ വളർന്നുവരാനും സഹായിക്കുന്ന വിധമാകണം വിശ്വാസപരിശീലനം. വൈദിക-സന്ന്യസ്ത-അല്മായ-യുവജന പരിശീലന മേഖലകളും അപ്രകാരം തന്നെയാകണം.

കോവിഡു കാലം സൃഷ്ടിച്ച മുറിവുകളാൽ തളർന്നുപോയ ധാരാളം കുടുംബങ്ങളുണ്ട് 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബ പ്രേഷിത ശുശ്രൂഷകൾ സജീവമാകണം. അജപാലനപരമായ 'സന്ദർശന'ത്തിനപ്പുറത്ത് ആത്മീയ 'സ്ഥിരം സാന്നിധ്യ'ത്തിലേക്ക് ഉയരാൻ ശുശ്രൂഷാനേതൃത്വത്തിനു കഴിയണം.

ദിവ്യബലിയിലുള്ള പങ്കാളിത്തമാണ് ക്രൈസ്തവ സമൂഹത്തിന്റെ കേന്ദ്രം. ദൈവവചനപ്രഘോഷണം കൂദാശ കളുടെ പരികർമ്മം, പ്രാർത്ഥനകൾ, ധ്യാനങ്ങൾ, എന്നിവയിലെല്ലാം സഭാംഗങ്ങളെ മുഴുവൻ പങ്കാളികളാക്കുന്നതിന് അവസരങ്ങളൊരുക്കണം. ക്രിസ്തീയ ആനന്ദത്തോടും പ്രത്യാശയോടും കൂടെ ജീവിക്കാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും ആദ്ധ്യാത്മിക മേഖലയിൽ ഉണർവുണ്ടാകുക എന്നത് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്.

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. 'ദരിദ്രന്റെ വിലാപം സഭയുടെ പ്രത്യാശയുടെ വിലാപമാണ്' എന്ന് ഫ്രാൻസിസ് പാപ്പാ സഭാമക്കളെ ഓർമ്മിപ്പിക്കുന്നു. 'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു' (1കോറി 5:14) എന്ന പൗലോസിന്റെ മനോഭാവമാണ് സാമൂഹ്യ ശുശ്രൂഷകളിലും പരിസ്ഥിതി സംരക്ഷണത്തിലും എന്നും സഭ പുലർത്തിപോന്നിട്ടുള്ളത്.

കേരള സഭാനവീകരണത്തിന്റെ ഭാഗമായി നടക്കുന്ന ഒരുക്ക പരിപാടികൾക്ക് സംസ്ഥാനതലത്തിലും രൂപതാ തലത്തിലും ഇടവക തലത്തിലുമൊക്കെ ടീമുകളെ രൂപപ്പെടുത്തേണ്ടതുണ്ട്. ഓരോ രൂപതയിലെയും പ്രത്യേകസാഹചര്യങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടാണ് നവീകരണ പ്രക്രിയകൾ നടക്കേണ്ടത്.

ആഗോള സിനഡ് ലക്ഷ്യംവയ്ക്കുന്നതുപോലെ, കേരളസഭ യിലും സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തി പ്രാപിക്കണം. എല്ലാ സംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സഹഗമനത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കണം. ഓരോരുത്തരുടെയും വിളിക്കനുസൃതമായ ശുശ്രൂഷയുടെ അരൂപിയിൽ സഭാംഗങ്ങളുടെ കൂട്ടായഉത്തരവാദിത്തം വളർത്തപ്പെടണം. ഇതര മതങ്ങളോടും ഇതര സമുദായങ്ങളോടും സഭ എന്നും പുലർത്തിപോന്നിട്ടുള്ള സാഹോദര്യത്തിന്റെയും സംവാദത്തിന്റെയും ശൈലികൾ കൂടുതൽ പരിപോഷിപ്പിക്കപ്പെടണം. അങ്ങനെ കേരളസഭയിൽ ആരംഭിക്കുന്ന ഈ നവീകരണ കാലഘട്ടം കൂടുതൽ ഊർജസ്വലതയോടെ ക്രിസ്തുവിന് സാക്ഷ്യം നൽകാൻ നമ്മെ ശക്തരാക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

*സർക്കുലർ*

# സീറോമലബാർ പ്രേഷിത വാരാചരണം 2022

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനുംഎഴുതുന്നത്.**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

എ.ഡി. 72 ൽ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വരിച്ച മാർതോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തിലൂടെയാണല്ലോ ഭാരതത്തിൽ ക്രൈസ്തവരുടെ സമൂഹം ആദ്യമായി രൂപം കൊണ്ടത്. 2022-ാമാണ്ടിൽ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം നാം ആചരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഈ വർഷത്തെ നമ്മുടെ പ്രേഷിതവാരാചരണത്തിനു കൂടുതൽ പ്രാധാന്യം കൈവരുന്നു. ജനുവരി ആറാം തിയതി ദനഹാതിരുന്നാൾ മുതൽ പന്ത്രണ്ടാം തീയതി വരെയാണ് ഈ വർഷം മിഷൻവാരം ആചരിക്കുന്നത്. 'മിഷനെ അറിയുക, മിഷനറിയാകുക' എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. പ്രേഷിതവാരാചരണം നമ്മുടെ പിതാവായ മാർതോമാശ്ലീഹായെ കൂടുതൽ അറിയുന്നതിനും ശ്ലീഹായുടെ പ്രേഷിതതീക്ഷ്ണതയിൽനിന്നു പ്രചോദനമുൾക്കൊള്ളുന്നതിനുമുള്ള പ്രത്യേക അവസരമായി നമുക്കു പരിഗണിക്കാം.

ചരിത്രത്തിലെ ഈശോയോടൊപ്പം സഞ്ചരിക്കുകയും ജീവിക്കുകയും ചെയ്ത തോമാശ്ലീഹാ താൻ അനുഭവിച്ചറിഞ്ഞ രക്ഷകനെ മാർ വാലാഹ് - എന്റെ കർത്താവേ, എന്റെ ദൈവമേ! (യോഹ. 20:28) എന്ന് ഏറ്റുപറയുകയും മരണംവരെ പ്രഘോഷിക്കുകയും ചെയ്തു. എതിർപ്പുകൾ നേരിടേണ്ടിവന്നപ്പോൾ തോമാശ്ലീഹാ തന്റെ ദൗത്യം ഉപേക്ഷിക്കുകയോ സുരക്ഷിതസങ്കേതത്തിലേയ്ക്കു പിന്മാറുകയോ ചെയ്തില്ല. മറിച്ച് പ്രതിബന്ധങ്ങളെ അതിജീവിച്ച് ക്രൈസ്തവ സമൂഹങ്ങൾ സ്ഥാപിച്ചുകൊണ്ടു തന്റെ പ്രേഷിതദൗത്യത്തിൽ മുന്നേറി. തോമാശ്ലീഹാ രൂപീകരിച്ച ക്രൈസ്തവസമൂഹങ്ങളും അദ്ദേഹത്തിന്റെ പ്രേഷിതദർശനങ്ങൾ സ്വാംശീകരിക്കുകയും പ്രതിബന്ധങ്ങളെ അതിജീവിച്ചു സുവിശേഷത്തിന് സാക്ഷ്യംവഹിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സഭയിലെ ധാരാളം പ്രേഷിതർ ലോകമെമ്പാടുമുള്ള പ്രേഷിതപ്രവർത്തനങ്ങളിൽ ഇന്നും സജീവസാന്നിദ്ധ്യമാണ്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട ആ തീക്ഷ്ണത ഇന്നും നിലനില്ക്കുന്നു എന്നതിന്റെ തെളിവാണത്. പീഡനങ്ങളെയും അവഗണനകളെയും പ്രതിലോമശക്തികളെയും അതിജീവിച്ചു സുവിശേഷം ജീവിക്കുകയും വിശ്വസ്തതയോടെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുമ്പോൾ, സഭ എല്ലാക്കാലങ്ങളിലും ഫലം കായ്ക്കുന്ന അത്തിവൃക്ഷമായിത്തീരും (മർക്കോ. 11: 12-14, 2 തിമോ. 4: 2).

മാർതോമ്മാ ക്രിസ്ത്യാനികൾ ഭാരതസംസ്ക്കാരത്തിന്റെ ഭാഗമായി തുടരുന്നതിനുള്ള പ്രധാനകാരണം തോമാശ്ലീഹാ സുവിശേഷം ഈ സമൂഹത്തിൽ അടിച്ചേല്പ്പിക്കാതെ ഇവിടത്തെ സംസ്ക്കാരത്തിലേക്ക് അനുരൂപണംചെയ്ത് അത് അവതരിപ്പിച്ചു എന്നതാണ്. ഏതൊരു സംസ്കാരവും ഭാഷയും മറ്റൊരിടത്തേക്ക് പറിച്ചുനട്ടാൽ ആ സംസ്കാരത്തിൽ മതിലുകൾ സൃഷ്ടിക്കപ്പെടും. തങ്ങളുടെ ദൗത്യം ഫലപ്രദമാക്കാൻ തങ്ങൾ ആയിരിക്കുന്ന പ്രേഷിതമേഖലകളിലെ സംസ്ക്കാരത്തോടും ഭാഷയോടും മിഷനറിമാർ പൊരുത്തപ്പെടേണ്ടത് അനിവാര്യമാണ്.

സുവിശേഷം അറിഞ്ഞവരെ പരിപാലിക്കുക എന്നതു മാത്രമായി സഭയുടെ അജപാലന പ്രവർത്തനങ്ങളെ പരിമിതപ്പെടുത്താൻ കഴിയില്ല. ഒരു സഭാസമൂഹത്തിന്റെ പക്വതയുടെ വ്യക്തമായ അടയാളമാണു മിഷനറി പ്രവർത്തനങ്ങൾ (വെർബും ദോമിനി, 95). ദൈവവചനം പ്രത്യക്ഷമായി പ്രഘോഷിക്കേണ്ട ഒന്നാണ്. പീഡനത്തിന്റെ അപകടസാധ്യതകളിൽപോലും വചനം പ്രഘോഷിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങൾ നിരന്തരം അന്വേഷിച്ചുകൊണ്ട് ഓരോ വ്യക്തിയെയും ആത്മാവിന്റെ ശക്തിയിൽ കണ്ടുമുട്ടാൻ സഭ പുറപ്പെടണം (1 കോറി. 2:5). രക്ഷയുടെ വചനം ഓരോ വ്യക്തിയോടും പ്രഘോഷിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു. (റോമ. 1:14). തോമാശ്ലീഹാ ഒരിക്കലും മരണത്തെ ഭയപ്പെട്ടിരുന്നില്ല. അതുപോലെ ഒരു യഥാർത്ഥ മിഷനറി പീഡനങ്ങളെയോ മരണത്തെയോ ഭയപ്പെടേണ്ടതില്ല. ഇന്നിന്റെ പ്രതിസന്ധികളിൽ പ്രചോദനമാകേണ്ടത് തോമാശ്ലീഹായുടെ ഈ ധൈര്യവും പ്രേഷിതതീക്ഷ്ണതയുമാണ്. ഫ്രാൻസിസ് മാർപാപ്പാ 2021 ലെ ലോകമിഷൻഞായർ സന്ദേശത്തിൽ, ആദിമ ക്രൈസ്തവർ ആ കാലഘട്ടത്തിൽ അവർക്കുണ്ടായിരുന്ന ഭയത്തിനും അടച്ചുപൂട്ടി കഴിയാനുണ്ടായിരുന്ന പ്രലോഭനത്തിനും കീഴടങ്ങാതെ, കർത്താവിലേക്കും അവിടന്നു നല്കിയ 'പുതുജീവിതത്തിലേയ്ക്കും' ആകർഷിക്കപ്പെട്ടതിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. ജനങ്ങൾക്കിടയിലേക്കു നിസ്വാർത്ഥ സ്നേഹത്തോടെയും സേവന മനോഭാവത്തോടെയും കർത്താവിന്റെ നാമത്തിൽ ഇറങ്ങിച്ചെല്ലുകയും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത 'ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു' (അപ്പ. 4:20) എന്ന യാഥാർത്ഥ്യത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ പുതുജീവിതം. ഇതുതന്നെയാണ് ഈ കാലഘട്ടത്തിലും സുവിശേഷ പ്രഘോഷണത്തിൽ നാം സ്വായത്തമാക്കേണ്ട മനോഭാവം.

സീറോമലബാർ സഭയ്ക്കു സുവിശേഷ പ്രഘോഷണത്തിനും അജപാലന ശുശ്രൂഷയ്ക്കുമുള്ള സാധ്യത ഫ്രാൻസിസ് മാർപാപ്പ ഭാരതം മുഴുവനിലേയ്ക്കും വ്യാപിപ്പിച്ചു നൽകിയിരിക്കുന്ന സാഹചര്യത്തിൽ അപ്പസ്തോലനായ തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനശൈലി പിന്തുടർന്നു കൊണ്ടു ക്രൈസ്തവസമൂഹങ്ങൾ രൂപീകരിക്കാൻ നമുക്കു പ്രത്യേക കടമയുണ്ട്. തോമാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണത എല്ലാ വിശ്വാസികളും സ്വന്തമാക്കണം. സഭ

യുടെ പ്രേഷിതപ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ എല്ലാ ഇടവകകളും പരസ്പരം സഹകരിക്കണം. മിഷൻമേഖലകളിൽ ശുശ്രൂഷചെയ്യാൻ വൈദികരും സന്യസ്തരും അല്മായപ്രേഷിതരും കൂടുതലായി മുന്നോട്ടു വരികയും അവർക്കായി പരിശീലനപരിപാടി രൂപകല്പ്പന ചെയ്യുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്.

പ്രേഷിതാവബോധവും സഭയുടെ ശുശ്രൂഷകളിലെ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനു സാമൂഹ്യമാധ്യമങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വ്യാപിപ്പിക്കുന്നതിനുള്ള കർമപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ രൂപീകൃതമായിരിക്കുന്ന കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷനും സീറോമലബാർ മിഷൻ ഓഫീസും സഭാകാര്യാലയത്തിൽ പ്രവർത്തിക്കുന്നു. പ്രേഷിതാവബോധം സഭാമക്കളിൽ പകരണമെന്ന ഉദ്ദേശ്യത്തോടെ സീറോമലബാർ മിഷനും മതബോധന കമ്മീഷനും സംയുക്തമായി നടത്തുന്ന 2022 ജനുവരി ഒൻപതാം തീയതിയിലെ ഓൺലൈൻ മിഷൻ ക്വിസ് പരിപാടിയിൽ സാധിക്കുന്നവരെല്ലാം പങ്കെടുക്കണം.

സഭയുടെ പ്രേഷിതപ്രവർത്തനം ഇപ്പോഴത്തെ മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിലും സജീവമായി മുന്നോട്ടു പോകുന്നതിന്റെ പ്രധാന കാരണം മിഷനറിമാരായി പ്രവർത്തിക്കുന്ന വൈദികരുടെയും സമർപ്പിതരുടെയും അല്മായപ്രേഷിതരുടെയും വർദ്ധിച്ച തീക്ഷ്ണത തന്നെയാണ്. സുവിശേഷവത്ക്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ നമുക്കു പ്രാർത്ഥനയിൽ സ്മരിക്കുകയും സാധ്യമായ സഹകരണത്തിലൂടെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. അയയ്ക്കപ്പെടാൻ ഒരുക്കപ്പെട്ടിരുന്ന ശ്ലീഹന്മാരുടെ മനോഗതമറിഞ്ഞ് സെഹിയോൻശാലയിൽ അവരെ ശക്തിപ്പെടുത്തിയ പരിശുദ്ധ അമ്മ പ്രേഷിതപ്രവർത്തനങ്ങളിൽ മുന്നേറാൻ നമുക്കായി മാധ്യസ്ഥ്യം വഹിക്കട്ടെ. നമ്മുടെ പിതാവായ മാർതോമാ ശ്ലീഹായുടെ മാധ്യസ്ഥ്യം പ്രേഷിതസംരംഭങ്ങളിൽ നമുക്കു ശക്തി നൽകട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2021-ാം ആണ്ട് മാസം ഡിസംബർ 18-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

1. 2022 ജനുവരി 2-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

   സീറോ മലബാർ പ്രേഷിത വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ചു കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2022 ഫെബ്രുവരി 28ന് മുമ്പായി എത്തിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

## 1. Transfer and New appointments

Rev. Fathers:

| | | |
|---|---|---|
| Antheenadu Joseph | : | Acting Vicar, Koorottupara & Manjumala |
| Ambalathuruthel Abraham CMI | : | Asst. Vicar, Paropady |
| Chakkummoottil Philip | : | Director, Good Shepherd Priest Home (Adtl.charge) |
| Chilampattassery Mathew MCBS | : | Asst. Vicar, Chakkittapara |
| Chirathalackal Joseph | : | Acting Vicar, Chundathumpoyil |
| Kalappura Joseph | : | Asst. Director, COD |
| Kappil Joseph | : | Relieved |
| Karikunnel Antony | : | Academic Director, START |
| Kizhakkeveettil Jacob | : | Administrative Director, START |
| Kudiyirikkal Thomas | : | Acting Vicar, Vendekkumpoil |
| Narivelil George | : | Asst. Vicar, Pulloorampara |
| Nedumala Zacharias | : | Vicar, Thenjipalam |
| Panachickal Alex | : | Relieved & Study leave |
| Pennaparambil Jose | : | Relieved, Director, Good Shepherd Priest Home |
| Poothermannil Peter | : | Asst. Vicar, Thottumukkam |
| Pulayamparambil Thomas | : | Asst. Vicar, Koorachundu |
| Purayidathil George | : | Asst. Vicar,Thiruvambady |
| Puthanpurakkal Joseph | : | Asst. Vicar, Paroppady |
| Srambickal Abraham | : | Ramanathapuram |
| Thalisserickal Mathew SVD | : | Asst. Vicar, Kakkadampoil |
| Thayitharayil Luke CSsR | : | Asst. Vicar, East Hill |
| Thekkekkaramattathil Mathew | : | Vocation Promoter (Adtl.) |

| | | |
|---|---|---|
| Thuravackal Augustine | : | Asst. Vicar, Kodanchery |
| Valloppilly Simon | : | Relieved, Thenjipalam |
| Varikkanickal Mathew | : | Relieved |

### 2. ലോക രോഗീദിനം

ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ാം തീയതി ലോക രോഗീദിനമായി സഭ ആചരിക്കുന്നു. ഈ ദിവസമോ ഇതിനടുത്ത ദിവസങ്ങളിലോ രോഗികൾക്ക് ആവശ്യാനുസരണം കുമ്പസാരവും വി. കുർബാനയും നൽകുന്നത് നല്ലതായിരിക്കും.

### 3. തിരുബാല സഖ്യദിനം

ഫെബ്രുവരി 13-ാം ഞായറാഴ്ച തിരുബാല സഖ്യദിനമായി സഭ ആചരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളെ ഈശോയുടെ സ്നേഹത്തിലും സംരക്ഷണത്തിലും കാത്തുസൂക്ഷിക്കാനുള്ള ഒരു വേദിയായി തിരുബാലസഖ്യം ഇടവകകളിൽ പ്രവർത്തിക്കണം. തിരുബാലസഖ്യദിനത്തിൽ കുഞ്ഞുങ്ങളെ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിക്കേണ്ടതാണ്. എല്ലാ ഇടവകകളിലും ഇതിനായി ഉത്തരവാദിത്വപ്പെട്ട ഒരു ആനിമേറ്ററെ ബഹു. വികാരിയച്ചന്മാർ തെരഞ്ഞെടുക്കേണ്ടതാണ്.

### 4. വലിയനോമ്പ്, വിഭൂതി

2022 ഫെബ്രുവരി 27-ാം തീയതി ഞായറാഴ്ച പാതിര മുതലാണ് ഈ വർഷത്തെ വലിയനോമ്പ് ആരംഭിക്കുന്നത്. 28-ാം തീയതി തിങ്കളാഴ്ചയാണ് വിഭൂതിത്തിരുനാൾ. അന്നേദിവസം ഉപവാസ ദിവസമാണെന്ന കാര്യം പ്രത്യേകം ദൈവജനത്തെ ഓർമ്മിപ്പിക്കേണ്ടതാണ്. ഉയിർപ്പുതിരുനാൾ വരെ വിവാഹാഘോഷങ്ങൾ പാടില്ലായെന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു.

### 5. സ്റ്റാറ്റിസ്റ്റിക്കൽ ഫോം - ഗൂഗിൾ ഫോർമാറ്റ്

നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരശേഖരണത്തിന്റെ ഭാഗമായി എല്ലാ വർഷവും സ്റ്റാസ്റ്റിക്കൽ ഫോം പൂരിപ്പിച്ച് നൽകാറുണ്ട്. ഈ വർഷം ഗൂഗിൾ ഫോർമാറ്റിൽ ഓൺലൈനായി അത് നൽകാവുന്നതാണ്.

### 6. സ്വാഗതം, നന്ദി

താമരശ്ശേരി രൂപതയുടെ അജപാലന ശുശ്രൂഷ മേഖലയിലേക്ക് പുതിയതായി കടന്നുവരുന്ന ബഹു. അമ്പലത്തുരുത്തേൽ അബ്രാഹം CMI, ബഹു. ചിലമ്പാട്ടശ്ശേരി മാത്യു MCBS, താളിശ്ശേരിക്കൽ മാത്യു SVD, ബഹു. തൈത്തറയിൽ ലൂക്ക CSsR എന്നീ വൈദികർക്ക് രൂപതയുടെ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

രൂപതയിലെ അജപാലനശുശ്രൂഷകൾക്ക് ശേഷം പുതിയ മേഖലയിലേക്ക് സ്ഥലം മാറിപോകുന്ന **ബഹു. മാത്യു വരിക്കാനിക്കൽ അച്ചന്** എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

### 7. സ്മരണാഞ്ജലി

| | | |
|---|---|---|
| 10-02-1987 | - | റവ. ഫാ. തോമസ് മറ്റപ്പള്ളിൽ |
| **11-02-1998** | **-** | **റവ. ഫാ. പോൾ കളപ്പുര** |
| 17-02-1973 | - | റവ. ഫാ. കുര്യൻ പാണ്ടിയാമ്മാക്കൽ |
| 20-02-1983 | - | റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ |
| 22-02-1960 | - | റവ. ഫാ. പോൾ വെട്ടിക്കാനാകുടി |
| **24-02-2011** | **-** | **റവ. ഫാ. മാത്യു മുതിരചിന്തിയിൽ** |
| 25-02-1981 | - | റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ |
| 25-02-1989 | - | റവ. ഫാ. ദോസിത്തേവൂസ് സി.എം.ഐ |
| 27-02-1998 | - | റവ. ഫാ. ജോസഫ് പുത്തൻപുര |

**പ്രോട്ടോസിഞ്ചെല്ലൂസ്**



**DIOCESE OF THAMARASSERY**

**Order No. 02/2022**

**DECREE**

**SUSPENSION FROM THE EXERCISE OF PRIESTLY MINISTRY**

Fr. George (Sony) Thekkekaramattathil, an ascribed priest of the Eparchy of Thamarassery born on 28.12.1983 and ordained on 02.01.2010 is hereby suspended from exercising priestly ministry, including the administration of sacraments as well as preaching the Word of God, in accordance with c.1453 §1 of the Code of Canons of the Eastern Churches.

It is further decreed that George (Sony) Thekkekaramattathil shall not be admitted anywhere for exercising any of the priestly ministry either inside or outside the Eparchy of Thamarassery until further Orders from the Eparchial Curia.

All things to the contrary notwithstanding.

**Given this from the Office of the Bishop on 03 January 2022**

**✠Remigiose Inchananiyil**
Bishop of Thamarassery

Fr. George Mundanatte
Chancellor

Bishop's House, P .B. No. 1, Thamarassery P.O., Calicut - 673 573, Kerala, India
Phone : 0495 2223376, 2222569, 2223504, 2223136, 2223019
Web : www.dioceseofthamarassery.org, Email : diocesetmy09@gmail.com

# വിശ്വാസപരിശീലനം

'ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തു കൈകൊണ്ടു ഞാൻ നിന്നെ താങ്ങിനിർത്തും'. (ഏശയ്യാ 41 : 10

## PRAYER CELL

മധ്യസ്ഥപ്രാർത്ഥനയ്ക്ക് വേണ്ടി വിശ്വാസപരിശീലകരെ ഏകോപിപ്പിച്ച് ഒരു ഓൺലൈൻ പ്രാർത്ഥനാഗ്രൂപ്പ് രൂപീകരിച്ചു. 152 പേർ ഉൾകൊള്ളുന്ന ഈ പ്രയർ സെൽ *"CATECHIST PRAYER CELL"* എന്ന പേരിലാണ് അറിയപ്പെടുന്നത്. സഭയുടെയും, മനുഷ്യവർഗ്ഗത്തിന്റെയും വ്യത്യസ്തങ്ങളായ നിയോഗങ്ങൾക്കുവേണ്ടി ഈ പ്രാർത്ഥനാ ഗ്രൂപ്പിൽ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

## കൂമംകുളം, സൺഡേ സ്കൂൾ സന്ദർശനം

2022 ജനുവരി 2 ഞായർ രൂപത ഡയറക്ടർ കൂമംകുളം ഇടവക സന്ദർശിച്ചു. ദിവ്യബലി അർപ്പിച്ചു മതബോധന വിദ്യാർഥികൾക്കു സന്ദേശം നൽകി. വിശ്വാസപരിശീലനക്ലാസുകൾ സന്ദർശിക്കുകയും, പ്രവർത്തനം വിലയിരുത്തുകയും ചെയ്തു. തുടർന്ന് ബഹു. വികാരി അച്ചന്റെ അധ്യക്ഷതയിൽ വിശ്വാസപരിശീലകരെ കാണുകയും ചർച്ചകൾ നടത്തുകയും ചെയ്തു

## HCC യൂണിവേഴ്സിറ്റി പരീക്ഷകൾ

2022 ജനുവരി 26 ബുധൻ 2 PM - 4PM ഇടവക കേന്ദ്രീകരിച്ചു HCC യൂണിവേഴ്സിറ്റി പരീക്ഷകൾ നടന്നു. 3143 കുട്ടികൾ താമരശ്ശേരി രൂപതയിൽ നിന്ന് പരീക്ഷ എഴുതി.

## ചോദ്യപേപ്പർ മൂല്യനിർണ്ണയം

2022 ഫെബ്രുവരി 6 ഞായർ HCC യൂണിവേഴ്സിറ്റി പരീക്ഷകളുടെ മൂല്യനിർണ്ണയം മേഖല അടിസ്ഥാനത്തിൽ നടക്കുന്നതാണ്.

## HCC-I , HCC-II മേഖലതല മൂല്യനിർണ്ണയം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- 2022 ഫെബ്രുവരി 6 ഞായർ രാവിലെ 9:30 മുതൽ ആയിരിക്കും മേഖലതല മൂല്യനിർണ്ണയം നടത്തേണ്ടത്.
- മേഖലയിലുള്ള എല്ലാ HCC-I , HCC-II അധ്യാപകരും മൂല്യനിർണ്ണയത്തിന് സഹായിക്കണം.

- മേഖല കേന്ദ്രത്തിൽ (ഫൊറോനാ പള്ളിയിൽ) വെച്ചായിരിക്കും മൂല്യനിർണ്ണയം നടക്കുന്നത്.
- മൂല്യനിർണ്ണയത്തിനു ഓരോ മേഖലയിലേക്കും ഒരു നിരീക്ഷകൻ (Invigilator) വരുന്നതായിരിക്കും. അവരുടെ സാന്നിധ്യത്തിൽ മൂല്യനിർണ്ണയം ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യേണ്ടതാണ്.
- ബഹു. മേഖലഡയറക്ടറുടെ നിർദ്ദേശങ്ങൾ അനുസരിച്ചു മേഖല പ്രസിഡന്റും, സെക്രട്ടറിയും മൂല്യനിർണ്ണയത്തിനുള്ള എല്ലാ ക്രമീകരണങ്ങളും നടത്തേണ്ടതാണ്.
- മൂല്യനിർണ്ണയത്തിന് വരുന്ന അധ്യാപകർ അതാത് ക്ലാസ്സിലെ പാഠപുസ്തകങ്ങളും, ബൈബിളും, ചോദ്യപേപ്പറും കൊണ്ടുവരേണ്ടതാണ്.
- മൂല്യ നിർണയത്തിന് ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്ത സാഹചര്യത്തിൽമേഖലഡയറക്ടറുടെ നിർദേശമനുസരിച്ചു മേഖല പ്രസിഡന്റിന് HCC അധ്യാപകരെയോ മറ്റുക്ലാസ്സുകളിലെ അധ്യാപകരെയോ ക്രമികരിക്കാവുന്നതാണ്.
- ഇംഗ്ലീഷിലുള്ള ഉത്തരപേപ്പറുകളുടെ മൂല്യനിർണയം നടത്താൻ മേഖലാ ഭാരവാഹികൾ അധ്യാപകരെ ക്രമീകരിക്കേണ്ടതാണ്.
- മൂല്യനിർണ്ണയം നടത്തിയശേഷം ഓരോ ഇടവകയുടെയും ഉത്തര പേപ്പറുകൾ ഇടവക അടിസ്ഥാനത്തിൽ തന്നെ പാക്ക് ചെയ്യാൻ മേഖല പ്രസിഡന്റും, സെക്രട്ടറിയും ശ്രദ്ധിക്കേണ്ടതാണ്.
- Score sheet ൽ മൂല്യനിർണ്ണയം നടത്തിയ അധ്യാപകന്റെ പേരും, ഒപ്പും, ഫോൺ നമ്പറും രേഖപ്പെടുത്തേണ്ടതാണ്.
- മൂല്യനിർണ്ണയം നടത്തിയ ശേഷം ഉത്തര പേപ്പറുകളും, സ്കോർ ഷീറ്റും, ഇടവക തിരിച്ചു പാക്ക് ചെയ്ത് മേഖല പ്രസിഡന്റ് 2022 ഫെബ്രുവരി 7 തിങ്കൾ രൂപത മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.
- മേഖലാതല മൂല്യനിർണയത്തിന് ശേഷം മേഖലയിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയ കുട്ടികളുടെ പേരും വീട്ടുപേരും ഇടവകയും ലഭിച്ച മാർക്കും രേഖപ്പെടുത്തി മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. മേഖലാ ഭാരവാഹികൾ അത് രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.
- രൂപതയിൽ തരുമ്പോൾ ഓരോ ഇടവകയിലെയും HCC-I, HCC-II–ായി പാക്ക് ചെയ്യാനും ഓരോ കവറിന്റെയും പുറത്ത് ഇടവകയുടെ പേര്, ക്ലാസ്സ്, പരീക്ഷ എഴുതിയ കുട്ടികളുടെ നമ്പർ എന്നിവ എഴുതുന്ന കാര്യവും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

- മേഖലതിരിച്ചു ഉത്തരപേപ്പറുകളും, മാർക്ക് ലിസ്റ്റും ക്രമീകരിക്കാനുള്ള സൗകര്യത്തിനു ഓരോ ഫൊറോനക്കും ഇടവകതിരിച്ചു HCC-I , HCC-II പരീക്ഷ എഴുതുന്ന കുട്ടികളുടെ നമ്പറുകൾ അടങ്ങിയ Students ലിസ്റ്റ് രൂപതയിൽ നിന്ന് നൽകുന്നതാണ്.

### HM ഗൂഗിൾ മീറ്റ്

2022 ജനുവരി 16 ശനി 8:30 PM - 9:30 PM വരെ എല്ലാ ഹെഡ്മാസ്റ്റർമാരുടെയും ഗൂഗിൾ മീറ്റ് നടത്തി. അഭിവന്ദ്യ പിതാവ് അധ്യക്ഷത വഹിച്ച മീറ്റിങ്ങിൽ ബഹുമാനപ്പെട്ട ജനറാൾ അച്ചൻ എല്ലാവർക്കും ആശംസകൾ നേർന്നു. HCC പരീക്ഷകളുമായി ബന്ധപ്പെട്ട പൊതുനിർദ്ദേശങ്ങൾ ഹെഡ്മാസ്റ്റർമാർക്ക് നൽകി. മീറ്റിങ്ങിൽ വിശ്വാസപരിശീലനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള പല നിർദ്ദേശങ്ങളും മുന്നോട്ടുവച്ചു.

### രൂപത മതബോധന കമ്മിറ്റി

2022 ജനുവരി 3 തിങ്കൾ 8.30 PM - 9.30 PM വരെ രൂപത മതബോധന കമ്മിറ്റി കൂടുകയും വിശ്വാസ പരിശീലനവുമായി ബന്ധപ്പെട്ട പല കാര്യങ്ങളും ചർച്ച ചെയ്യുകയും ചെയ്തു. അഭിവന്ദ്യ പിതാവ് അധ്യക്ഷതവഹിച്ച മീറ്റിങ്ങിൽ എല്ലാ മേഖല ഡയറക്ടർ അച്ചന്മാരും മേഖല ഭാരവാഹികളും പങ്കെടുത്തു. പെരിയ ബഹുമാനപ്പെട്ട ജനറാൾ അച്ചൻ എല്ലാവർക്കും ആശംസകൾ നേർന്നു. ഓരോ മേഖലയിലെയും വിശ്വാസപരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് മേഖലാ ഡയറക്ടർമാർ അവലോകനം നടത്തി

### STD 10 വിശ്വാസപരിശീലന പരീക്ഷ

SSLC മോഡൽ പരീക്ഷകളുടെയും, മാർച്ച് അവസാനം മുതൽ ആരംഭിക്കുന്ന SSLC പരീക്ഷകളുടെയും സാഹചര്യത്തിൽ 10th ന്റെ വേദപാഠപരീക്ഷ 2022 മാർച്ച് 6 ഞായറാഴ്ച ആയിരിക്കും. പരീക്ഷയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

### HCC പരീക്ഷഫലം

2022 ജനുവരി 26 നടന്ന HCC യൂണിവേഴ്സിറ്റി പരീക്ഷകളുടെ ഫലപ്രഖ്യാപനം 2022 ഫെബ്രുവരി 19 ശനിയാഴ്ച ആയിരിക്കും.

### സെ പരീക്ഷ

HCC പരീക്ഷയിൽ പരാജയപ്പെട്ടവർക്കും, ഗൗരവമായ കാരണങ്ങളാൽ പരീക്ഷ എഴുതാൻ സാധിക്കാത്തവർക്കുമായുള്ള സെ പരീക്ഷ 2022 ഫെബ്രുവരി 27 ഞായർ 10 :30 AM - 12:30 PM വരെ അതാത് മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടക്കുന്നതാണ്.

## ഫെബ്രുവരി മാസപ്രോഗ്രാം

| | | |
|---|---|---|
| 06 ഞായർ | - | ദനഹാക്കാലം 4-ാം ഞായർ |
| | | **HCC പരീക്ഷയുടെ മൂല്യനിർണ്ണയം** |
| 13 ഞായർ | - | ദനഹാക്കാലം 5-ാം ഞായർ |
| 19 ശനി | - | **HCC പരീക്ഷാഫലം :** 2022 ഫെബ്രുവരി 19 ശനി |
| 20 ഞായർ | - | ദഹനാക്കാലം 6-ാം ഞായർ |
| 27 ഞായർ | - | നോമ്പുകാലം 1-ാം ഞായർ |
| | | **HCC സെ പരീക്ഷ** |
| 28 തിങ്കൾ | - | വിഭൂതി, ഉപവാസദിനം |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

## അഭിനന്ദനങ്ങൾ ..... പ്രാർത്ഥനകൾ....



സി. മനേഷ SFN　　സി. ജോഷ്ന SFN　　സി. അമല SFN

ഫിലിപ്പ് നേരി സന്യാസിനീ സമൂഹത്തിൽ ആദ്യ വ്രതവാഗ്ദാനം നടത്തിയ നവസന്യാസിനികൾക്ക്

**താമരശ്ശേരി രൂപതയുടെ പ്രാർത്ഥനാശംസകൾ....**

# ചെറുപുഷ്പ മിഷൻലീഗ്

## താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻലീഗിന് പുതിയ ഭാരവാഹികൾ

ഡിസംബർ 26 ന് താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ നടന്ന മാനേജിംഗ് കമ്മിറ്റിയിൽ വെച്ച് തെരഞ്ഞെടുക്കപ്പെട്ട 2021 – 2024 പ്രവർത്തന വർഷത്തെ ഭാര വാഹികൾ

പ്രസിഡന്റ് : ശ്രീ. ബാബു ചെട്ടിപ്പറമ്പിൽ, (കട്ടിപ്പാറ)
വൈ.പ്രസിഡന്റ് : ശ്രീമതി. ഷെറിൻ മേരി ജോൺ കളമ്പുകാട്ടിൽ (തിരുവമ്പാടി)
ജന. സെക്രട്ടറി : ശ്രീ. അനൂപ് സി. ജോസ് ചീരമറ്റത്തിൽ, (പൂഴിത്തോട്)
ജോ. സെക്രട്ടറി : ശ്രീമതി ടെസി ഷാജു നരിപ്പാറ (തലയാട്)
ജനറൽ ഓർഗനൈസർ : ജോയ് ജോർജ് പുതിയാപറമ്പിൽ, (വെറ്റിലപ്പാറ)

**റീജിയണൽ ഓർഗനൈസേഴ്സ് :**

1 കൂരാച്ചുണ്ട് : സിബി കരുവൻമാക്കൽ (വിലങ്ങാട്)
2 താമരശ്ശേരി : സെബിൻ സണ്ണി (മഞ്ഞുവയൽ)
3 തിരുവമ്പാടി : ജയ്മോൻ ജോർജ് (കല്ലുരുട്ടി)
4 മലപ്പുറം : മാത്യൂസ് പൈനാപ്പിള്ളി (നെന്മേനി)

*സംസ്ഥാന പ്രതിനിധികൾ*

ജിനോ തറപ്പുതൊട്ടിയിൽ, (തോട്ടുമുക്കം)
സിനോ തോമസ്, (കക്കയം)
അരുൺ കണ്ടത്തിൽ (വലിയകൊല്ലി)

*ജൂനിയർ ഭാരവാഹികൾ*

പ്രസിഡന്റ് : ജേക്കബ് ജോസ് ആലക്കൽ (മരുതോങ്കര)
വൈ. പ്രസിഡന്റ് : അന്ന മരിയ (ചമൽ)
സെക്രട്ടറി : മെൽവിൻ കുളത്തിങ്കൽ, (പെരിന്തൽമണ്ണ)
ജോ. സെക്രട്ടറി : നോറ അന്ന പ്രകാശ്, (ഈങ്ങാപ്പുഴ)

*എക്സിക്യൂട്ടീവ് മെമ്പർ*

അലക്സ് മഞ്ചേരിൽ, (കൂടത്തായ്)
ഓഡിറ്റേഴ്സ് : പ്രകാശ് മാത്യു പുളിക്കേക്കര, (ഈങ്ങാപ്പുഴ)
അമൽ പൈക്കാട്ട്, (മഞ്ഞക്കടവ്)

## സംസ്ഥാന സാഹിത്യമത്സരം (കവിത) താമരശ്ശേരി രൂപതയിൽ നിന്ന് പങ്കെടുത്തവർ

1 **ജൂനിയർ** – അലൻ അഗസ്തി ബിജു കീമറ്റത്തിൽ, തേക്കുംകുറ്റി
2 **സീനിയർ** – മമ്ത റോസ് വീട്ടുവേലിക്കുന്നേൽ, മരിയാപുരം
3 **സൂപ്പർ സീനിയർ** – ലയ ക്രിസ്റ്റി കൂരാപ്പിള്ളി, കൂരാച്ചുണ്ട്

ജൂനിയർവിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ അലൻ അഗസ്തി കീമറ്റത്തിൽ തേക്കുംകുറ്റി, സീനിയർ ഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ മമ്ത റോസ് വീട്ടുവേലിക്കുന്നേൽ മരിയാപുരം എന്നിവർക്ക് അഭിനന്ദനങ്ങൾ..

## ST. JOSEPH YEAR കവിതാമത്സര വിജയികൾ

*ജൂനിയർ*

First : അലൻ അഗസ്തി കീമറ്റത്തിൽ, തേക്കുംകുറ്റി
Second : ആഷ വിലങ്ങുപാറ, ചുണ്ടത്തുംപൊയിൽ
Third : ആൽബിൻ സ്തുതിക്കാട്ട്, പനംപ്ലാവ്

*സബ്ജൂനിയർ*

First : ആൻ മരിയ സ്രായിൽ, തേക്കുംകുറ്റി
Second : ആൻസ്റ്റീന എലിസബത്ത്, കക്കയം
Third : ആഗ്നസ് കള്ളികാട്ട്, വെറ്റിലപ്പാറ

## സീറോ മലബാർ പ്രേഷിതവാരം

ജനുവരി 6 മുതൽ 12 വരെ ആചരിക്കപ്പെട്ട പ്രേഷിതവാരത്തിൽ ഒഡീഷ, ഝാൻസാനിയ, സത്താറ എന്നിവിടങ്ങളിലെ പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ online ൽ നല്കി.

## ഗ്ലോബൽ മീറ്റ് (Missio)

ചെറുപുഷ്പ മിഷൻ ലീഗ് കേരള സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ പ്ലാറ്റിനം ജൂബിലി വർഷത്തിൽ കേരളത്തിന് പുറത്തും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള പ്രവർത്തകരെയും പ്രവർത്തനങ്ങളെയും പരിചയപ്പെടുത്തുന്നതിനു വേണ്ടി 2022 ജനുവരി 9 ന് രാത്രി 8 മണിക്ക് ഓൺലൈനിലൂടെ ചേർന്നു.

അൾജീരിയ – ടുണീഷ്യ രാജ്യങ്ങളുടെ വത്തിക്കാൻ സ്ഥാനപതി മാർ കുര്യൻ വയലുങ്കൽ ഗ്ലോബൽ മീറ്റ് ഉദ്ഘാടനം ചെയ്തു. രൂപത യിൽ നിന്നും മേഖലാ രൂപതഭാരവാഹികൾ പങ്കെടുത്തു.

മാർപ്പാപ്പയുടെ പ്രതിനിധിയായ് അൾജീരിയയിലും ടുണീഷ്യ യിലും പ്രവർത്തിക്കുന്ന മാർ കുര്യൻ വയലുങ്കൽ പിതാവിന്റെ വാക്കുകൾ അദ്ദേഹത്തിന്റെ

ജീവിതത്തിലും സഭയിലും മിഷൻലീഗി നുള്ള സ്ഥാനം എത്ര വലുതാണ് എന്ന് വെളിപ്പെടുത്തുന്നതായിരുന്നു.

കാനഡയിലും, യൂ. കെ. യിലും, അമേരിക്കയിലും, തമിഴ്നാട്ടിലും, കർണാടകയിലുമൊക്കെ അന്നാടുകളുടെ പരിമിതികളും, വെല്ലുവിളി കളും മറികടന്ന് ചെറുപുഷ്പ മിഷൻ ലീഗിനെ വളർത്തി വലുതാക്കുന്ന അനുഭവങ്ങൾ സി. ജെസ്‌ലിൻ സി.എം.സി, ശ്രീ. ജെന്റിൻ ജെയിംസ്, ശ്രീ. സിജോയ് സിറിയക്, ശ്രീമതി. സ്നേഹലത, ശ്രീ. ജോൺ കെ.ടി എന്നിവരാണ് പങ്കുവെച്ചത്.

**2022 ഫെബ്രുവരി മാസ പ്രോഗ്രാം**

'സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുക'

2 ബുധൻ – നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം
11 വെള്ളി – ലൂർദ് മാതാവ്
12 ശനി – രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്
13 ഞായർ – തിരുബാലസഖ്യദിനം
25 വെള്ളി – വാഴ്ത്തപ്പെട്ട സി. റാണിമരിയ
27 ഞായർ – നോമ്പുകാലം ഒന്നാം ഞായർ
28 തിങ്കൾ – വിഭൂതി, ഉപവാസ ദിനം
– താബോർ വാർഷിക ധ്യാനം ആരംഭം

***'വളരാൻ വളർത്താൻ'***

- പ്രയർസെൽ ചേർന്ന് പ്രാർത്ഥിക്കുക
- മിഷനറിമാരെ ആദരിക്കൽ
- മിഷൻ അനുഭവങ്ങൾ, ഡോക്യുമെന്ററികൾ നൽകൽ
- വിശുദ്ധരെ അറിയാം – വി. ബ്രജീത്ത
- വാ. സി. റാണിമരിയയെ പരിചയപ്പെടുത്തൽ

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ

# തിരുബാലസഖ്യം

**ഫെബ്രുവരിമാസ പ്രോഗ്രാം**

| | | |
|---|---|---|
| പ്രവൃത്തി | : | നിങ്ങൾക്ക് പ്രിയപ്പെട്ട ഓരോ കൂട്ടുകാരുടെയും നന്മ വശങ്ങളെക്കുറിച്ച് എഴുതിയ കുറിപ്പ് തയ്യാറാക്കുക |
| 06 ഞായർ | : | യോഹ. 3:22-31, ഹെബ്രാ. 8:1-6 |
| 11 വെള്ളി | : | ലൂർദ് മാതാവ് |
| 13 ഞായർ | : | തിരുബാലസഖ്യ ദിനം |
| 27 ഞായർ | : | മത്താ. 4:1-11, എഫേ. 4:17-24 |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

**സുറിയാനി ഭാഷാ- പൈതൃക പഠന ക്ലാസ്സ്- പുതിയ ബാച്ച് ആരംഭിച്ചു**

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ- പൈതൃക പഠന ക്ലാസിന്റെ പുതിയ ബാച്ച് 2022 ജനുവരി 16 ഞായറാഴ്ച്ച ആരംഭിച്ചു. എല്ലാ ഞായറാഴ്ചയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ് നടത്തുന്നത്. അമ്പതോളം പേർ നിലവിൽ ക്ലാസിൽ സംബന്ധിക്കുന്നുണ്ട്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്.

**മർഗാനീസ- ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ**

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധന ക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ ജനുവരി മാസത്തിലെ

ക്ലാസ്സുകൾ 8, 22 തീയതികളിൽ നടന്നു. ക്ലാസെടുത്തത് താമരശ്ശേരി രൂപത ചാൻസലറും പ്രസിദ്ധ ധ്യാനഗുരുവുമായ ബഹു. ജോർജ് മുണ്ടനാട്ട ച്ചനായിരുന്നു.

'വിശുദ്ധ കുർബാന സഭാ പ്രബോധനങ്ങളിൽ' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് അദ്ദേഹം ക്ലാസുകൾ എടുത്തത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര- ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇ-മെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ജനുവരി മാസത്തിലെ ക്ലാസ്സുകൾക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തന്ന രാജേഷ് കൂത്രപ്പള്ളി, റിജോ കൂത്രപ്പള്ളി എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# വിദ്യാഭ്യാസരംഗം

### പ്രധാനധ്യാപക നിയമനം - അപേക്ഷ ക്ഷണിക്കുന്നു

താമരശ്ശേരി കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള പ്രൈമറി/ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2022-23 അധ്യയനവർഷം പ്രധാനധ്യാപകരായി നിയമിക്കപ്പെടുന്നതിന് യോഗ്യതയുള്ള അധ്യാപകർ **04.02.2022** ന് മുമ്പായി നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### അധ്യാപക-അനധ്യാപക സ്ഥലംമാറ്റം

2022-23 അധ്യയനവർഷം സ്ഥലംമാറ്റം ആഗ്രഹിക്കുന്ന കോർപ്പറേറ്റ് സ്കൂളു കളിലെ അധ്യാപക-അനധ്യാപക ജീവനക്കാർ നിശ്ചിത മാതൃകയിലുള്ള അപേ ക്ഷാഫോറം പൂരിപ്പിച്ച് **28.02.2022** നു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ സമർപ്പി ക്കേണ്ടതാണ്.

### ആദരാഞ്ജലികൾ

കോടഞ്ചേരി സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂളിൽനിന്നും പ്രധാനാധ്യാപികയായി വിരമിച്ച ശ്രീമതി **സിസിലി പി.എൽ.**, കാറ്റുള്ളമല നിർമ്മല യു.പി.സ്കൂളിൽ നിന്നും സഹാധ്യാപികയായി വിരമിച്ച ശ്രീമതി **ഏലിയാമ്മ വി.കെ.**, കുളത്തുവയൽ സെന്റ് ജോർജസ് ഹൈസ്കൂളിലെ പ്രൈമറി അധ്യാപികയായി വിരമിച്ച ശ്രീമതി **ഇട്ടിയന്നം**, കല്ലാനോട് സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്നും മലയാള അധ്യാപികയായി വിരമിച്ച ശ്രീമതി **വി. പി. ത്രേസ്യാമ്മ തോട്ടയ്ക്കാട്** എന്നിവർ ഈ കാലയളവിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സുദീർഘമായ തങ്ങളുടെ സേവനകാലത്ത് ഏറെ സ്തുത്യർഹമായരീതിയിൽ അധ്യാപന ജീവിതം നയിച്ച്, ഏവർക്കും പ്രിയപ്പെട്ടവരായി കടന്നുപോയ ഈ അധ്യാപക ശ്രേഷ്ഠരുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

## സ്റ്റാർട്ട്

### Residential Master Training Course (MTC)

സ്റ്റാർട്ടിന്റെ പരിശീലന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ട കോഴ്സായ പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കുവേണ്ടി സങ്കടിപ്പിച്ചുവരുന്ന ഏകവൽസര പരിശീലന കോഴ്സ് 2022 ജനുവരി മൂന്നാം തിയതി മുതൽ താമസിച്ചുള്ള പരിശീലനമായി സ്റ്റാർട്ടിൽ ആരംഭിച്ചു. മൂന്നു മാസമാണ് ഈ കോഴ്സിന്റെ കാലാവധി.

കോവിഡിന്റെ പ്രത്യേക പശ്ചാത്തലത്തിൽ തുടക്കത്തിൽ ഓൺലൈനായി നടത്തപ്പെട്ട ഈ കോഴ്സ് മാർച്ച് 31 സമാപിക്കും.

സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0495 2357843, 8590468035 (whatsapp), e-mail: startindia@gmail.com

### സ്റ്റാർലൈറ്റ് e-learning course സമാപിച്ചു

ഒൻപത് മാസമായി 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ക്രിസ്റ്റീനും സ്റ്റാർട്ടും സംയുക്തമായി സംഘടിപ്പിച്ചുവരുന്ന ഇംഗ്ലീഷ് ഗ്രാമർ, ലോജിക്കൽ റീസണിംഗ് പരിശീലനം ജനുവരി 20-ന് സമാപിച്ചു. പങ്കെടുത്ത് പ്രയോജനപ്പെടുത്തിയ എല്ലാ കുട്ടികളെയും അഭിനന്ദിക്കുന്നു. കുട്ടികൾക്ക് പരിശീലനം നൽകാൻ സ്റ്റാർട്ടിനോട് ചേർന്ന് സഹകരിച്ച ക്രിസ്റ്റീന്റെ

എല്ലാ ആനിമേറ്റർമാർക്കും നന്ദി പറയുകയും ദൈവാനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ആന്റണി കാരികുന്നേൽ**
അസി. ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## അന്താരാഷ്ട്ര എയ്ഡ്സ് ദിനം ആചരിച്ചു

അൽഫോൻസ കോളേജിൽ അന്താരാഷ്ട്ര എയ്ഡ്സ് ദിനം ആചരിച്ചു. അൽഫോൻസ കോളേജും ദിശ ചാരിറ്റബിൾ ട്രസ്റ്റും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. കോളേജ് മാനേജർ ഫാ.സ്കറിയ മങ്ങരയിൽ ചുവന്ന റിബൺ, പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വിക്കും വിശിഷ്ടാതിഥിയായി എത്തിയ പ്രിയദർശൻ ലാലിനും നൽകികൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥി പ്രതിനിധി ജോയൽ ആന്റണി എയ്ഡ്സ് ദിന പ്രതിജ്ഞ സദസ്സിന് ചൊല്ലിക്കൊടുത്തു. കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ വി അധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. പ്രിയദർശൻ ലാൽ മുഖ്യ പ്രഭാഷണവും ഡോക്ടർ അരുൺ മാത്യു വിഷയാവതരണവും നടത്തി. വിദ്യാർത്ഥികളുടെ തീമാറ്റിക് ഡാൻസ്, മൈം തുടങ്ങിയവ ദിനാചരണത്തിന് മാറ്റുകൂട്ടി. ദിശ ചെയർമാൻ പ്രകാശ് പീറ്റർ, ജോയിന്റ്സെക്രട്ടറി ലിനീഷ് കെ പി, അധ്യാപകരായ ദീപ ഡൊമിനിക്ക്, സ്വീറ്റി ജോസ്, അമൽജിത്, വിദ്യാർഥി പ്രതിനിധികളായ അബിൻ ജോൺ മാത്യു, ലിയ ജെ മരിയ, ആദിത്യ ടികെ, അതുൽ ജോസഫ്, ജോയൽ മൈക്കിൾ, ഋത്വിക് ടോം, അമൽ ജലാൽ, നെന മനോജ്, ഹാഷിം ഷറഫ്, നിഹാൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## സ്നേ ബെൽസ് 2021

അൽഫോൻസ കോളേജിൽ സ്നേ ബെൽസ് 2021 ക്രിസ്മസ് ആഘോഷം കോളേജ് രക്ഷാധികാരിയും താമരശ്ശേരി രൂപതാ ബിഷപ്പുമായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജർ ഫാ. സ്കറിയാ മങ്ങരയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പൽ ഡോ. ചാക്കോ കെ വി, അൽഫോൻസ കോളേജ് സ്റ്റുഡൻസ് ലീഡർ ആകാശ് ശിവകുമാർ എന്നിവർ സംസാരിച്ചു. ആറു ദിവസം നീണ്ടുനിന്ന ക്രിസ്മസ് വിളംബരപരിപാടികൾ പ്രിൻസിപ്പൽ ഡോ. ചാക്കോ കെ വി ക്രിസ്മസ്ട്രീയിൽ നക്ഷത്രങ്ങൾ തൂക്കി

കൊണ്ട് ഉദ്ഘാടനം ചെയ്തു കൊണ്ടാണ് അൽഫോൻസ കോളേജിലെ ഈ വർഷത്തെ ക്രിസ്മസ്ആഘോഷങ്ങൾ ആരംഭിച്ചത്. വിവിധ ഡിപ്പാർട്ട് മെന്റ്നേതൃത്വത്തിൽ ഫ്ലാഷ് മോബുകൾ, കരോൾ ഗാനങ്ങൾ എന്നിവ വിളംബര പരിപാടികൾക്ക് മാറ്റുകൂട്ടി. കരോൾ ഗാന മത്സരം, ക്രിസ്മസ് പപ്പാ മേക്കപ്പ് മത്സരം, നാസിക് ഡോൾ എന്നിവയ്ക്കുപുറമേ ഗാല ഫുഡ് ഫെസ്റ്റ് അൽഫോൻസിയൻസിന്റെ കാരുണ്യ പ്രവർത്തികളുടെ മുഖം കൂടിയായിരുന്നു. കോളേജ് വൈസ് പ്രിൻസിപ്പൽ ഫാ ഷെനീഷ് അഗസ്റ്റിൻ, ദീപ ഡൊമിനിക്, സ്റ്റുഡന്റ് കോർഡിനേറ്റർ അമലു ആന്റണി എന്നിവർ നേതൃത്വം നൽകി.

## തിരുവമ്പാടി ടൌണിൽ ക്രിസ്തസ് വിളംബര സന്ദേശവുമായി അൽഫോൻസ കോളേജിലെ വിദ്യാർത്ഥികൾ

കോളേജിലെ വിദ്യാർത്ഥികൾ തിരുവമ്പാടി ബസ് സ്റ്റാൻഡ് പരിസരത്ത് ക്രിസ്മസ് വിളംബര സന്ദേശവുമായി ഫ്ലാഷ് മോബ് നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ.കെ വി ചാക്കോ ഉദ്ഘാടനം ചെയ്ത ഫ്ലാഷ് മോബിനോടനുബന്ധിച്ച് ക്രിസ്മസ് വിളംബര സന്ദേശം ജോസഫ് പുളിമൂട്ടിൽ നൽകി. കോളേജ് വൈസ് പ്രിൻസിപ്പൽ ഫാ.ഷെനീഷ് അഗസ്റ്റിൻ, ഷിജി ഫ്രാൻസിസ്, അമന്റ ഷാജി, ദീപ ഡോമിനിക്, ആകാശ് ശിവകുമാർ, അമലു ആന്റണി, അമൃതാ വത്സൻ, അനീഷ സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

## കരാട്ടെ ക്ലബ് ഉദ്ഘാടനം ചെയ്തു.

അൽഫോൻസ സ്പോർട്സ് ക്ലബിന്റെയും ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെയും നേതൃത്വത്തിൽ ആരംഭിച്ച 'ആക്ട് കരാട്ടെ ക്ലബ് ' കോളേജ് വൈസ് പ്രിൻസിപ്പൽ റെവ. ഫാ. ഷെനീഷ് അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ പ്രതിരോധ മികവും ശ്രദ്ധയും ഒത്തൊരുമയും തീരുമാനങ്ങളെടുക്കാനുള്ള കഴിവും അച്ചടക്കവും ആരോഗ്യവും ആയോധന കലാ പരിശീലനത്തിലൂടെ നേടിയെടുക്കുക എന്നുള്ളതാണ് ക്ലബ്ബിന്റെ ഉദ്ദേശലക്ഷ്യം. കരാട്ടെ യുടെ സാമൂഹ്യ പ്രസക്തിയെക്കുറിച്ച് കരാട്ടെ മാസ്റ്റർ ആയ ജയേഷ്സ്രാമ്പിക്കൽ വിദ്യാർഥികളുമായി സംവദിച്ചു. തങ്കച്ചൻ, ബിജോയ്സ്, ബെഞ്ചമിൻ എന്നിവർ കരാട്ടെ ഡെമോൺസ്ട്രേഷൻ നേതൃത്വം നൽകി. കരാട്ടെ ക്ലബ് കോ-ഓർഡിനേറ്റർ പ്രൊഫസർ ജോസഫ് പുളിമൂട്ടിൽ, യൂണിയൻ അഡ്വൈസർ ശ്രീ അമൽജിത് എൻ കെ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ജപ്പാൻ ഷോട്ടോഖാൻ കരാട്ടെ സ്കൂൾ കൂടരഞ്ഞിയുടെ കരാട്ടെ ക്ലബ് പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നത്.

## ലഹരി വിമുക്ത സെമിനാർ

ലൈബ്രറി കൺസിൽ തിരുവമ്പാടി കൂടരഞ്ഞി പഞ്ചായത്ത് സമിതിയുടെയും അൽഫോൻസ കോളേജിന്റെയും നേതൃത്വത്തിൽ കോളേജിൽ വച്ച് ലഹരി വിരുദ്ധ

ബോധവത്കരണ സെമിനാർ നടത്തി. താമരശ്ശേരി എക്സൈസ് റെയിഞ്ച് ഓഫീസിലെ താലൂക്ക്‌വിമുക്തി കോഓർഡിനേറ്റർ ശ്രീ. പ്രസാദ് കെ സെമിനാറിന് നേതൃത്വം നൽകി. കോളേജ് പ്രിൻസിപ്പൽ ഡോ.ചാക്കോ കെ വി. അദ്ധ്യക്ഷത വഹിച്ചു. താമരശ്ശേരി താലൂക്ക് ലൈബ്രറി കൺസിൽ ജോ.സെക്രട്ടറി ശ്രീ പി. കെ. മുരളി ഉദ്ഘാടനം നിർവഹിച്ചു. കോളേജ് ലഹരി വിരുദ്ധ ക്ലബ്ബ് ജോ.കൺവീനർ മിസ് ജിസി സ്വാഗതവും വൈസ് പ്രിൻസിപ്പൽ റവ.ഫാ.ഷെനിഷ് അഗസ്റ്റിൻ, കോളേജ് സ്റ്റുഡന്റ് ചെയർമാൻ ആകാശ് ശിവകുമാർ, തിരുവമ്പാടി കൂടരഞ്ഞി പഞ്ചായത്ത് സമിതി കൺവീനർ സാലസ് മാത്യു, എന്നിവർ ആശംസകൾ അർപ്പിച്ചു. കോളേജ് സ്റ്റുഡന്റ് റപ്പ് ഹൃദിക്ടോം നന്ദിയും പറഞ്ഞു.

### ജീസസ് യൂത്ത്

ജനുവരി ഇരുപതാം തിയ്യതി അൽഫോൻസ കോളജിന്റെ ജീസസ് യൂത്ത് ഫെല്ലോഷിപ്പ് ഗാദറിംഗ് നടത്തി. മീറ്റിംഗിൽ 60-ഓളം ജീസസ് യൂത്ത് അംഗങ്ങൾ പങ്കെടുത്തു. കോഴിക്കോട് ജീസസ് യൂത്ത്ക്യാമ്പസ് മിനിസ്ട്രി കോഡിനേറ്ററായ ബിജോയി ആയിരുന്നു റിസോഴ്സ് പേഴ്സൺ. പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച കൂട്ടായ്മയിൽ അൽഫോൻസ കോളജ് ജീസസ് യൂത്ത് കോർഡിനേറ്ററായ രമ്യ.സി.അലക്സ് സ്വാഗതം ആശംസിച്ച് റിസോഴ്സ് പേഴ്സനെ പരിചയപ്പെടുത്തി. മീറ്റിംഗിൽ പ്രോവിഡൻസ്, ദേവഗിരി, ലിസ തുടങ്ങിയ കോളേജുകളിൽ നിന്ന് കോർഡിനേറ്റർമാർ പങ്കെടുത്തു. രണ്ടു മണിക്കൂർ നീണ്ടു നിന്ന പരിപാടിക്ക് അദ്ധ്യാപകനായ റോബിൻ ജോർജ് നന്ദി പ്രകടിപ്പിച്ചു. പ്രാർത്ഥനയോടെ മീറ്റിംഗ് അവസാനിക്കുകയും ചെയ്തു.

### ACT for ACTIVE LIFE

മെൻറ്ററിങ്ങ് & കൌൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് പഠനത്തിനും ജീവിത വിജയത്തിനും വഴിയൊരുക്കാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്രശസ്ത ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.ബഷീർകുട്ടി പത്തൊൻപതാം തിയ്യതി ബുധനാഴ്ച ക്ലാസെടുത്തു. പഠനത്തിനും മാനസിക ആരോഗ്യത്തിനും വിഘാതമാകുന്ന സാഹചര്യങ്ങൾ തരണം ചെയ്യാൻ പ്രസ്തുത ക്ലാസ്പ്രചോദനമായി

### നേട്ടങ്ങൾ

കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടന്ന 40 -ാമത്അമേച്ചർ ജൂഡോ ചാമ്പ്യൻഷിപ്പിൽ അൽഫോൻസ കോളേജ് വിദ്യാർത്ഥിനി അശ്വതി പദ്മൻ ജൂനിയർ വിഭാഗത്തിൽ സ്വർണ്ണ മെഡലും സീനിയർ വിഭാഗത്തിൽ വെങ്കലവും നേടി.

കോഴിക്കോട് ജില്ല അണ്ടർ 20 അമേച്ചർ മീറ്റിൽ അൽഫോൻസ കോളേജിലെ

ഒന്നാം വർഷ ബി.ബി.എ. വിദ്യാർത്ഥി അഭയ് സുരേഷ്ഷോട്ട്പുട്ടിൽ വെള്ളി മെഡലും ജാവലിൽ ത്രോയിൽ വെങ്കല മെഡലും നേടി.

നെഹ്റു യുവ കേന്ദ്ര, റിപ്പബ്ലിക് ഡേയോടനുബന്ധിച്ച് നടത്തിയ പ്രസംഗമത്സരത്തിൽ ഇംഗ്ലീഷ് വിഭാഗത്തിൽ കോഴിക്കോട് ജില്ലയിലെ ഒന്നാം സ്ഥാനം, അൽഫോൻസ കോളേജിലെ രണ്ടാം വർഷ ബിഎ ഇംഗ്ലീഷ് വിദ്യാർത്ഥി സാമുവൽ വടക്കൻ നേടി

**റവ. ഫാ. സ്കറിയ മങ്ങരയിൽ**

മാനേജർ, അൽഫോൻസ കോളേജ്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## കൗൺസിലിംഗ്

മാനസിക പിരിമുറക്കം അനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനും ജീവിതസാഹചര്യങ്ങളെ തന്മയത്വത്തോടെ നേരിടുന്നതിനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ JPI യിൽ കൗൺസിലിംഗ് നടത്തപ്പെടുന്നു.

## Information

കോഴ്സുകൾ അഡ്മിഷൻ തുടരുന്നു.

1 എം എസ് സി കൗൺസിലിംഗ് സൈക്കോളജി

2 ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓൺലൈൻ)

3 ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് മലയാളം (ഓൺ ലൈൻ) (only for fathers and sisters)

4 ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് ഇംഗ്ലീഷ് (ഓൺലൈൻ) (only for fathers and sisters)

5 ഡിപ്ലോമ കോഴ്സ് (ഓൺലൈൻ) (only for sisters)

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ നടത്തപ്പെടുന്ന കോഴ്സുക ളിലേയ്ക്കുള്ള അഡ്മിഷൻ തുടരുന്നു.

**ഫാ. കുര്യൻ പുരമഠത്തിൽ**

ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# ആൽഫ മരിയ അക്കാദമി

### വിജയത്തിളക്കം

2021 ജനുവരി 31ന് ഡിഎച്ച്എസ് സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 തസ്തികയിലേക്ക് പി.എസ്.സി നടത്തിയ പരീക്ഷയിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ആൽഫ മരിയ അക്കാദമിയിൽ നിന്നും പരിശീലനം നേടിയ നേഴ്സുമാർ റാങ്ക് ലിസ്റ്റിൽ ഇടം നേടി. ഡിഎച്ച് എസ് സ്റ്റാഫ് നേഴ്സ് മലപ്പുറം ജില്ല മലപ്പുറം ജില്ലയിൽ നിന്നും പ്രശാന്ത് സി (1-ാം റാങ്ക്), വീനിഷ കെ (29-ാം റാങ്ക്), വിദ്യ പി.കെ. (35-ാം റാങ്ക്), ഫിദ കെ. (22-ാം റാങ്ക്), സുരജ്ഞിനിക്ക് (65-ാം റാങ്ക്), ലഭിച്ചു.

### ഡി എച്ച് എസ് സ്റ്റാഫ് നേഴ്സ് പാലക്കാട് ജില്ല

പാലക്കാട് ജില്ലയിൽ നിന്നും അഞ്ജന കെ.എസിനാണ് 2-ാം റാങ്ക് ലഭിച്ചത്.

### പോസ്റ്റ് ബേസിക് ബിഎസ് സി നേഴ്സിംഗ്

പോസ്റ്റ് ബേസിക് ബിഎസ്സി നേഴ്സിംഗ് എൻട്രൻസ് പരീക്ഷയിൽ അ ജ്ഞലി എ.ടി (53-ാം റാങ്ക്), അമൃത എസ്.സി (33-ാംറാങ്ക്), ദിവ്യ (45-ാം റാങ്ക്) ലഭിച്ചു.

### ഗുരുവായൂർ ദേവസ്വം ബേർഡ് സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2

ഗുരുവായൂർ ദേവസ്വം ബോർഡ് നടത്തിയ സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 പരീക്ഷയിൽ അഭിനാദ് എസിന് 10-ാം റാങ്ക് ലഭിച്ചു.

### ട്യൂഷൻ ക്ലാസുകൾ

2022-2023 അധ്യായന വർഷത്തെ 8, 9, 10, 11, 12 ക്ലാസ്സുകളിലേക്കുള്ള ട്യൂഷൻെറ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

### ഇംഗ്ലീഷ് ഗ്രാമർ കോഴ്സ്

ആൽഫ മരിയ അക്കാദമിയും തിരുവമ്പാടി അൽഫോൻസാ കോളേജും സംയുക് തമായി വിവിധ പരീക്ഷകൾക്കായി ഒരുങ്ങുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി High Quality EnglishGrammar Course with Emphasis on Writing, Speaking and Word Power എന്ന കോഴ്സ് നടത്തുന്നു. ക്ലാസുകൾക്ക് നേതൃത്വം കൊടുക്കുന്നത് ഡോ.ജോസഫ് തോണിക്കുഴി (MA, B.Ed, P.hd, Author of three books) ക്ലാസുകൾ ഫ്രെബുവരി ഒന്ന് മുതൽ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ആൽഫയുടെ ഓഫീസുമായി ബന്ധപ്പെടുക. Phone : 7907028758

**ഫാ. ജോസഫ് പുളിച്ചമാക്കൽ**

ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# കെ.സി.വൈ.എം.

## ഇടയനോടൊത്ത്

ജനുവരി രണ്ടാം തിയ്യതി 2022 വർഷത്തെ രൂപത ഭാരവാഹികൾ താമരശ്ശേരി രൂപത ബിഷപ്പ് അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിനെ കണ്ട് അനുഗ്രഹം വാങ്ങുകയും രൂപതാ സമിതി ഔദ്യോഗികമായി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കെ സി വൈ എം എസ് എം വൈ എം താമരശ്ശേരി രൂപത ഡയറക്ടർ ഫാ.ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, രൂപത ആനിമേറ്റർ സി ഷാർലെറ്റ് സി.എം. സി എന്നിവർ സന്നിഹിതരായിരുന്നു. തുടർന്ന് നടന്ന എക്സിക്യൂട്ടീവ് യോഗത്തിൽ വിവിധ വിങ്ങുകളുടെ ഇൻചാർജ്മാരെ തീരുമാനിച്ചു.

## നെന്മേനി മികച്ച യൂണിറ്റ്

കെ സി വൈ എം താമരശ്ശേരി രൂപതയിലെ 2020-21 പ്രവർത്തന വർഷത്തെ ഏറ്റവും മികച്ച യൂണിറ്റിനുള്ള അവാർഡ് നെന്മേനി യൂണിറ്റ് കരസ്ഥമാക്കി. നെന്മേനി യൂണിറ്റ് ഡയറക്ടർ, അനിമേറ്റർ എന്നിവർക്കും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

## പ്രയാണിന് തുടക്കമായി

കെ. സി. വൈ.എം. എസ് എം വൈ എം മേഖലകളുടെ നേതൃത്വത്തിൽ നടത്തുന്ന യൂണിറ്റ് സന്ദർശനം 'പ്രയാൺ' വിവിധ മേഖലകളിൽ ആരംഭിച്ചു.

## വിമൻസ് വിങ്ങ് പ്രവർത്തന വർഷ ഉദ്ഘാടനം

കെ സി വൈ എം എസ് എം വൈ എം താമരശ്ശേരി രൂപതയുടെ 2021 22 വിമൻസ് വിങ്ങിന്റെ പ്രവർത്തന വർഷം പ്രശസ്ത സാമൂഹ്യപ്രവർത്തകയും, 'വാതിൽ ഫൗണ്ടേഷൻ' ഡയറക്ടറായ നിഷാ ജോസ് ഉദ്ഘാടനം ചെയ്തു. രൂപതാ വൈസ് പ്രസിഡന്റ് അഖില തോമസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ മുഖ്യപ്രഭാഷണവും, രൂപത ആനിമേറ്റർ സി. ഷാർലറ്റ് റോസ് ആമുഖ പ്രഭാഷണവും നടത്തി. വിമൻസ് വിങ് കോർഡിനേറ്റർമാരായ ആഷ്‌ലി മാത്യു, അനുഷിത സണ്ണി, ലെറ്റിഷ ജോഷി എന്നിവർ നേതൃത്വം നൽകി.

## മേഖല ഡയറക്ടർമാർക്കും അനിമേറ്റർമാർക്കും നന്ദി, സ്വാഗതം

കെസിവൈഎം തിരുവമ്പാടി മേഖലയുടെ ഡയറക്ടറായി ഒരു വർഷത്തിലധികം സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ബിജോ പനച്ചിക്കൽ അച്ചനും കോടഞ്ചേരി മേഖലയുടെ ഡയറക്ടറായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ച സബിൻ തൂമുള്ളിൽ അച്ചനും ഹൃദയപൂർവം നന്ദി അറിയിക്കുന്നു.

കെ സി വൈ എം എസ് എം വൈ എം കോടഞ്ചേരി മേഖല ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. ജോസുകുട്ടി അന്തീനാട്ടിനും തിരുവമ്പാടി മേഖല ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. ജോബിൻ തെക്കേക്കരമറ്റത്തിനും കെ.സി.വൈ.എം.-എസ.എം.വൈ.എം കുടുംബത്തിലേക്ക് സ്വാഗതം.

പാറോപ്പടി മേഖല അനിമേറ്ററായി നിയമിതയായിരിക്കുന്ന സിസ്റ്റർ പാവന സി.എം.സി, പെരിന്തൽമണ്ണ മേഖല അനിമേറ്ററായി നിയമിതയായിരിക്കുന്ന സിസ്റ്റർ നൈസി സി.എം.സി., താമരശ്ശേരി മേഖല അനിമേറ്ററായി നിയമിതയായിരിക്കുന്ന സി. ജീന എസ്.എഫ്.എൻ. എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

### കെ.സി .വൈ.എം. സംസ്ഥാന വാർഷിക സെനറ്റ്

പാലക്കാട് രൂപതയിലെ യുവക്ഷേത്ര കോളേജിൽ വെച്ച് നടത്തിയ സംസ്ഥാന വാർഷിക സെനറ്റിൽ സമ്മേളനത്തിൽ രൂപതയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ, ആനിമേറ്റർ സി.ഷാർലറ്റ് CMC, ജന. സെക്രട്ടറി റിച്ചാൾഡ് ജോൺ, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ ടിബിൻ അഗസ്റ്റിൻ, ലെറ്റിഷ്യ ജോഷി, സെനറ്റ് അംഗം അലീന മാത്യു എന്നിവർ പങ്കെടുത്തു.

### ജോബ് ഫെയർ ട്രെയിനിങ് നടത്തി

ജിടെക് കമ്പ്യൂട്ടർ സെന്റർ സഹകരിച്ചുകൊണ്ട് നടത്തുന്ന ജോബ് ഫെയറിന് മുന്നോടിയായി എങ്ങനെ മനോഹരമായ ഒരു സി വി തയ്യാറാക്കാം, ഇന്റർവ്യൂ എങ്ങനെ അഭിമുഖീകരിക്കാം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ഓൺലൈൻ ട്രെയിനിങ് നടത്തി. നൂറോളം യുവജനങ്ങൾ പങ്കെടുത്ത ട്രെയിനിംങ്ങിൽ കൈതപോയിൽ ലിസ കോളേജ് പ്രൊഫസർ ശ്രീ. ഷൈജു അതിരമ്പുഴ ക്ലാസുകൾ നയിച്ചു.

### ലീഡ് ലീഡർഷിപ് ട്രെയിനിങ് രൂപത സമിതി

2022 വർഷം ക്രമീകരിച്ചിരിക്കുന്ന കെസിവൈഎം എസ് എം വൈ എം നേതൃതലത്തിൽ ഉള്ളവർക്ക് വേണ്ടിയുള്ള ലീഡർഷിപ്പ് ട്രെയിനിങ് 'ലീഡ്' പ്രോഗ്രാമിന്റെ ആദ്യ സെഷൻ ജനുവരി 25, 26 തീയതികളിൽ രൂപത സമിതി അംഗങ്ങൾക്ക് വേണ്ടി കക്കാടംപോയിലിൽ വെച്ച് നടത്തപ്പെട്ടു. ശ്രീ. ഷൈജു അതിരമ്പുഴ, കൗൺസിലർ ശ്രീ. ബോബൻ കൊക്കപ്പുഴ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. 27 പേരുടെ രൂപത സമിതി ട്രെയിനിങ്ങിൽ പങ്കെടുത്തു.

### സംസ്ഥാന കലോത്സവത്തിൽ രണ്ടാം സ്ഥാനം

ഉത്സവ് 2K21 കെസിവൈഎം സംസ്ഥാന കലോത്സവത്തിൽ താമരശ്ശേരി രൂപത രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഒന്നാം സ്ഥാനം നേടിയ മാനന്തവാടി രൂപതയേക്കാൾ 11 പോയന്റ് വ്യത്യാസത്തിൽ 103 പോയിന്റോടെയാണ് രണ്ടാം സ്ഥാനം കരസ്ഥമാക്കിയത്. ഗ്രൂപ്പ് ഇനങ്ങളിലും വ്യക്തിഗത ഇനങ്ങളിലും സമ്മാനം നേടി രൂപതയുടെ അഭിമാനമായി മാറിയ എല്ലാ കലാകാരന്മാർ

ക്കും കലാകാരികൾക്കും രചയിതാക്കൾക്കും എല്ലാവിധ പിന്തുണയും നൽകിയ ആനിമേറ്റർമാർക്കും വൈദികർക്കും മേഖല രൂപതാ ഭാരവാഹികൾക്കും ഹൃദയ പൂർവ്വം അഭിനന്ദനവും നന്ദിയും അറിയിക്കുന്നു.

## സംസ്ഥാനതല വിജയികൾ

1. കൊളാഷ്

ഒന്നാംസ്ഥാനം - റിൻസ് ബെന്നി വടക്കേടം, പൂഴിത്തോട്

2. നാടോടിനൃത്തം (ആൺ)

രണ്ടാംസ്ഥാനം - ജോസഫ് ജെയിംസ്കുട്ടി ഇയ്യാലിൽ, മരിയാപുരം

3. മിമിക്രി (ആൺ)

രണ്ടാംസ്ഥാനം - കോളിൻ ബിനോയ് കളപ്പുരയ്ക്കൽ, മഞ്ഞക്കടവ്

4. ലളിതഗാനം (ആൺ)

രണ്ടാംസ്ഥാനം & എ ഗ്രേഡ് - ആൽബിൽ രാജു തൈവേലിക്കകത്ത് മരുതോങ്കര

5. കഥാരചന

രണ്ടാംസ്ഥാനം - ആനി ബാബു ആലപ്പാട്ടുകോട്ടയിൽ, വിലങ്ങാട്

6. മിമിക്രി (പെൺ)

രണ്ടാംസ്ഥാനം - മിൽന മാത്യു കുറുമുട്ടത്ത്, കൂരാച്ചുണ്ട്

7. പോസ്റ്റർ രചന

രണ്ടാം സ്ഥാനം& എ ഗ്രേഡ് - ലെന വിജു കരിമറ്റത്തിൽ, കുളത്തുവയൽ

8. ഫോട്ടോഗ്രഫി (പെൺ)

രണ്ടാംസ്ഥാനം - അലീന മാത്യുചെട്ടിപ്പറമ്പിൽ, കട്ടിപ്പാറ

9. മോണോആക്ട് (പെൺ)

മൂന്നാംസ്ഥാനം & എ ഗ്രേഡ് - അലോണ ജോൺസൺ പൂകമല കൂരാച്ചുണ്ട്

10. കവിതാരചന

മൂന്നാംസ്ഥാനം & എ ഗ്രേഡ് - ലയ ക്രിസ്റ്റി കൂരാപ്പള്ളിൽ, കൂരാച്ചുണ്ട്

11. നാടോടിനൃത്തം (പെൺ)

മൂന്നാംസ്ഥാനം & എ ഗ്രേഡ് - ലിയ ജോമോൻ പുതുപ്പറമ്പിൽ മരിയാപുരം

12. പത്രവാർത്ത

മൂന്നാംസ്ഥാനം & എ ഗ്രേഡ് - ജിന്റ ലൂക്ക വളവനാനിക്കൽ, ചമൽ

13. മുദ്രാവാക്യരചന

മൂന്നാംസ്ഥാനം & എ ഗ്രേഡ് - മനു ആന്റണി ചാച്ചിറയിൽ, കൂമംകുളം

ഗ്രൂപ്പ് ഇനങ്ങൾ

14. മാർഗ്ഗംകളി

രണ്ടാംസ്ഥാനം & എ ഗ്രേഡ് - അനിറ്റ ജോസ്& ടീം, കോടഞ്ചേരി

15. ഷോർട്ട് ഫിലിം

അമൽ സെബാസ്റ്റ്യൻ & ടീം, മഞ്ഞക്കടവ്

**അഭിനന്ദനങ്ങൾ, നന്ദി**

1. യുവദർശൻ ഡിജിറ്റൽ മീഡിയ സെല്ലിന്റെ വഴികാട്ടിയായി ഒപ്പമുണ്ടായിരുന്ന്, പുതിയ കർമ്മ വേദിയിലേക്ക് യാത്രയാവുന്ന പ്രിയപ്പെട്ട ഫാ. അലക്സ് പനച്ചിക്കലിന് കെസിവൈഎം താമരശ്ശേരി രൂപതയുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.
2. രാജസ്ഥാനിൽ വെച്ച് നടന്ന ദേശീയ സൈക്ലിങ് ചാമ്പ്യൻഷിപ്പിൽ ഇരട്ട സ്വർണം നേടി അഭിമാനമായ അലീന റെജി പുതുപ്പറമ്പിലിന് കെസിവൈഎം താമരശ്ശേരി രൂപതയുടെ അനുമോദനങ്ങൾ.
3. തലശ്ശേരി അതിരൂപതയുടെ നിയുക്ത ആർച്ച് ബിഷപ്പ് മാർജോസഫ് പാംപ്ലാനി പിതാവിന് ആശംസകളും പ്രാർത്ഥനകളും.

**പ്രധിഷേധങ്ങൾ**

1. ക്രൈസ്തവ വിശ്വാസത്തെ അവഹേളിക്കുകയും ക്രിസ്തുവിനെ പ്രതി സന്യാസം സ്വീകരിക്കുകയും ചെയ്തവരെ അപമാനിക്കുകയും ചെയ്യുന്ന ചിത്രങ്ങൾക്കെതിരെ ക്രൈസ്തവ പ്രതിഷേധങ്ങൾ സംഘടിതമായ ഉയരുമെന്ന് കെ സി വൈ എം എസ് എം വൈ എം താമരശ്ശേരി രൂപത പ്രഖ്യാപിച്ചു.
2. സഹപാഠിയുടെ രക്തമല്ല നന്മയുള്ള ആശയങ്ങളാണ് ക്യാമ്പസുകളിൽ തളംകെട്ടി കിടക്കേണ്ടത് എന്ന പ്രസ്താവനയുമായി കലാലയങ്ങളിലെ അക്രമ രാഷ്ട്രീയത്തെ ശക്തമായി എതിർത്തുകൊണ്ട് കെസിവൈഎം എസ് എം വൈ എം താമരശ്ശേരി രൂപത രംഗത്തെത്തി.

**അറിയിപ്പുകൾ**

1. പരീക്ഷ ഒരുക്ക സെമിനാർ ഫെബ്രുവരി 12 ന് മരിയാപുരം ഇടവകയിൽ വച്ച് പെരിന്തൽമണ്ണ മേഖലയുടെ ആതിഥേയത്വത്തിൽ നടത്തുന്നു.
2. ലീഡ് മേഖലാ സമിതി ട്രെയിനിങ് ഫെബ്രുവരി 6, 7 തീയതികളിൽ നടത്തുന്നു.
3. ലീഡ് യൂണിറ്റ് ഭാരവാഹികളുടെ നേതൃ പരിശീലനം ഫെബ്രുവരി മാസം 26, 27 തീയതികളിൽ നടത്തുന്നു.

4. പരീക്ഷയോട് അനുബന്ധിച്ച് എല്ലാ യൂണിറ്റുകളിലും 10, പ്ലസ് വൺ, പ്ലസ് ടു വിദ്യാർഥികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥനയും ആരാധനയും നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.
5. പ്രയാൺ മേഖലകളുടെ നേതൃത്വത്തിൽ നടക്കുന്ന യൂണിറ്റ് സന്ദർശനത്തിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# ഇൻഫാം

## ഇൻഫാം കർഷക ദിനം ആചരിച്ചു

കെ.സി ബി.സി പ്രഖ്യാപിച്ച കർഷ ദിനമായ ജനുവരി 15 സമുചിതമായി ആചരിച്ചു. താമരശ്ശേരി രൂപത ഇൻ ഫാമിന്റെ ആഭിമുഖ്യത്തിൽ രൂപത തല ഉത്ഘാടനം കോടഞ്ചേരി ഫൊറോന ദേവാലയത്തിൽ വച്ച് ആചരിക്കുകയും, കാർഷികമേഖലയിൽ മികവുപുലർത്തിയ പതിനെട്ടോളം കർഷകരെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു. ഈ ചടങ്ങിൽ താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര മുഖ്യാതിഥിയായിരുന്നു. ഉദ്ഘാടന പ്രസംഗത്തിൽ കർഷകൻ നാടിൻ നട്ടെല്ല് ആണെന്നും കർഷകരെ സഹായിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണെന്നും ഓർമിപ്പിച്ചു. അതിനു വേണ്ടി പ്രവർത്തിക്കുന്ന രൂപത ഇൻഫാമിന് എല്ലാവിധ പിന്തുണയും രൂപതയുടെ ഭാഗത്തുനിന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. യോഗത്തിൽ രൂപത ഇൻഫാം പ്രസിഡന്റ് അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ അധ്യക്ഷതവഹിച്ചു. കോടഞ്ചേരി ഫൊറോന വികാരി റവ. ഫാ തോമസ് നാഗപറമ്പിൽ, അസി. വികാർ ഫാ. ആൽബിൻ സ്രാമ്പിക്കൽ, ഇൻഫാം രൂപതാ സെക്രട്ടറി ബോണി ജേക്കബ് ആനത്താനത്ത്, ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ, വൈസ് പ്രസിഡന്റ് സിസിലി ചീരാം കുഴി, ഇടവക ഇൻഫാം പ്രതിനിധി മാത്യു കുമ്പപള്ളി, കർഷക പ്രതിനിധി ജോസ് പുളിക്കൽ എന്നിവർ പ്രസംഗിച്ചു.

**അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ**
രൂപതാ പ്രസിഡന്റ്, ഇൻഫാം

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# കുടുംബ പ്രേഷിതത്വം

വിവാഹാർത്ഥികൾക്കുവേണ്ടി താമരശ്ശേരി രൂപത സംഘടിപ്പിക്കുന്ന പ്രീ കാനാ കോഴ്സ് 2021 ഡിസംബർ മാസത്തിൽ 10-12 തീയതികളിലും 2022 ജനുവരി മാസത്തിൽ 7-9 തീയതികളിലും ഓൺലൈൻ ആയി നടത്തപ്പെട്ടു. ഡിസംബർ മാസത്തിൽ 123 യുവജനങ്ങളും ജനുവരി മാസത്തിൽ 85 യുവജനങ്ങളും പങ്കെടുത്തു.

ഫെബ്രുവരി മാസത്തിലും മാർച്ച് മാസത്തിലും 11,12,13 തീയതികളിൽ ഓൺലൈനായി തന്നെ കോഴ്സ് നടത്തപ്പെടുന്നതായിരിക്കും. ബുക്ക് ചെയ്യാൻ ആഗ്രഹിക്കുന്നവർ 8714031056 എന്ന നമ്പറിൽ ബന്ധപ്പെടുക.

താമരശ്ശേരി രൂപതയുടെ കുടുംബ പ്രേഷിതത്വ വിഭാഗത്തിൽ ഓഫീസ് സെക്രട്ടറിയായി എം.എസ്.എം.ഐ. സന്യാസിനി സഭാംഗമായ സി. അനുജോസ് ജനുവരി മാസം മുതൽ ചുമതലയേറ്റെടുത്തു. സി. അനുജോസിന് സ്നേഹപൂർവ്വം സ്വാഗതം ആശംസിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു.

കഴിഞ്ഞ മൂന്നുമാസക്കാലങ്ങളിൽ ഫാമിലി അപ്പോസ്തൊലേറ്റ് ഓഫീസിൽ സഹായിച്ചുകൊണ്ടിരുന്ന ബ്രദർ ക്രിസ്റ്റി പുരിയോട്ട് തന്റെ സേവന കാലാവധി പൂർത്തിയാക്കി സ്ഥലം മാറി പോയി. ബ്രദർ ക്രിസ്റ്റിക്ക് ഹൃദയപൂർവ്വം നന്ദിയർപ്പിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു. ഓഫീസിലെ സേവനത്തിനായി കടന്നുവന്ന ബ്രദർ അലൻ വെള്ളാപ്പള്ളിലിന് സ്വാഗതം ആശംസിക്കുന്നു. ഒപ്പം പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു.

**ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## പ്രോ-ലൈഫ് രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് 9-01-2022 ന് കൂടരഞ്ഞിയിൽ വച്ച് നടന്നു. യോഗ തീരുമാനങ്ങൾ

## വലിയ കുടുംബങ്ങളുടെ സംഗമം

കോവിഡിന്റെ പശ്ചാത്തലത്തിൽ രൂപത സമ്മേളനം സാധ്യമല്ലാത്തതിനാൽ

ഫൊറോന തലത്തിൽ വലിയ കുടുംബങ്ങളുടെ സംഗമം ഫൊറോനതോറും നടത്തുവാൻ തീരുമാനിച്ചു. മാതാപിതാക്കളും നാല്മക്കളിൽ പത്താംക്ലാസ്സിനു മുകളിലുള്ളവരുമാണ് സംഗമത്തിൽ പങ്കെടുക്കേണ്ടത്. സംഗമത്തിൽ പങ്കെടുക്കുന്ന കുടുംബത്തിന് 1000 രൂപ വീതം ധനസഹായം നൽകുന്നതാണ്. പങ്കെടുക്കാത്തവർക്ക് സഹായം നൽകുന്നതല്ല. വരുമ്പോൾ കുടുംബത്തിലെ അംഗങ്ങളുടെ വ്യക്തിവിവരങ്ങൾ സമ്മേളന സ്ഥലത്തെ കൗണ്ടറിലുള്ള സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ ഏല്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് നൽകാത്തവർ അക്കാര്യവും കൗൺറിൽ നൽകേണ്ടതാണ്.

### ഫൊറോന, ഇടവക ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

ഫൊറോന സംഗമത്തിൽ വച്ച് ഫൊറോനതല ഭാരവാഹികളെയും ഇടവക തല യൂണിറ്റ് ഭാരവാഹികളെയും ഓരോ ഇടവകയിൽ നിന്നും വന്ന കുടുംബങ്ങളിൽ നിന്ന് തെരഞ്ഞെടുക്കുന്നതായിരിക്കും. ഫൊറോനതല ഭാരവാഹികളായിരിക്കും രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ. ഫൊറോന, ഇടവക തല ആനിമേറ്റർ സിസ്റ്റർമാരെ രൂപതയിൽ നിന്നും നിയമിക്കുന്നതായിരിക്കും.

### പ്രോ-ലൈഫ് യൂത്ത് വീഗ്

ഫൊറോന സമ്മേളനത്തിന് വരുന്ന വലിയ കുടുംബങ്ങളിലെ പത്താംക്ലാസ്സിനുമുകളിലുള്ള മക്കളിൽ നിന്ന് ഫൊറോന തലഭാരവാഹികളെ തിരഞ്ഞെടുക്കുന്നതാണ്. ഫൊറോന ഭാരവാഹികളിൽ നിന്ന് രൂപത എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നു.

### പ്രൊ-ലൈഫ് പ്രാർത്ഥന

രൂപതയിലെ വലിയ കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ കൂടുംബപ്രാർത്ഥന എല്ലാ വെള്ളിയാഴ്ചയും രാത്രി 8 മണിക്ക് നടക്കുന്നതായിരിക്കും. എല്ലാ കുടുംബങ്ങളും ഭാരവാഹികളും നിർബന്ധമായും പ്രാർത്ഥനയിൽ പങ്കെടുക്കേണ്ടതാണ്.

ഫൊറോന തലത്തിൽ മൂന്നുമാസത്തിലൊരിക്കൽ ഫൊറോനയിലെ ഏതെങ്കിലുമൊരു ദേവാലയത്തിൽ ഒത്തുചേർന്ന് ജാഗരണ പ്രാർത്ഥന (4മണിക്കൂർ) നടത്തുക.

ഓരോ പ്രോ-ലൈഫ് പ്രവർത്തകനും മാസത്തിൽ ചുരുങ്ങിയത് 5 മണിക്കൂർ സമയം പ്രാർത്ഥനയ്ക്കും പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്കും ചിലവഴിക്കുക.

### കെ.സി.ബി.സിയുടെ നേതൃത്വത്തിലുള്ള ബോധവൽക്കരണ സെമിനാർ

മയക്കുമരുന്നുകളുടെ ഉപയോഗം, സോഷ്യൽമീഡിയായുടെ അഡിക്ഷൻ, ജീവിതവിശുദ്ധി എന്നീ വിഷയങ്ങളെ അധികരിച്ച് കെ.സി.ബി.സി. മലബാർ മേഖല പ്രൊ-ലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ രൂപതതലത്തിലും, ഇടവക തലത്തിലും സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

രൂപതയിലെ ചില പള്ളികളിൽ 8 ഉം 9 ഉം തിയ്യതികളിൽ ഇടവക തിരുനാൾ നടക്കുന്നതിനാൽ ജനുവരി 7-ാം തിയ്യതിയാണ് സെൻട്രൽ കൗൺസിൽ ചേർന്നത്.

പതിവുപോലെ ദേവഗിരി ഓസാനാം ഭവനിൽ വെച്ച് ചേർന്ന യോഗത്തിൽ രൂപതയുടെ എല്ലാ ഏരിയകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

മരുതോങ്കര ഏരിയ കൗൺസിൽ നടത്തിയ സെമിനാറിൽ ഏരിയ കൗൺസിൽ പ്രസിഡന്റ് ബ്രദർ തോമസ് പുതുക്കുളങ്ങര അദ്ധ്യക്ഷനായിരുന്നു. ഫൊറോന വികാരി പെരിയ ബഹുമാനപ്പെട്ട ജോർജ്ജ് കളത്തൂർ അച്ചൻ ഉൽഘാടനം ചെയ്തു. സെമിനാറിൽ ക്ലാസ്സ് എടുത്തത് സെൻട്രൽ കൗൺസിൽ മുൻ പ്രസിഡന്റ് ബ്രദർ തോമസ് കൊച്ചുപ്ലാക്കിലായിരുന്നു. ശ്രീമതി ചിന്നമ്മ ജോർജ്ജ് കട്ടക്കയം, ബ്രദർ സേവിയർ അറയ്ക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു.

തിരുവമ്പാടി ഏരിയ കൗൺസിൽ ചേർന്ന് സ്നേഹാലയത്തിൽ ഒരുമിച്ച് പ്രാർത്ഥിച്ചു. തിരുവമ്പാടി ഏരിയ കൗൺസിലിലെ കോൺഫ്രൻസ് പ്രസിഡന്റുമാർ എല്ലാവരും പങ്കെടുത്തിരുന്നു. വിൻസെന്റ് ഡി പോൾ വിശുദ്ധന്റെ ഒരു പ്രതിമ സ്നേഹാലയത്തിനു മുമ്പിൽ സ്ഥാപിക്കണമെന്ന ആഗ്രഹം നടപ്പിലാക്കാൻ തീരുമാനിച്ചു.

സി.സി.തലത്തിലെ മറ്റു ഏരിയ കൗൺസിലുകൾ യഥാക്രമം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി.

2 വർഷമായി നടക്കാതെ പോയ സെൻട്രൽ കൗൺസിൽ വാർഷികം 2022 മെയ് 21നു ശനിയാഴ്ച നടത്തുവാൻ തീരുമാനിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

ദീർഘനാളുകൾക്കുശേഷം മുതിർന്നവരും, യുവാക്കളും, കുട്ടികളും ഒരുമിച്ച് സോണൽ മീറ്റിംഗിൽ ഒത്തുകൂടി.

2021 ഡിസംബർ 31 ന് ഇന്ത്യയിൽ കരിസ്മാറ്റിക് മുന്നേറ്റം ആരംഭിച്ചതിന്റെ ജൂബിലി വർഷം തുടങ്ങുവാനും, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സോണൽ ആനിമേറ്റർ സൈമൺ വള്ളോപ്പിള്ളി അച്ചന്റെയും; സി. ജോയിസ് എം.എസ്.എം.ഐ. യുടെയും ജൂബിലി ആഘോഷിക്കുന്നതിനും കുന്ദമംഗലം സെന്റ് ജോസഫ് ദേവാലയത്തിൽ ഒത്തുകൂടി.

വി. കുർബ്ബാനയ്ക്കുശേഷം, മീറ്റിംഗ് ആരംഭിച്ചു. സോണൽ കോർഡിനേറ്റർ ജോൺസൻ തുണ്ടത്തിൽ എല്ലാവരേയും സ്വാഗതം ചെയ്തു. യൂത്ത് ഫോർ ക്രൈസ്റ്റ് സ്തുതി ആരാധന നടത്തി. നേതൃത്വം നൽകിയ ഷാജി അരീക്കത്തിനും ടീമിനും നന്ദി.

കരിസ്മാറ്റിക് ജൂബിലിയുടെ ആരംഭംകുറിച്ച് കെ.സി.എസ്.സി. മെമ്പർ സന്തോഷ് തളച്ചിറ സംസാരിച്ചു. ജൂബിലി വർഷത്തിൽ കുടുംബം മുഴുവനും ഒരുമിച്ച് നവീകരണത്തിൽ വരേണ്ടതിന്റെ ആവശ്യം ഊന്നിപറഞ്ഞു.

താമരശ്ശേരി രൂപതയുടെ അഭിവന്ദ്യപിതാവ് ജൂബിലി ആഘോഷത്തിൽ പങ്കെടുത്തത് വലിയ അനുഗ്രഹമായിരുന്നു. ക്രിസ്റ്റീൻ കുട്ടികളുടെ മത്സരവിജയികൾക്ക് പിതാവ് സമ്മാനങ്ങൾ നൽകി. കെ.എസ്.ടി. ചെയർമാനായും, ഇപ്പോൾ സോണൽ ആനിമേറ്ററായുമുള്ള സൈമണച്ചന്റെ സേവനം സഭക്ക് വലിയ അനുഗ്രഹവും മുതൽകൂട്ടുമാണെന്നും, സിസ്റ്റർ ആനിമേറ്റർ ബഹു. ജോയിസ് MSMI യുടെ സേവനം ഓർമ്മിക്കേണ്ടതാണെന്നും പിതാവ് അഭിപ്രായപ്പെട്ടു.

മനോഹരമായി ജൂബിലി ഗാനം ആലപിച്ച സിസ്റ്റേഴ്സിനും, ക്രിസ്റ്റീൻ ടീമിനെ ഒരുക്കിയ ബെന്നിച്ചൻ സാറിനും, ജനീഷ് സാറിനും, സി. ലിനി MSMI., സി. മാർഗ്ഗറ്റ് SFN നും പ്രത്യേകം അഭിനന്ദനങ്ങൾ. ആശംസ പ്രസംഗം നടത്തിയ ജോർജ്ജുകുട്ടി കളത്തൂർ അച്ചനും, ജോസഫ് കളത്തിലച്ചനും മറ്റെല്ലാവർക്കും പ്രത്യേകം നന്ദി.

വലിയ പ്രതിസന്ധിയ്ക്കിടയിലും പ്രത്യാശപകരാനും, സ്നേഹം പങ്കുവെയ്ക്കുവാനും പ്രോത്സാഹിപ്പിക്കുവാനും സോണൽ മീറ്റിംഗ് കാരണമായി. സൈമണച്ചൻ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ജീവജ്വാല വരിക്കാരെ ചേർക്കുന്നവർക്ക് ഓരോ കോപ്പിക്കും നൂറുരൂപാവീതം സംഭാവന നൽകി. ഭക്ഷണത്തിനും ഫോട്ടോയ്ക്കും ശേഷം എല്ലാവരും മടങ്ങി.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

## 2022-വർഷാരംഭം -101 മണിക്കൂർ ആരാധന

2022 ൽ ബഥാനിയായിൽ നടത്തപ്പെടേണ്ട എല്ലാ ശുശ്രൂഷകളെയും സമർപ്പിച്ച് 2022 ജനുവരി 1-ാം തീയതി മുതൽ 5-ാം തീയതി വരെ 101 മണിക്കൂർ ദിവ്യകാരുണ്യ ആരാധനയും അഖണ്ഡ ജപമാലയും നടത്തി. ബഥാനിയായുടെ എല്ലാ ശുശ്രൂഷകരെയും പങ്കെടുപ്പിച്ചുകൊണ്ടുനടത്തിയ 101 മണിക്കൂർ ആരാധന 5-ാം തീയതി ഉച്ചക്ക് 12 മണിക്ക് അർപ്പിച്ച വി.കുർബ്ബാനയോടെ അവസാനിച്ചു.

## ജീവിതവിശുദ്ധീകരണ ധ്യാനം

2022 ജനുവരി 7 മുതൽ 10 വരെയുള്ള തീയിതികളിലായി ബഥാനിയായിൽ വിശുദ്ധീകരണ ധ്യാനം നടത്തപ്പെട്ടു. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് നടത്തിയ ധ്യാനത്തിൽ നിരവധി ആളുകൾ പങ്കെടുത്തു. ആത്മീയമായും മാനസികമായും ശാരീരികമായും വേദനിക്കുന്ന ആളുകൾക്ക് ആത്മീയ അഭിഷേകത്തിനും സൗകര്യത്തിനും കരണമായി. ധ്യാനത്തിന് ബഥാനിയ ടീം നേതൃത്വം നൽകി.

## ഏകദിന കൺവെൻഷൻ

2022 ജനുവരി മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടത്തപ്പെട്ടു. രാവിലെ 9.30ന് ആരംഭിക്കുന്ന ശുശ്രൂഷ ഉച്ചക്ക് 2 മണിക്ക് നേർച്ചഭക്ഷണത്തോടെ സമാപിക്കുന്നു. അനേക ദൈവമക്കൾക്ക് ആശ്വാസമാകുന്ന ഈ ശുശ്രൂഷയിൽ ജപമാല, സ്തുതി ആരാധന, വിടുതൽ ശുശ്രൂഷ, വി.കുർബ്ബാന, വചന ശുശ്രൂഷ, സൗഖ്യാരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ശുശ്രൂഷകൾക്ക് ബഥാനിയ ടീം നേതൃത്വം നൽകി.

## സ്പിരിച്വൽ ഷെയറിംഗ്

മാനസികമായി സംഘർഷം അനുഭവിക്കുന്ന ആളുകൾക്കുവേണ്ടി വരദാനങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആത്മീയ ഉപദേശം നൽകുന്നു. കൺവെൻഷൻ ദിവസങ്ങളിലും ധാരാളം ആളുകൾ സ്പിരിച്വൽ ഷെയറിംഗിനായി കടന്നുവരന്നു.

## മധ്യസ്ഥ പ്രാർത്ഥന

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി വിവിധ ആവശ്യങ്ങൾക്കായി സമർപ്പിക്കപ്പെടുന്ന നിയോഗങ്ങൾക്കായി ബഥാനിയ ടീം എല്ലാദിവസവും മധ്യസ്ഥ പ്രാർത്ഥന നടത്തുന്നു.

### നന്ദി

2021 ഓഗസ്റ്റ് മുതൽ 2021 ഡിസംബർ വരെ ബഥാനിയായിൽ റീജൻസി ശുശ്രൂഷ ചെയ്ത ബ്ര. സാവിയോ മലബേൽന് ബഥാനിയ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനയും പുതിയ സ്ഥലത്ത് എല്ലാവിജയാശംസകളും നേരുന്നു.

### സ്വാഗതം

2022 ജനുവരി മുതൽ റീജൻസിക്കായി കടന്നുവന്നിരിക്കുന്ന ബ്ര. അലൻ പോത്തനാമൂഴിക്കും 2022 ജനുവരി 22-ാം തീയതി മുതൽ ബഥാനിയായിൽ ശുശ്രൂഷക്കായ് റവ. ഫാ. ജോയൽ വരിക്കാനിക്കൽ അച്ചനും ബഥാനിയാ കുടുംബത്തിന്റെ സ്വാഗതവും പ്രാർത്ഥനാമംഗളങ്ങളും നേരുന്നു.

### 2022 ഫെബ്രുവരി മാസത്തെ ശുശ്രൂഷകൾ

04 ആദ്യവെള്ളി — ഏകദിന കൺവെൻഷൻ

05 ശനി — 101 മണിക്കൂർ ആരാധന
(ആദ്യശനി രാവിലെ 7 മണി മുതൽ 4-ാം തിയ്യതി ബുധൻ ഉച്ചയ്ക്ക് 12 മണി വരെ)

11 വെള്ളി — ഏകദിന കൺവെൻഷൻ
ജീവിത വിശുദ്ധീകരണ ധ്യാനം (11-14)

18 വെള്ളി — ഏകദിന കൺവെൻഷൻ

25 വെള്ളി — ഏകദിന കൺവെൻഷൻ
ജീവിത വിശുദ്ധീകരണ ധ്യാനം (25-28)

28 തിങ്കൾ — വലിയ നോമ്പാരംഭം

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## ക്രിസ്തുമസ്ദിന ആഘോഷം നടത്തി സി.ഒ.ഡി.

സി.ഒ.ഡി.സ്റ്റാഫിന്റെ പങ്കാളിത്തത്തോടെ ക്രിസ്തുമസ്ദിനആഘോഷം നടത്തി. സി.ഒ.ഡി.യുടെ പ്രസിഡന്റ് റവ. ഫാ. ജോൺ ഒറവുങ്കര ക്രിസ്തുമസ്സന്ദേശം നല്കുകയും കേക്ക്മുറിച്ചുകൊണ്ട് ആഘോഷ പരിപാടിക്കു തുടക്കംകുറിച്ചു. സ്റ്റാർഹെൽത്ത് ഇൻഷൂറൻസ് ബ്രാഞ്ച് മാനേജർ ശ്രീ നിതീഷ് കുമാർ ആഘോഷപരിപാടിയിൽ സാന്നിധ്യമറിയിച്ചു. തുടര്ന്നു ക്രിസ്തുമസ്ഫ്രണ്ടു കൈമാറി. എല്ലാ സ്റ്റാഫിനും സിഒഡി ക്രിസ്തുമസ് കേക്ക് സമ്മാനിക്കുകയും ചെയ്തു.

## ജി.വി.എസുകളിൽ ന്യൂഇയർ ആഘോഷംനടത്തി

സി.ഒ.ഡി. ഏരിയകോഡിനേറ്ററുടെ നേതൃത്വത്തിൽ വിവിധ ജി. വി. എസുകളിലും, MCC തലത്തിലും, SHG തലത്തിലും ന്യൂഇയർ ആഘോഷംനടത്തുകയും കേക്ക്മുറിക്കുകയും ചെയ്തു.

## കേക്ക് വിതരണംനടത്തി

ആശാകിരണവുമായിബന്ധപ്പെട്ട വിവിധ ജി. വി.എസുകളിലെ മന്നകിറ്റ് ലഭിക്കുന്ന ഗുണഭോക്താക്കളുടെ ഭവനം സന്ദർശിച്ചു കേക്ക്വിതരണം നടത്തുകയും ക്രിസ്മസ്പുതുവത്സര ആശംസകൾ നേരുകയും ചെയ്തു.

## ചെറുകിടകർഷകർക്കായുള്ളലോണ്വിതരണംനടത്തി

താമരശ്ശേരി: ഭക്ഷ്യവിളകളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനും ചെറുകിടകർഷകരെ സംരക്ഷിക്കുന്നതിനും കാനറാബാങ്ക് താമരശ്ശേരിയുടെ സഹകരണത്തോടെ സിഒഡി ആരംഭിച്ച വായ്പ പദ്ധതിയുടെ ഭാഗമായി 79 ജെല്ജികളിലെ 316 കർഷകർക്കായ് വായ്പാവിതരണം നടത്തി. സിഒഡി ഡയറക്ടർ ഫാ. ജോർജ്ജ് ചെമ്പരത്തിക്കലിന്റെ സാന്നിധ്യത്തിൽ പശുക്കടവ്, പുല്ലൂരാംപാറ, കൂടരഞ്ഞി, കണ്ണോം, കുണ്ടുതോട് എന്നിവിടങ്ങളിലെ കർഷകർക്കാണ് വായ്പ വിതരണം ചെയ്തത്.

## ലൈഫ് സ്കിൽ ട്രെയിനിങ്നടത്തി

താമരശശേശരി : ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന് കീഴില് സിഒഡി താമരശ്ശേരി നടപ്പാക്കിവരുന്ന കാവൽ പദ്ധതിയിൽ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കായി പരിശീലനംനടത്തി. നിത്യജീവിതത്തിലെ പ്രശ്നങ്ങൾ എങ്ങനെ നല്ലരീതിയിൽ കൈകാര്യം ചെയ്യും എന്ന വിഷയത്തിൽ പരിശീലനം നടത്തി. പരിശീലനപരിപാടിയിൽ കാവൽ പദ്ധതി കോർഡിനേറ്റർ കേസ്വർക്കർഎന്നിവർ നേതൃത്വം നല്കി.

**ഫാ. ജോർജ്ജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# മലബാർ ലേബർ മൂവ്മെന്റ്

KCBC യുടെ നേതൃത്വത്തിൽ അസംഘടിതരായ തൊഴിലാളികൾക്കു വേണ്ടി നിലകൊള്ളുന്ന സംഘടനയാണ് കേരള ലേബർ മൂവ്മെന്റ് (KLM). KLM ന്റെ ക്ഷേമ പദ്ധതികൾ താമരശ്ശേരി രൂപതയിൽ മലബാർ ലേബർ മൂവ്മെന്റ് (MLM) എന്ന പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ട്രസ്റ്റ് വഴിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

കേന്ദ്രഗവൺമെന്റിന്റെ സ്വാവലംബൻ പദ്ധതി, കേരള സർക്കാറിന്റെ വിവിധ ക്ഷേമ പദ്ധതികൾ, വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ്, മരണമടയുന്ന അംഗങ്ങൾക്കായുള്ള സുരക്ഷ പദ്ധതി, ദേവാലയ ശുശ്രൂഷികൾക്കായുള്ള പ്രൊവിഡൻഡ് ഫണ്ട് തുടങ്ങിയ പദ്ധതികൾ രൂപതയിൽ മലബാർ ലേബർ മൂവ്മെന്റ് വഴി നടപ്പിൽ വരുത്തുന്ന പദ്ധതികളാണ്. നിലവിൽ അംഗങ്ങൾക്ക് ഏറെ ഗുണപ്രദമായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികളിലേക്ക് പുതിയതായി അംഗങ്ങളെ ചേർക്കുന്നതിനും ഇപ്പോൾ അവസരം ഉണ്ടായിരിക്കുന്നതാണ്.

എം .എൽ .എം നടപ്പിലാക്കിയ സ്വാവലംബൻ പദ്ധതിയിൽ അംഗമായവരുടെയും തയ്യൽ തൊഴിലാളി , ചെറുകിട തോട്ടം തൊഴിലാളി , നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ, സുരക്ഷാ നിധിയിൽ (മരണാനന്തര സഹായനിധി ) അംഗമായവരുടെയും 2021 –2022 വർഷത്തെ അംശദായം ഇപ്പോൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. അംശദായം അടക്കാനുള്ള അവസാന തീയതി 20/02/2022 വരെയാണ്.

കേന്ദ്രഗവൺമെന്റിന്റെ സ്വാവലംബൻ പദ്ധതിയിൽ അംഗമായിട്ടുള്ള 60 വയസ്സ് കഴിഞ്ഞിട്ടുള്ള വ്യക്തികൾക്ക് സ്വാവലംബൻ പദ്ധതി വിഹിതം തിരികെ ലഭിക്കുന്നതിന് വേണ്ട അപേക്ഷകൾ സ്വീകരിക്കുവാൻ തുടങ്ങിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9744342000

**ഫാ. ജയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ, മലബാർ ലേബർ മൂവ്മെന്റ്

# ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി

ഈ വർഷം +2 പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് +2 വിന് ശേഷം നഴ്സിംഗ് പാരാമെഡിക്കൽ കോഴ്സുകളിലേക്ക് അഡ്മിഷന് വേണ്ടി LDS ഓഫീസിൽ നേരത്തേ ബുക്ക് ചെയ്യാവുന്നതാണ്. കഴിഞ്ഞ വർഷം അഡ്മിഷൻ കിട്ടാത്ത കുട്ടികൾക്കും താമരശ്ശേരി LDS ഓഫീസിൽ വന്ന് പേര് രജിസ്റ്റർ ചെയ്യാൻ സൗകര്യം ഉണ്ടായിരിക്കും.

**ഫാ. ജയ്സൺ കാരക്കുന്നേൽ**
ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി



# യേശുനിധി

21.12.2021 മുതൽ 20.01.2022 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Chakkittappara | 20,000.00 |
| 2 | Chempanoda | 20,000.00 |
| 3 | Kalikavu | 20,000.00 |
| 4 | Koorachundu | 8,000.00 |
| 5 | Manjeri | 20,000.00 |
| 6 | Poovaramthode | 20,000.00 |
| 7 | Pulloorampara | 20,000.00 |
| 8 | Pushpagiri | 20,000.00 |

**Home**

| | | |
|---|---|---|
| 9 | Chempanoda | 10,000.00 |
| 10 | Kakkavayal | 10,000.00 |
| 11 | Kallanode | 10,000.00 |
| 12 | Kattipara | 10,000.00 |
| 13 | Thekkumkutty | 10,000.00 |

**Medical**

| | | |
|---|---|---|
| 14 | Anackampoil | 10,000.00 |
| 15 | Chappanthottam | 10,000.00 |
| 16 | Chempanoda | 10,000.00 |
| 17 | Chempanoda | 15,000.00 |
| 18 | Kallanode | 10,000.00 |
| 19 | Kattipara | 10,000.00 |
| 20 | Kodanchery | 12,000.00 |
| 21 | Kondotty | 15,000.00 |
| 22 | Koorachundu | 8,000.00 |
| 23 | Kuppayakode | 8,000.00 |
| 24 | Kuppayakode | 8,000.00 |
| 25 | Nooramthode | 10,000.00 |

**Marriage**

| | | |
|---|---|---|
| 26 | East Hill | 20,000.00 |
| 27 | Thamarassery | 15,000.00 |
| 28 | Thekkumkutty | 15,000.00 |
| | **Total** | **3,74,000.00** |

**ഫാ. മാത്യു പുളിമൂട്ടിൽ**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## ജനുവരി

1 രാവിലെ, തോട്ടുമുക്കം ഇടവക ദൈവാലയത്തിൽ പരേതനായ ജോസ് പനയ്ക്കലിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു.

കോടഞ്ചേരി ഇടവക ദൈവാലയത്തിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി വൈദികപരിശീലനം പൂർത്തിയാക്കിയ ഡീക്കൻ തോമസ് പുലയംപറമ്പിലിന് പൗരോഹിത്യപട്ടം നൽകി.

ഉച്ചകഴിഞ്ഞ്, മാനന്തവാടിയിലെ കല്ലോടി ഫൊറോനാ എ.കെ.സി.സി. പ്രതിനിധികളുടെ മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു.

പുതിയിടംകുന്ന് ഇടവക ദൈവാലയ തിരുന്നാൾ ദിനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു.

2 ഉച്ചകഴിഞ്ഞ്, കെ.സി.വൈ.എം ന്റെ പുതിയ രൂപതാഭാരവാഹികളെ രൂപതാഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, ഓൺലൈനായി നടന്ന ഇൻഫാമിന്റെ പ്രവർത്തനസമിതി മീറ്റിംഗിൽ പങ്കെടുത്തു.

3 ഉച്ചകഴിഞ്ഞ്, പുല്ലാഞ്ഞിമേട്ടിൽ നിർമ്മാണം പൂർത്തിയായ രൂപതയുടെ സീനിയർ കെയർ ഹോം സംരംഭമായ ഒയാസിസിന്റെ വെഞ്ചരിപ്പും, കപ്പേളയുടെ കൂദാശാ കർമ്മവും നിർവ്വഹിച്ചു.

വൈകുന്നേരം, രൂപതാ മതബോധനകേന്ദ്രം ഓൺലൈനായി സംഘടിപ്പിച്ച പ്രധാനാദ്ധ്യാപകരുടെ മീറ്റിങ്ങിൽ സംബന്ധിച്ചു.

4 ഉച്ചകഴിഞ്ഞ്, തിരുവമ്പാടി അൽഫോൻസ കോളേജിൽ അക്രെഡിറ്റേഷൻ കിട്ടുന്നത് സംബന്ധിച്ച പ്രവർത്തന പുരോഗതി വിലയിരുത്തുന്ന മീറ്റിങ്ങിൽ സംബന്ധിച്ചു.

5 രാവിലെ, പുതുപ്പാടി ഇടവക ദൈവാലയത്തിൽ ഫിലിപ്പ് നേരി സന്യാസിനീ സമൂഹത്തിലെ ഏതാനും അർഥിനികളുടെ പ്രഥമ വ്രതവാഗ്ദാന കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

ഉച്ചകഴിഞ്ഞ്, ചക്കിട്ടപാറയിൽ ഇടവക നിർമ്മിച്ചു നൽകിയ മൂന്ന് ഭവനങ്ങളുടെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. തുടർന്ന് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പുതിയ ഓഫീസ് വെഞ്ചരിച്ചു.

കല്ലാനോട് ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

6 പൂങ്കുന്നത്ത് കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തി.

7-15 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സഭാ മെത്രാന്മാരുടെ സിനഡ് നടന്നു.

17 വൈകുന്നേരം, ഈ വർഷം രൂപതയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ച നവവൈദികരെ രൂപതാഭവനിൽ സ്വാഗതം ചെയ്ത് ആശംസാ മീറ്റിംഗിൽ സംബന്ധിച്ചു.

20 രാവിലെ, കല്ലാനോട് ചാരിറ്റി ഓഫ് നസ്രത്ത് സന്ന്യാസിനീ സമൂഹത്തിന്റെ പുതിയ ഭവനത്തിന്റെ വെഞ്ചരിപ്പ് നടത്തി, കപ്പേള കൂദാശ ചെയ്ത് വിശുദ്ധ കുർബാനയർപ്പിച്ചു.

വൈകുന്നേരം, ചേവരമ്പലം സെന്റ് തോമസ് അക്കാദമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംങ്ങിന്റെ (സ്റ്റാർട്ട്) ഡയറക്ടർ മോൺ. ആന്റണി കൊഴുവനാലച്ചന്റെ പൗരോഹിത്യ സുവർണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

21 രാവിലെ, രൂപതാഭവനിൽ സെന്റ് തോമസ് അക്കാദമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംങ്ങിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

വൈകുന്നേരം, രൂപതാഭവനിൽ നടന്ന ഇൻഫാമിന്റെ എക്സിക്യൂട്ടിവ് മീറ്റിംങ്ങിൽ പങ്കെടുത്തു.

22 രാവിലെ, രൂപതാഭവനിൽ സെന്റ് തോമസ് അക്കാദമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംങ്ങിന്റെ ട്രസ്റ്റ് അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുത്തു.

23 വൈകുന്നേരം, വി. ഫ്രാൻസിസ് സാലസിന്റെ തിരുനാളിനോടനുബന്ധിച്ച് എം.എസ്.എഫ്.എസ്. മൈനർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾക്കായി മൈനർ സെമിനാരി കപ്പേളയിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

24-26 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾക്കായി ക്ലാസെടുത്തു.

28 രാവിലെ, കല്ലാനോട് ഇടവക ദൈവാലയത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും തിരുനാൾ കൊടിയേറ്റും നടത്തി, വി. കുർബാനയർപ്പിച്ചു. തുടർന്ന് സിമിത്തേരിയിൽ പുതിയതായി പണികഴിപ്പിച്ച കല്ലറകളുടെ വെഞ്ചരിപ്പ് നടത്തി.



# Pope Francis

## On Family



**1. The family prays**

After all, prayer seems to be something personal, and besides there is never a good time, a moment of peace… Yes, all that is true enough, but it is also a matter of humility, of realizing that we need God… all of us! We need his help, his strength, his blessing, his mercy, his forgiveness. And we need simplicity to pray as a family: simplicity is necessary! Praying the Our Father together, around the table, is not something extraordinary: it's easy. And praying the Rosary together, as a family, is very beautiful and a source of great strength! And also praying for one another! The husband for his wife, the wife for her husband, both together for their children, the children for their grandparents….praying for each other. This is what it means to pray in the family and it is what makes the family strong: prayer.

**2. The family keeps the faith**

We all know that families, especially young families, are often "racing" from one place to another, with lots to do. But did you ever think that this "racing" could also be the race of faith? Christian families are missionary families. …They are missionary in everyday life, in their doing everyday things, as they bring to everything the salt and the leaven of faith! Keeping the faith in families and bringing to everyday things the salt and the leaven of faith.

**3. The family experiences joy**

Dear families, you know very well that the true joy which we experience in the family is not superficial; it does not come from material objects, from the fact that everything seems to be going well… True joy comes from a profound harmony between persons, something which we all feel in our hearts and which makes us experience the beauty of togetherness, of mutual support along life's journey. But the basis of this feeling of deep joy is the presence of God, the presence of God in the family and his love, which is welcoming, merciful, and respectful towards all. And above all, a love which is patient: patience is a virtue of God and he teaches us how to cultivate it in family life, how to be patient, and lovingly so, with each other. To be patient among ourselves. A patient love.

Dear families, always live in faith and simplicity, like the Holy Family of Nazareth! The joy and peace of the Lord be always with you!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 31-01-2022 |



രോഗീദിനം
(ഫെബ്രുവരി 11)

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 24, issue 02, February 2022, Pages 93.